# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 20

മാസിക : എറണാകുളം കരയോഗത്തിൻെറ മുഖപത്രം

Pages - 48

വാല്യം - 6 ലക്കം - 6 മിഥുനം- 1188 ജൂലൈ - 2013



# 88-ാം വാർഷിക പൊതുയോഗം - 2013






എറണാകുളം കരയോഗത്തിന്റെ 88-ാം വാർഷികപൊതുയോഗം 30-06-2013ന് ടി.ഡി.എം. ഹാളിൽ കൂടുകയുണ്ടായി. 5 കോടി 78 ലക്ഷത്തിലധികം രൂപയുടെ ബഡ്ജറ്റാണ് 2013 -14 ലെ പൊതുയോഗം അംഗീകരിച്ചിട്ടുള്ളത്. കരയോഗത്തിൻെറ ജീവകാരുണ്യ, സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഇതിൽ നല്ലൊരു ശതമാനം മാറ്റി വയ്ക്കുന്നതോടൊപ്പം കരയോഗം ഡി.എച്ച്.റോഡിലുള്ള കെട്ടിടത്തിൻെറ നവീകരണപ്രവർത്തനങ്ങൾ, ടി.ഡി.എം. ഹാൾ എൻട്രൻസിൻെറ നവീകരണം, പ്രസൻേറഷൻ ഹാൾ, പാലാരിവട്ടം പ്രശാന്തി കെട്ടിടത്തിൻെറ 3-ാം നിലയുടെ നിർമ്മാണം, സൗരോർജ്ജ പദ്ധതി, മറ്റു ദൈനം ദിന കാര്യങ്ങൾ എന്നിവയ്ക്കായിട്ടാണ് ഈ തുക നീക്കിവച്ചിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം മുതൽ കരയോഗം അംഗങ്ങളുടെയോ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമുദായാംഗങ്ങളുടെയോ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റും പൂർണ്ണ ചിലവുകൾ നൽകി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ ഹീമോ ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്നു വിതരണം, ഹൃദയശസ്ത്രക്രിയ, നിർധനരായവർക്ക് വിവാഹ ധനസഹായം, ഹോമിയോ അലോപ്പതി മരുന്നു വിതരണം, പ്രതിമാസ പെൻഷൻ, പാലിയേറ്റീവ് കെയർ, ആദ്ധ്യാത്മികം, സാംസ്ക്കാരികം എന്നീ പ്രവർത്തനങ്ങൾക്കായി നല്ലൊരു തുക നീക്കി വച്ചിട്ടുണ്ട്. കരയോഗത്തിൻെറ എല്ലാപ്രവർത്തനങ്ങളിലും നിങ്ങളുടെ എല്ലാവരുടെയും സഹായ സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

കരയോഗം പ്രസിഡണ്ട് കെ.പി.കെ. മേനോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ(വേണു) കരയോഗം ഭരണറിപ്പോർട്ടും, അടുത്ത വർഷത്തേക്കുള്ള പ്രവർത്തന റിപ്പോർട്ടും യോഗത്തിൽ അവതരിപ്പിച്ചു. കരയോഗം ട്രഷറർ കെ.ടി. മോഹനൻ 2012-2013 ലെ വരവ് ചിലവ് കണക്കുകളും 2013-2014 ലേക്കുള്ള കരട് ബഡ്ജറ്റും യോഗത്തിൽ അവതരിപ്പിച്ചു. വാർഷിക പൊതുയോഗത്തിൽ അഡ്വ. എം.ആർ. രാജേന്ദ്രൻ നായർ, പ്രൊഫ. സി. ബാലകൃഷ്ണൻ, അഡ്വ. എസ്. മാധവൻ നായർ, വി. തമ്പി, പദ്മനാഭൻ. യു, ശ്രീകുമാർ, അരവിന്ദൻ, എസ്. രാജേന്ദ്രൻ നായർ, കൃഷ്ണമേനോൻ എന്നിവർ സംസാരിച്ചു. വൈസ് പ്രസിഡണ്ട് ആലപ്പാട്ട് മുരളീധരൻ കൃതജ്ഞത രേഖപ്പെടുത്തി.

വാല്യം 6 ❖ ലക്കം - 6 ❖ ജൂലൈ - 2013

## ഉള്ളടക്കം

എഡിറ്റോറിയൽ
ക്ഷേത്രങ്ങളിലൂടെ
ജനറൽസെക്രട്ടറിയുടെ പംക്തി
വ്യക്തിവിശേഷം
സുഭാഷിതം
വാസ്തു സംബന്ധമായ...
എൽഡർ സിറ്റിസൺസ് ഫോറം
വിശേഷദിവസങ്ങൾ
ദേശഭക്തനായ ഹിന്ദു സന്യാസി
സ്വാമി വിവേകാനന്ദൻ നവഭാരത ശില്പി
സംസ്കൃത പാഠം
നമ്മുടെ ആചാരങ്ങൾ
സ്ത്രീ സമാജം
ഭാരതീയ നവോത്ഥാനത്തിന് വഴിതെളിച്ച .....
പാചകപംക്തി
ആദരാഞ്ജലി
സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം
രാമായണമാസാചരണം
ശ്രീവിദ്യാധിരാജ മാഹാത്മ്യം
മഴക്കാല രോഗങ്ങൾ
ചാരിറ്റി പ്രവർത്തനം
വിമൺസ് ഫോറം
ശ്രീനാരദമഹർഷി
രാഗപരിചയം
അന്നം ഹി ഔഷധം
മൗനനൊമ്പരങ്ങൾ
കവിത
നക്ഷത്രഫലം
മാംഗല്യം

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിററർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിററർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**കെ. ആർ. സുധാകരൻപിള്ള**

# എഡിറ്റോറിയൽ...

## തീവ്രവാദം

ഒരു ചെറിയ ഇടവേളയ്ക്കു ശേഷം കേരളത്തിൽ വീണ്ടും തീവ്രവാദ പ്രസ്ഥാനങ്ങൾ തലപൊക്കിയിരിക്കുന്നു. കണ്ണൂരിൽ മാറാത്ത് എന്ന സ്ഥലത്ത്, തീവ്രവാദ ക്യാമ്പിൽ പരിശീലനം നല്കിക്കൊണ്ടിരുന്നവരും, പരിശീലനം നേടിക്കൊണ്ടിരുന്നവരുമായ 21 എൻ.ഡി.എഫ് പ്രവർത്തകരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഏപ്രിൽ 24 ന് അറസ്റ്റ് ചെയ്ത ഇവരിൽ നിന്നും, വിവിധയിനം ബോംബ് നിർമ്മാണ സാമഗ്രികളും, ഇറാനിലേയ്ക്കു കടക്കാനുള്ള തിരിച്ചറിയൽ കാർഡുകളും കണ്ടെടുത്തു. ഇവരുടെ സാമ്പത്തിക ഉറവിടങ്ങളെക്കുറിച്ചുള്ള ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്ത് വന്നിരിക്കുന്നത്. വിദേശത്തു നിന്നും വൻതോതിലാണ് ഇവരുടെ അക്കൗണ്ടുകളിലേയ്ക്കു പണം വന്നിട്ടുള്ളത്. ഇന്ത്യയിലും, വിദേശത്തുമുള്ള ചില ബാങ്കുകൾ വഴിയാണ് പണമിടപാടുകൾ നടന്നിട്ടുള്ളത്.

ദേശീയ സുരക്ഷയ്ക്കു തന്നെ ഭീഷണി ആയേക്കാവുന്ന വിധത്തിൽ ഉഗ്രശേഷിയുള്ള ബോംബുകൾ, വിവിധയിനം ആയുധങ്ങൾ, വിദേശകറൻസികൾ, സി.ഡികൾ തുടങ്ങിയവയും പിടിച്ചെടുത്തവയിൽ ഉൾപ്പെടുന്നു. സി.ഡി.കൾ ലൗജിഹാദും മതപരിവർത്തനവും നടത്തുന്നതിനെക്കുറിച്ചുള്ളവയാണ്. പട്ടാളക്കാർ ശത്രു സൈന്യത്തെ നേരിടുന്നതിനു വേണ്ടി ഡമ്മി പരിശീലനം നടത്തുന്നതു പോലെ തടി കൊണ്ടുള്ള ആൾ രൂപം ഉണ്ടാക്കി വെച്ചായിരുന്നു ആയുധ പരിശീലനം നടത്തിയിരുന്നത്. ഇത് നാറാത്ത് പിടിക്കപ്പെട്ട ഒരു ക്യാമ്പിലെ വിവരങ്ങളാണ്. പോലീസ് ഭാഷ്യമനുസരിച്ച് കണ്ണൂരിൽ പത്തിടത്തെങ്കിലും ഇതു പോലെയുള്ള ആയുധ പരിശീലനങ്ങൾ നടക്കുന്നുണ്ട്.ഇവയെല്ലാം സന്നദ്ധസംഘടനകളുടെ ലേബലിലാണ് താനും പ്രവർത്തിക്കുന്നത്.

അടുത്തിടെയായി ഭാരതത്തിൽ എവിടെ തീവ്രവാദി ആക്രമണം ഉണ്ടായാലും, അതിലെല്ലാം മലയാളി സാന്നിദ്ധ്യം ഉണ്ട് എന്നതാണ് നമ്മെ ഏറെ ചിന്താകുലരാക്കുന്നത്. അതായത് ഇന്ത്യയിൽ ഇന്ന് നടന്നു കൊണ്ടിരിക്കുന്ന ദേശവിരുദ്ധപ്രവർത്തനങ്ങളുടെയും, തീവ്രവാദ പ്രസ്ഥാനങ്ങളുടെയും എല്ലാം വേരുകൾ കേരളത്തിലാണ് എന്ന്. അങ്ങനെ ആണെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽതന്നെ അവ അമർച്ച ചെയ്യാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.മതപഠനത്തിന്റെ പേരിലോ, രാഷ്ട്രീയ പ്രവർത്തനത്തിന്റെ പേരിലോ, സന്നദ്ധസംഘടനകളുടെപേരിലോ, ഏതിന്റെ പേരിലായാലും ശരി, വൈദേശിക സഹായം സ്വീകരിക്കുന്നതും, വൈദേശിക ബന്ധങ്ങളിലേർപ്പെടുന്നതും കർക്കശമായി തന്നെ നിരീക്ഷിക്കേണ്ടതാണ്, നിയന്ത്രിക്കേണ്ടതാണ്.

നിരപരാധികളായ സാധാരണ ജനങ്ങളുടെ ജീവൻ അപകടത്തിൽ പെടുത്തുന്ന വിധ്വംസകപ്രവർത്തകരെയും, രാജ്യസുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്ന വിഘടന വാദികളെയും, ശക്തമായരീതിയിൽ തന്നെ നേരിടണം, ഉന്മൂലനം ചെയ്യണം. കൊലയാളികളെയും, രാജ്യദ്രോഹികളെയും നേരിടുമ്പോൾ മനുഷ്യത്വവും, മാന്യതയും പാലിക്കേണ്ടതില്ലല്ലൊ? നമുക്ക് പ്രധാനം നമ്മുടെ രാഷ്ട്രമാണ് അതിന്റെ നിലനില്പാണ് (അല്ലാതെ ഏതെങ്കിലും ഒരു മതമല്ല) അതിനെ അപകടപ്പെടുത്തുവാൻ ആരെയും അനുവദിക്കരുത്. ഒരു സർക്കാരിന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം അതായിരിക്കണം അതായിരിക്കട്ടെ.

**കെ.പി. കൃഷ്ണമേനോൻ**
മാനേജിങ്ങ് എഡിറ്റർ

# വടക്കുംനാഥ ക്ഷേത്രം



സഹസ്രാബ്ദങ്ങൾക്ക് മുന്നേ ദേവ ഋഷികൾ പൂജ നടത്തിയിരുന്ന ക്ഷേത്രത്തിൽ വരും നൂറ്റാണ്ടുകളിലെയ്ക്കുള്ള പൂജയും ഉത്സവാഘോഷ ചടങ്ങുകളും ദേവന്മാർ നടത്തിയിട്ടുണ്ടെന്നും, അതിനാലാണ് ഇവിടെ ധ്വജപ്രതിഷ്ഠയും, ഉത്സവങ്ങളും ഇല്ലാത്തതെന്നും വിശ്വാസികൾ പറയുന്നു. ധ്വജപ്രതിഷ്ഠ ഇല്ലായെങ്കിലും ബലിക്കല്ലുകൾ ഉണ്ട്. പക്ഷെ ബലിക്കൽപുരകൾ ഇല്ല. വൃത്താകൃതിയിൽ പണിത് ചെമ്പുമേഞ്ഞ ശ്രീകോവിലുകളും, അതിഭയങ്കരമായ നാലമ്പലവും, അവയ്ക്കു പുറമേ തടിയിൽ തീർത്ത വിളക്കു മാടങ്ങളും ഇന്നൊരതിശയമാണ്. കേരളത്തിലെ ഏറ്റവും വിസ്തൃതിയുള്ള ക്ഷേത്രതിരുമുറ്റത്ത്, കേരളത്തിലെ ഏറ്റവും വലുപ്പമുള്ള കൂത്തമ്പലം സ്ഥിതി ചെയ്യുന്നു. ഇത്രയും വിസ്തൃതിയുള്ള മതില്ക്കകവും ചെമ്പു മേഞ്ഞിട്ടുള്ളതും ബൃഹത്തായതുമായ മറ്റൊരു കൂത്തമ്പലവും എങ്ങും ദർശിക്കാൻ കഴിയുകയില്ല. പതിനഞ്ചോളം ഉപദേവപ്രതിഷ്ഠകൾ ഇവിടെ മതിൽക്കെട്ടിനുള്ളിൽ കുടിയിരുത്തിയിട്ടുണ്ട്. നാലമ്പലത്തിനുള്ളിൽ വടക്കുംനാഥന് ഇരുപുറത്തായി പ്രത്യേകമായിട്ടുള്ള ശ്രീകോവിലുകൾക്കുള്ളിൽ ശ്രീരാമസ്വാമിയും ശങ്കരനാരായണസ്വാമിയും വാണരുളുന്നു.

ഇരുന്നൂറു വർഷങ്ങൾക്കു മുമ്പ് ക്ഷേത്രത്തിന്റെ ഗംഭീരമായ മതിൽക്കെട്ടിനു വെളിയിൽ ഇടതൂർന്ന തേക്കിൻ കാടായിരുന്നു. ശക്തൻ തമ്പുരാന്റെ കാലത്താണ് കാടു വെട്ടിത്തെളിച്ച് മൈതാനമാക്കി മാറ്റിയത്. കാടു തെളിച്ചപ്പോൾ പാറമേക്കാവിൽ നിന്ന് വെളിച്ചപ്പാട് തുള്ളി വന്ന് എന്റെ അച്ഛന്റെ ജടയാണിത്, തെളിക്കാൻ പാടില്ലായെന്ന് അറിയിച്ചു. കോപിഷ്ഠനായ കൊച്ചി രാജാവ് വെളിച്ചപ്പാടിന്റെ തലയരിഞ്ഞ് ദൂരെയെറിഞ്ഞു. ഇതിന്റെ പ്രായശ്ചിത്തമായിട്ടാണ് തമ്പുരാൻ പാറമേക്കാവ് തിരുവമ്പാടി ദേവിമാരുടെ നേതൃത്വത്തിൽ തൃശ്ശൂർ പൂരം ആരംഭിച്ചതെന്നും പറയുന്നു.

ലക്ഷകണക്കിനാളുകളെ മായാപ്രപഞ്ചത്തിലേയ്ക്കാനയിക്കുന്ന വിശ്വപ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന് തുടക്കം കുറിച്ചത് ശക്തൻ തമ്പുരാൻ തന്നെ. മലയാളികളെയും, വിദേശികളേയും ആന്ദലഹരിയിലാറാടിക്കുന്ന കുടമാറ്റവും, മറ്റെങ്ങും കാണാൻ കഴിയാത്തതായ ഇലഞ്ഞിത്തറമേളവും, ചെകിടടപ്പിക്കുന്നതും മണിക്കൂറുകൾ നീണ്ടു നിൽക്കുന്നതുമായ കരിമരുന്ന് കലാപ്രകടനവും ഒത്തു ചേർന്നുള്ള മറ്റൊരു ഉത്സവം ഭാരതത്തിൽ വേറൊരിടത്തും കാണാൻ കഴിയുകയില്ല. തേക്കിൻ കാട് മൈതാനിയിൽ അരങ്ങേറുന്ന വിശ്വപ്രസിദ്ധമായ പൂരാഘോഷങ്ങളുമായി വടക്കുംനാഥന് യാതൊരു ബന്ധവുമില്ലായെന്നുള്ളതാണ് സത്യം. ഇവിടെ നടത്തുന്ന പ്രധാന വഴിപാട് നെയ്യഭിഷേകമാണ്. ശിവലിംഗം നെയ്യ് മലയ്ക്കുള്ളിൽ മുഴുകി കിടക്കുന്ന കേരളത്തിലെ ഏക ക്ഷേത്രമാണിത്. കൊച്ചി ദേവസ്വം ബോർഡിന്റേ ഉടമസ്ഥതയിലുള്ള ക്ഷേത്രത്തിന്റെ താന്ത്രിക കർമ്മങ്ങൾ എളവള്ളി പുലിയന്നൂർ മനയ്ക്കലെ തന്ത്രികൾ നിർവ്വഹിക്കുന്നു. വൃശ്ചിക മാസത്തിലെ തൃക്കാർത്തികനാൾ കുമാരനല്ലൂർ ഭഗവതിയുടെ ഗംഭീരമായ ആറാട്ട് കാണുന്നതിന് വടക്കുംനാഥൻ ക്ഷേത്രത്തിന്റെ തെക്കേ മതിലിൽ കയറി തെക്കോട്ട് തിരിഞ്ഞു എഴുന്നള്ളിയിരുന്നതായി ഒരു നാൾ ക്ഷേത്രത്തിൽ എത്തിച്ചേർന്ന വില്വമംഗലത്ത് സ്വാമിയാർ കാണുകയുണ്ടായി. അന്നു മുതൽ കാർത്തികനാൾ ക്ഷേത്രത്തിൽ എത്തുന്ന ഭക്തന്മാർ തെക്കേമതിൽ കെട്ടിലും ദർശനം നടത്തി ഭഗവാനെ വണങ്ങുന്ന പതിവുണ്ട്.

തൃശിവപേരൂർ പട്ടണത്തിന്റെ ഹൃദയഭാഗത്ത്, തേക്കിൻകാട് മൈതാനത്തിന്റെ മദ്ധ്യത്തിലുച്ചിയിൽ കിഴക്ക് ദർശനമായി വിശ്വപ്രസിദ്ധമായ കാശി വിശ്വനാഥ സന്നിധാനം പരിലസിക്കുന്നു.

****

## ത്രിപുരസുന്ദരീ ചതുഃഷഷ്ട്യുപചാര സ്തോത്രം

സമ്പാ: നന്ദകുമാർ എം.മേനോൻ

താരജാല നിരകോർത്തണക്കിയൊരു മാല ചാർത്തു വരവർണ്ണിനീ
ഛന്നവീരമിത യോഗിനീ പ്രളയസാക്ഷിണീ, രുധിര വർണ്ണിനീ
വോകങ്കണമിതാ ധരിയ്ക്കുദയകോടി സൂര്യ വരവർണ്ണിനീ
കിങ്ങിണിധ്വനിമയം വളാവലികളേറ്റുകൊള്ളുക സുവർണ്ണി, നീ

ഛന്നവീരം= മഹാരാഷ്ട്രീയമായ ഒരാഭരണം, വേദ കങ്കണം= നാലു വളകൾ

## പ്രിയ കരയോഗാംഗങ്ങളെ,

**ക**രയോഗത്തിൻെറ പ്രവർത്തനം 89–ാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. കഴിഞ്ഞ പൊതുയോഗത്തിൻെറ തീരുമാനങ്ങൾക്കും, നിർദ്ദേശങ്ങൾക്കും വിധേയമായി വളരെയധികം പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ചില പദ്ധതികൾ വർഷങ്ങളോളം നീണ്ട ഒരു പ്രക്രിയയുടെ തുടക്കം കൂടിയാണ്. കാലങ്ങൾ പിൻതള്ളപ്പെടുമ്പോൾ പൊതുയോഗം നടത്തേണ്ട രീതികളും, പൊതുയോഗത്തിൽ ഉന്നയിക്കേണ്ട വിഷയങ്ങളെ സംബന്ധിച്ചും അംഗങ്ങൾ കൂടുതൽ ബോധവാൻമാരാവേണ്ടതാണ്. കഴിഞ്ഞ പത്തോ ഇരുപതോ കൊല്ലങ്ങൾക്ക് മുൻപ് പൊതുയോഗം നടത്തിയ രീതിയിൽ ഇനിയങ്ങോട്ട് പൊതുയോഗം നടത്തിക്കൊണ്ടുപോകുന്നത് ശരിയല്ല എന്ന് തിരിച്ചറിയണം. എറണാകുളം നഗരത്തിൻെറ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ പ്രസ്ഥാനത്തിലെ അംഗങ്ങളെല്ലാം തന്നെ പ്രബുദ്ധരും, വിദ്യാസമ്പന്നരും അതുപോലെ തന്നെ തിരക്കു പിടിച്ച ജീവിത സാഹചര്യങ്ങളിൽ നിന്ന് വന്ന് യോഗത്തിൽ പങ്കെടുക്കുന്നവരുമാണ്. അവരുടെ വിലപ്പെട്ട സമയം പാഴാക്കിക്കൊണ്ട് ഒന്നോ രണ്ടോ വ്യക്തികൾ സ്വന്തം കാര്യം മാത്രം അവതരിപ്പിച്ച് പൊതുയോഗത്തിൽ പങ്കെടുക്കുന്നവരുടെ ക്ഷമ പരിശോധിക്കുന്നത് ശരിയല്ല.

ഇത്തവണത്തെ പൊതുയോഗത്തിൽ കണ്ട ഒരു പ്രത്യേകത അനാവശ്യമായ എല്ലാ സംസാരങ്ങളെയും ബഹുമാന്യരായ പൊതുയോഗാംഗങ്ങൾ സദസ്സിൽ നിന്ന് ശക്തിയായി എതിർക്കുകയും, അതിനു ശേഷം മാത്രമാണ് വേദിയിലുണ്ടായവർ ഇടപെടുകയും ചെയ്തത്. മേലിലെങ്കിലും പൊതുയോഗത്തിൽ പങ്കെടുക്കുന്നവർ സാമാന്യ മര്യാദകൾ പാലിച്ച് പൊതുയോഗത്തിൽ സ്വയം ചെറുതാവാതിരിക്കാൻ ശ്രമിക്കണമെന്നാണ് വിനീതമായ അപേക്ഷ. ഒരംഗത്തെ സംബന്ധിച്ച് വ്യക്തിപരമായ എല്ലാ പ്രശ്നങ്ങളും, സ്വന്തം സ്വകാര്യ പ്രശ്നങ്ങളായാൽ പോലും ഏതുസമയവും നേരിട്ട് വന്ന് കരയോഗം ഭാരവാഹികളോട് സംസാരിക്കാവുന്നതും പ്രശ്ന പരിഹാരം കാണാൻ അവസരം വിനിയോഗിക്കാവുന്നതുമാണ് എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. ഈ അവസരം അംഗങ്ങൾ ഉപകാരപ്പെടുത്തുന്നില്ല. ഈ സ്ഥാപനത്തെ തിരിച്ച് 20–ാം നൂറ്റാണ്ടിലേക്ക് വലിച്ചിഴച്ച് പുറകോട്ടു കൊണ്ടു പോകുന്നത് ശരിയല്ല എന്നാണ് അഭ്യർത്ഥന.

5 കോടി 78 ലക്ഷത്തിലധികം രൂപയുടെ ബഡ്ജറ്റാണ് 2013–14 ലെ പൊതുയോഗം അംഗീകരിച്ചിട്ടുള്ളത്. കരയോഗത്തിൻെറ ജീവകാരുണ്യ, സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഇതിൽ നല്ലൊരു ശതമാനം മാറ്റി വയ്ക്കുന്നതോടൊപ്പം, കരയോഗം ഡി.എച്ച്. റോഡിലുള്ള കെട്ടിടത്തിൻെറ നവീകരണപ്രവർത്തനങ്ങൾ, ടി.ഡി.എം ഹാൾ എൻട്രൻസിൻെറ നവീകരണം, പ്രസൻേറഷൻ ഹാൾ, പാലാരിവട്ടം പ്രശാന്തി കെട്ടിടത്തിൻെറ 3–ാം നിലയുടെ നിർമ്മാണം, സൗരോർജ്ജ പദ്ധതി, മറ്റു ദൈനം ദിന കാര്യങ്ങൾ എന്നിവയ്ക്കുമായിട്ടാണ് ഈ തുക നീക്കിവച്ചിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ ഈ വർഷം മുതൽ കരയോഗം അംഗങ്ങളുടെയോ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമുദായാംഗങ്ങളുടെയോ കുട്ടികളുടെ വിദ്യാഭ്യാസവും മറ്റും പൂർണ്ണ ചിലവുകൾ നൽകി നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തന്നെ ഹീമോ ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് മരുന്നു വിതരണം, ഹൃദയശസ്ത്രക്രിയ, നിർധനരായവർക്ക് വിവാഹധനസഹായം, ഹോമിയോ അലോപ്പതി മരുന്നു വിതരണം, പ്രതിമാസ പെൻഷൻ, പാലിയേറ്റിവ് കെയർ, ആദ്ധ്യാത്മികം, സാംസ്ക്കാരികം എന്നീ പ്രവർത്തനങ്ങൾക്കായി നല്ലൊരു തുക നീക്കി വച്ചിട്ടുണ്ട്.

കരയോഗത്തിൻെറ എല്ലാപ്രവർത്തനങ്ങളിലും നിങ്ങളുടെ എല്ലാവരുടെയും സഹായ സഹകരണം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. രാമായണ മാസാചരണത്തോടനുബന്ധിച്ച് ജൂലൈ മാസം 28–ാം തീയതി രാവിലെ 7 മണി മുതൽ ശ്രീ. എൻ.ടി. കാർത്തികേയൻെറ നേതൃത്വത്തിൽ സമ്പൂർണ്ണരാമായണ പാരായണം ടി.ഡി.എം.ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗവും ബീമും സഹകരിച്ച് നടത്തുന്ന ജൂലൈ മാസ പരിപാടി കലൈമാമണി എ.കെ.സി. നടരാജൻെറ ക്ലാരിനറ്റ് കച്ചേരി 27 ന് വൈകുന്നേരം 6.30 ന് ടി.ഡി.എം ഹാളിൽ നടക്കുന്നതാണ്. എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം വാർഷിക പൊതുയോഗം ജൂലൈ 21 ന് ടി.ഡി.എം.ഹാളിൽ.

ജനറൽ സെക്രട്ടറി

## വ്യക്തിവിശേഷം

# സി. പി. ഗോപാലപ്പണിക്കർ (1896 - 1968 )

**ഔ**ദ്യോഗികജീവിതത്തിലും, വ്യാവസായിക സംരംഭങ്ങളിലും, സാമൂഹിക, സാംസ്കാരിക, രംഗങ്ങളിലും ഒരു ക്രാന്തദർശിയുടെ ഭാവഗാംഭീര്യത്തോടെ കടന്നുവന്ന് ആധിപത്യമുറപ്പിച്ച കഴിഞ്ഞ തലമുറയിലെ ഒരത്ഭുത പ്രതിഭാസമായിരുന്നു സി. പി. ഗോപാലപ്പണിക്കർ. അമ്പലപ്പുഴ, കോമനചിറ്റേഴത്ത് പരമേശ്വരപ്പണിക്കരുടേയും കാർത്യായനി അമ്മയുടേയും മകനായി 1896 ൽ ജനിച്ചു. നായർ സർവ്വീസ് സൊസൈറ്റിയുടെ വളർച്ചയിൽ വിലപ്പെട്ട സേവനങ്ങളനുഷ്ഠിച്ചിട്ടുള്ള പണിക്കർക്ക് മന്നത്തു പത്മനാഭന്റെ അളവറ്റ സ്നേഹാദരങ്ങൾ ആർജ്ജിക്കുവാൻ കഴിഞ്ഞിരുന്നു. സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്കർഹമായ സഹായം നൽകുന്നതിലും പരമാവധി യത്നിച്ചിട്ടുണ്ടദ്ദേഹം. തിരുവനന്തപുരം രാജകീയ കലാലയത്തിലും നിയമ കലാലയത്തിലും നിന്ന് ഉന്നത ബിരുദങ്ങളാർജ്ജിച്ചു. പുരാതനവും പ്രശസ്തവുമായ കുടുംബപാരമ്പര്യം നിലനിർത്തിക്കൊണ്ടു തന്നെ വിവിധ മേഖലകളിൽ അനിതര സാധാരണമായ വ്യക്തിത്വം ആർജ്ജിക്കുവാനും അസൂയാർഹമായ നേട്ടങ്ങൾ കൈവരിക്കുവാനും കഴിഞ്ഞു. ഒരു പതിറ്റാണ്ടിലേറെക്കാലം ഔദ്യോഗികരംഗത്ത് ഉന്നതതലസ്ഥാനങ്ങളിൽ വിരാജിച്ചിരുന്ന കഥാപുരുഷൻ, ഗവഃ സെക്രട്ടറി, ആക്ടിംഗ് ചീഫ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാരിച്ച ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കിടയിലും ഇതര മേഖലകളിലും തന്റെ കർമ്മശേഷി കവിഞ്ഞൊഴുകിയ പ്രകടമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. നായർ സമുദായത്തിൽ ഐക്യവും കെട്ടുറപ്പും നിലനിർത്തുന്നതിന് എക്കാലവും പരിശ്രമിച്ചിട്ടുള്ള പണിക്കർ സമുദായാചാര്യന്റെ വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങൾക്കും വിദ്യാലയ നിർമ്മാണത്തിലും ആത്മാർത്ഥമായി പ്രവർത്തിച്ചു. സമുദായാചാര്യനെതിരായ സർ സി.പി.യുടെ കരുനീക്കങ്ങളെ എതിർത്തു തോല്പിക്കുവാൻ ആദ്യഘട്ടങ്ങളിലെങ്കിലും ആത്മാർത്ഥമായി യത്നിച്ചു. ശാസ്തമംഗലത്തെ രാജാകേശവദാസ് എൻ.എസ്സ്.എസ്സ് ഹൈസ്കൂൾ ഗോപാലപ്പണിക്കരുടെ പ്രവർത്തനത്തിൽ നിന്ന് രൂപം കൊണ്ടതാണ്. കെ. ഭഗവതിയമ്മയാണ് ഗോപാലപ്പ ണിക്കരുടെ സഹധർമ്മിണി. 8 സന്താനങ്ങളാണ് പണിക്കർ ദമ്പതിമാർക്കുള്ളത്. 72-ാം മത്തെ വയസ്സിൽ 1968 സെപ്റ്റംബർ 15 ന് ദിവംഗതനായി.

******

## സുഭാഷിതം

യസ്മിൻ കർമ്മണ്യന്തരാത്മാ
ക്രിയമാണേ പ്രസീദതി
തദേവ കർമ്മ കർത്തവ്യം
വിപരീതം ന തത് ക്വചിത്

ഏതൊരു കർമ്മം ചെയ്യുമ്പോൾ മനസ്സാക്ഷി പ്രസന്നമായി തീരുന്നുവോ അതു തന്നെയാണ് ചെയ്യേണ്ടത്. വിപരീതമായിട്ടുള്ളത് ഒരിക്കലും ചെയ്യരുത്.

## കലാസാംസ്കാരികവിഭാഗം

**എ**റണാകുളം കരയോഗത്തിന്റെ കലാസാംസ്കാരിക വിഭാഗം ഭരതനാട്യം, മോഹിനിയാട്ടം, സിനിമാറ്റിക് ഡാൻസ് തുടങ്ങിയ ക്ലാസ്സുകൾക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 4 മണി വരെയും ഞായറാഴ്ച രാവിലെ 10 മണിക്ക് വയലിൻ ക്ലാസ്സും, 11 മണിക്ക് മ്യൂസിക് ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0484 2361160, Ext: 35

### എൽഡർ സിറ്റിസൺസ് ഫാറം ജൂലൈമാസം പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം | കൃതജ്ഞത | മുഖ്യപ്രഭാഷണം | വിഷയം |
|---|---|---|---|---|
| 18.7.2013 | T.V.G. Menon | ചർച്ച | | |
| 18.7.2013 | വാർഷിക പൊതുയോഗത്തിനോടനുബന്ധിച്ച് വിവിധ കലാപരിപാടികൾ - വൈകുന്നേരം 4.30 മുതൽ 6.30 വരെ | | | |
| 21.7.2013 | 15-ാമത് വാർഷിക പൊതുയോഗം രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെ അദ്ധ്യക്ഷൻ ശ്രീ കെ.പി.കെ. മേനോൻ, മുഖ്യ പ്രഭാഷകൻ ശ്രീ. പി. രാമചന്ദ്രൻ (വേണു) | | | |
| 25.7.2013 | T.N.T Nair | G.V.Pillai | Prof: ബാലകൃഷ്ണൻ | |
| 1.08.2013 | രാമാനുജൻ | മാധവമേനോൻ | ശ്രീ.മുകുന്ദൻ | മിറക്കിൾ |
| 8.08.2013 | ടി.കെ. ശ്രീകുമാരൻനായർ | ഹരിജൻ നായർ | സി.രാമചന്ദ്രൻ | പ്രപഞ്ചം ദൂര ദർശിനിയിലൂടെ |
| 15.8.2013 | ചന്ദ്രികാദേവി | റാം മോഹൻ നായർ | എം.പി.വേണുഗോപാൽ | സംസർഗ്ഗം മൂലം സ്വഭാവമാറ്റം |





ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

## ആരാധനാലയങ്ങളുടെ അടുത്ത് വീട്

**വാ**സ്തു പ്രകാരം വീടു കെട്ടുകയാണെങ്കിൽ അടുത്ത് അമ്പലം, പള്ളി എന്നിവ ഉണ്ടെങ്കിലും ദോഷം ഒന്നും തന്നെയില്ല.

വീടിന്റെ തെക്ക്, പടിഞ്ഞാറ് അമ്പലം (temple) മുട്ടി വരാവുന്നതാണ്. വടക്കും കിഴക്കും മുട്ടി ഒരു ആരാധനാലയങ്ങളും അരുത്. അങ്ങിനെ വന്നാൽ ആ ഭാഗം പൊളിച്ച് വീടിന്റെ ഉയരത്തിൽ നാലിൽ ഒന്ന് സ്ഥലം വടക്കും കിഴക്കും ഒഴിച്ചിടണം. പല അമ്പലങ്ങളുടെയും അടുത്ത് വീട് വെച്ച്, കട നടത്തി സുഖമായി ജീവിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. വീട് വാസ്തുപ്രകാരം ആയിരിക്കണം.

നമ്മുടെ അടുത്തുള്ള അമ്പലങ്ങളുടെ അടുത്തു താമസിക്കുന്നത് പരിശോധിക്കുക.

**ചെറിയ വലിയ കാര്യം**

അടുക്കളയിൽ Stove വടക്കുകിഴക്കും പാത്രം കഴുകുന്ന Sink തെക്കുകിഴക്കും വരരുത്.

അടുപ്പ് എപ്പോഴും കിഴക്ക് മദ്ധ്യത്തിന് തെക്ക് വരണം അല്ലെങ്കിൽ ആർക്കും ആ വീട്ടിൽ സമാധാനമുണ്ടാകില്ല. പരീക്ഷിച്ചു നോക്കുക.




**2013 ജൂലൈ 13 ശനിയാഴ്ച രാവിലെ 9.30** ന് ഇതു സംബന്ധിച്ച് ശ്രീ. പരിയാടത്ത് പ്രഭാകരമേനോൻ ടി.ഡി.എം. ഹാളിൽ എത്തുന്നവർക്ക് വാസ്തു സംബന്ധമായ പരിഹാരങ്ങൾക്കുള്ള ഉപദേശം നൽകും. താൽപ്പര്യം ഉള്ളവർ പേര് രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. (Ph: 0484-2361160, Extn:35)Prabhakara Menon:+91 9447032434,+91 9895951595,E-mail:pariyadathp@gmail.com

# വിശേഷദിവസങ്ങൾ

## ജൂലായ് 15 മുതൽ ഓഗസ്റ്റ് 14 വരെ

| | | |
|---|---|---|
| ജൂലൈ | 17 | രാമായണ മാസാരംഭം |
| ജൂലായ് | 22 | വ്യാസപൂർണ്ണിമ |
| ഓഗസ്റ്റ് | 3 | ചിൻമയാനന്ദഗുരുസമാധി |
| ഓഗസ്റ്റ് | 6 | കർക്കിടകവാവ് |

### ശ്രീ വിദ്യാധിരാജ വചനം

പ്രകൃതി, പ്രഭാതം സൃഷ്ടിക്കുന്നത് ഉറക്കത്തിനു വേണ്ടിയല്ല, ഉണർവിന് വേണ്ടിയാണ്. ഉണരാത്തവന് ഉറങ്ങാനും, ഉറങ്ങാത്തവന് ഉണരാനും കഴിയുകയില്ല.



# ദേശഭക്തനായ ഹിന്ദു സന്യാസി

– പ്രൊഫ.വി.പി.ജി.മാരാർ

**2013 ജനുവരി 12 സ്വാമി വിവേകാനന്ദൻെറ 150–ാം ജൻമവാർഷിക ദിനമായിരുന്നു. അതു പ്രമാണിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ നടന്നു വരികയാണ്. സ്വാമിജിയോടുള്ള ആദരവിൻെറ സൂചകമായി ജനുവരി 12 ദേശിയ യുവദിനമായി നാം ആചരിച്ചുവരുന്നു. ഭാരതഭക്തിയുടെ പര്യായമായിരുന്ന ആ പുണ്യാത്മാവിൻെറ ജീവിതത്തിലേയ്ക്ക് ഒരെത്തിനോട്ടം നടത്തുകയാണിവിടെ.**

"എൻെറ രാജ്യത്തിൻെറ ചരിത്രം നോക്കുമ്പോൾ മനുഷ്യമനസ്സിൻെറ വികാസത്തിന് ഇത്രമേൽ സംഭാവന ചെയ്ത മറ്റൊരു രാജ്യത്തെയും കാണുന്നില്ല. അതിനാൽ ഒരു വാക്കുകൊണ്ടു പോലും ഞാൻ എൻെറ രാജ്യത്തെ നിന്ദിക്കുകയില്ല.'' രാജ്യസ്നേഹവും, അഭിമാനവും, കടപ്പാടും സ്ഫുരിക്കുന്ന സ്വാമി വിവേകാനന്ദൻെറ ഈ വാക്കുകൾ ഓരൊ ഭാരതീയനും എന്നും ഓർത്തിരിക്കേണ്ടതാണ്.

ഭാരതീയ സംസ്ക്കാരത്തിൻെറ സവിശേഷതകൾ ലോകത്തെ ബോധ്യപ്പെടുത്തി, മനുഷ്യവർഗ്ഗത്തെ ആദ്ധ്യാത്മികമാക്കുകയെന്നത് ഭാരതത്തിൻെറ കർത്തവ്യമാണെന്നു വിശ്വസിച്ച്, ലോകത്തിന് വെളിച്ചം പകരാൻ ഭാരതം ഉണരണമെന്നാഹ്വാനം ചെയ്ത്, ദേശീയ ജീവിതത്തിൽ അലിഞ്ഞുചേർന്ന് സ്വാമി വിവേകാനന്ദൻെറ നൂറ്റിഅമ്പതാം ജൻമവാർഷികം ലോകമെമ്പാടും ആഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

1863 ജനുവരി 12 ന് കൽക്കത്തയിലെ ഒരു ധനിക കുടുംബത്തിലായിരുന്നു വിവേകാനന്ദൻ എന്ന് പിൽക്കാലത്ത് ലോകം മുഴുവൻ അറിയപ്പെട്ട നരേന്ദ്രൻെറ (നരേന്ദ്രനാഥ ദത്ത്) ജനനം. അച്ഛൻ യുക്തിവാദിയും, ഉൽപതിഷ്ണുവുമായിരുന്നു. അച്ഛൻ വിശ്വനാഥദത്ത കൽക്കത്ത ഹൈക്കോടതിയിൽ അറ്റോർണിയായിരുന്നു. മതാനുഷ്ഠാനങ്ങളിലും, ആചാരങ്ങളിലും, വിശ്വസിച്ചിരുന്ന കടുത്ത ധർമ്മ നിഷ്ഠയുള്ള സാധ്വിയായിരുന്നു മാതാവ് ഭുവനേശ്വരി ദേവി. സംസ്കൃതത്തിലും പാർസി ഭാഷയിലും അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മുത്തച്ഛൻ ദുർഗ്ഗാചരൺ ദത്ത 25–ാം വയസ്സിൽ തന്നെ സന്യാസ ജീവിതം സ്വീകരിച്ചിരുന്നു. അച്ഛൻെറ പുരോഗമന ചിന്താ ഗതിയും, അമ്മയുടെ മതവിശ്വാസവും, മുത്തച്ഛൻെറ ആദ്ധ്യാത്മികതയും, നരേന്ദ്രൻെറ വിചാരങ്ങളേയും വ്യക്തിത്വത്തെയും കാര്യമായി സ്വാധീനിക്കയുണ്ടായി. ധൈര്യവും, അന്വേഷണത്വരയും, തീവ്രമായ ബുദ്ധിശക്തിയും, ദാനശീലവും, സത്യസന്ധതയും നേതൃത്വപാടവവും ചെറുപ്പം മുതൽ തന്നെ പ്രകടിപ്പിച്ചിരുന്ന നരേന്ദ്രൻ പഠനത്തിൽ മാത്രമല്ല, കളികളിലും ഒന്നാമൻ തന്നെയായിരുന്നു. സ്വതവേ അന്വേഷണകുതുകിആയിരുന്ന നരേന്ദ്രൻ പാശ്ചാത്യ തത്ത്വചിന്ത പഠിച്ചതുകൊണ്ടാകാം വിമർശനാത്മകമായ ചിന്തക്കുടമയായി ഭവിച്ചു. ചെറുപ്പത്തിലേ വളർന്നിരുന്ന മതവിശ്വാസം ഒരു വശത്തും, തത്ത്വചിന്ത മറുവശത്തും പ്രവർത്തിച്ചതിനാലാകാം ദൈവത്തിന്റെ അസ്തിത്വത്തിൽ നരേന്ദ്രൻ സംശായാലുവായി. സ്വയം കണ്ടു ബോധ്യപ്പെടാതെ ഒന്നും നരേന്ദ്രൻ വിശ്വസിച്ചിരുന്നില്ല. തൻമൂലം വിഗ്രഹാരാധനയെ എതിർത്തിരുന്ന ബ്രഹ്മസമാജത്തിലാണ് ആദ്യകാലത്ത് ആശ്വാസം കണ്ടെത്തിയത്. സ്വയം ധ്യാനത്തിൽ മുഴുകുന്ന ശീലം ചെറുപ്പം മുതൽ തന്നെ നരേന്ദ്രനുണ്ടായിരുന്നു. തന്റെ സംശയങ്ങൾക്ക് സ്വയം ഉത്തരം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നിരിക്കണം ഈ ധ്യാനങ്ങൾ.

ഈശ്വരനുണ്ടോ എന്ന ചോദ്യം നരേന്ദ്രനെ വല്ലാതെ അലട്ടി. ബ്രഹ്മസമാജത്തിലെ ഉന്നതർക്കും ഇതിന് തൃപ്തികരമായ ഒരു മറുപടി നൽകാൻ കഴിഞ്ഞില്ല. അങ്ങനെയിരിക്കെ കോളേജിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന വില്യം ഹേസ്റ്റിൽ നിന്ന് ദക്ഷിണേശ്വരത്ത് താമസിക്കുന്ന വിശിഷ്ടസിദ്ധികളുള്ള ഒരു സന്യാസിയെക്കുറിച്ച്, ശ്രീരാമകൃഷ്ണനെക്കുറിച്ച് കേൾക്കാനിടയായപ്പോൾ അദ്ദേഹത്തെ കാണുവാൻ നരേന്ദ്രൻ തിടുക്കം കൊണ്ടു. 1881ൽ അപ്രതീക്ഷിതമായി ശ്രീരാമകൃഷ്ണ പരമഹംസനെ ദർശിക്കുവാനിടയായി. തന്റെ പതിവു ചോദ്യത്തിന് 'ഉവ്വ്. നിന്നെ കാണുന്നതു പോലെ ഈശ്വരനെ ഞാൻ കണ്ടിട്ടുണ്ട്, ഒരു പക്ഷെ അതിലും വ്യക്തമായി' എന്ന് ഉത്തരം കിട്ടിയ ക്ഷണം അദ്ദേഹത്തെ ഗുരുനാഥനായി സ്വീകരിച്ചു, ഗുരുനാഥൻ ശിഷ്യനേയും. പിന്നീട് നടന്നത് ഗുരുവും, ശിഷ്യനും പരസ്പരം അറിയുവാനായി നടത്തിയ തീവ്രശ്രമങ്ങളായിരുന്നു. ഗുരുവിന്റെ ആദ്ധ്യാത്മിക ഔന്നത്യം ശിഷ്യൻ പരിശോധനാവിധേയമാക്കിയപ്പോൾ, ശിഷ്യനെ പല വഴികളിലൂടെ ഗുരുവും പരീക്ഷിച്ചു. അവസാനം ശിഷ്യന്റെ സംശയങ്ങളെല്ലാം നീക്കി ആത്മീയ ചിന്തയിലേയ്ക്ക് നയിക്കുവാൻ ഗുരുവിനു സാധിച്ചു. ശിഷ്യൻ ഗുരുവിന് പൂർണ്ണമായി കീഴടങ്ങി, സ്വയം സമർപ്പിച്ചു. ഈശ്വർ ചന്ദ്രവിദ്യാസാഗർ ആരംഭിച്ച മെട്രോപൊളിറ്റൻ സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും, കൽക്കത്ത പ്രസിഡൻസി കോളേജിലും സ്കോട്ടിഷ് ചർച്ച് കോളേജിലുമായി ഉന്നത വിദ്യാഭ്യാസവും നരേന്ദ്രൻ പൂർത്തിയാക്കി. ഐഛികവിഷയമായി എടുത്തിരുന്നത് തത്ത്വശാസ്ത്രമായിരുന്നെങ്കിലും, ശാസ്ത്രവിഷയങ്ങളും സാഹിത്യവും പഠിക്കുവാനും അദ്ദേഹം സമയം കണ്ടെത്തി. വിവാഹത്തിനായി കുടുംബത്തിൽ നിന്നുമുണ്ടായ സമ്മർദ്ദത്തെ തന്ത്രപൂർവ്വം അതിജീവിച്ച്, ജ്ഞാന സമ്പാദനത്തിൽ അദ്ദേഹം മുഴുകി. 1884ൽ അവിചാരിതമായുണ്ടായ അച്ഛന്റെ വേർപാട് കുടുംബത്തെ പട്ടിണിയിലാഴ്ത്തി. പലയിടത്തും നരേന്ദ്രൻ ജോലിയന്വേഷിച്ചലഞ്ഞു. ഒരു സ്കൂളിൽ ഹെഡ്മാസ്റ്ററായി ജോലി ലഭിച്ചെങ്കിലും വൈകാതെ പിരിച്ചു

വിടപ്പെട്ടു. ഒരു ജോലിക്കായി പിന്നീട് പലയിടത്തും ശ്രമിച്ചെങ്കിലും ലഭിച്ചില്ല. പട്ടിണികിടക്കുന്ന അമ്മയുടേയും സഹോദരങ്ങളുടേയും അവസ്ഥ നരേന്ദ്രനെ അലട്ടി. എല്ലാവരേയും സംരക്ഷിക്കുന്നവനാണിശ്വരനെങ്കിൽ എന്തുകൊണ്ട് ചിലർക്കുമാത്രം ദാരിദ്ര്യം എന്ന ചിന്ത ഇതോടെ മനസ്സിൽ കടന്നു വന്നു. ഈശ്വരവിശ്വാസത്തിൽനിന്നും അൽപം പിന്നോട്ടുപോകുവാനിടയാക്കി. തന്റെ ദുരവസ്ഥ ഗുരുവിനെ അറിയച്ചപ്പോൾ കാളിമാതാവിനോട് പ്രാർത്ഥിക്കുവാൻ ഉപദേശം കിട്ടി. എന്നാൽ ക്ഷേത്രത്തിൽ പോയി ദേവീവിഗ്രഹം ദർശിച്ചപ്പോൾ പ്രാർത്ഥിക്കാൻ തോന്നിയത്. ഭക്തിയും ജ്ഞാനവും ലഭിക്കണമെന്നായിരുന്നു. ഗുരുവിന്റെ നിർദ്ദേശപ്രകാരം രണ്ടാമതും മൂന്നാമതും പോയി എങ്കിലും പ്രാർത്ഥിക്കാൻ കഴിഞ്ഞത് പഴയതുമാത്രം. അതുകൊണ്ട് കൊടും പട്ടിണി തലയിലേറ്റി കിട്ടിയത് കഴിച്ച് ജീവിച്ചു.

1886 ആഗസ്റ്റിൽ ഗുരുവിന്റെ സമാധിയോടെ ആഭ്യുദയകാംക്ഷികൾ ആശ്രമത്തിന് നൽകി വന്ന ധന സഹായം നിലച്ചു. ശിഷ്യരിൽ പലരും ആശ്രമജീവിതം അവസാനിപ്പിച്ച് സ്വഗൃഹങ്ങളിലേയ്ക്ക് മടങ്ങി. നരേന്ദ്രനും അവശേഷിച്ച മറ്റു ശിഷ്യൻമാരും ഇടിഞ്ഞുപൊളിഞ്ഞ ഒരു പഴയ വീട് കണ്ടെത്തി താമസം അങ്ങോട്ടുമാറ്റി. ബാരാനഗർമഠം എന്നറിയപ്പെട്ട ഈ ആശ്രമം പിന്നീട് രാമകൃഷ്ണമിഷന്റെ ആദ്യത്തെ മഠം ആയി മാറി. ഭിക്ഷാടനത്തിലൂടെയാണ് ആശ്രമകാര്യങ്ങൾ നടത്തിയിരുന്നത്. 1887ൽ നരേന്ദ്രനും മറ്റ് എട്ട് ശിഷ്യരും കൂടിയിരുന്ന് ഗുരുദേവന്റെ സന്ദേശം പ്രചരിപ്പിക്കുവാനായി ഭാരതപര്യടനം നടത്തുവാൻ തീരുമാനമെടുത്തു. ഹിന്ദു സന്യാസിമാരുടെ ആചാരമനുസരിച്ച്, പരിവ്രാജകരായി ഭാരതം മുഴുവൻ സഞ്ചരിക്കുവാനായിരുന്നു തീരുമാനം. 1888 മുതൽ1893 വരെ 5 വർഷം നരേന്ദ്രൻ ഒരു സന്യാസിയായി ചുറ്റി സഞ്ചരിച്ചു. ഇന്ത്യൻ ജീവിതത്തിന്റെ സവിശേഷതകൾ നേരിൽക്കണ്ടറിയുവാൻ ഈ പര്യടനം സഹായിച്ചു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ പെട്ടവരുമായി അടുത്ത് സമ്പർക്കം പുലർത്തുവാനും, ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തീകവുമായ പിന്നോക്കവസ്ഥ മനസ്സിലാക്കുവാനും ഈ യാത്ര ഉപകരിച്ചു. ഇന്ത്യയിൽ നിലനിന്നിരുന്ന കൊടിയ ദാരിദ്ര്യവും, അടിമത്തവും അദ്ദേഹത്തെ അതിയായി വേദനിപ്പിച്ചു. എല്ലാ പോരായ്മകൾക്കിടയിലും, ഭാരതത്തിന്റെ ആദ്ധ്യാത്മിക തേജസ്സ് ഒട്ടും മങ്ങാതെ നിൽക്കുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ഭാരതത്തെ ലോകരാജ്യങ്ങളിൽ നിന്നും വേറിട്ടു നിർത്തുന്നത് ഈ ആദ്ധ്യാത്മികതയാണെന്നും അദ്ദേഹത്തിനു മനസ്സിലായി. യാത്രക്കിടയിൽ 1892ൽ സ്വാമിജി കേരളത്തിലും വരികയുണ്ടായി. മലബാറിൽ കണ്ട അയിത്തത്തിനെതിരെ അദ്ദേഹം ശക്തിയായി പ്രതികരിച്ചു. എറണുകുളത്ത് വച്ച് ചട്ടമ്പിസ്വാമികളെയും അദ്ദേഹം കണ്ടു സംസാരിക്കയുണ്ടായി. പിന്നീട് കന്യാകുമാരിയിൽ ദർശനം നടത്തിയ ശേഷം കടലിനുള്ളിലായി സ്ഥിതി ചെയ്യുന്ന പാറയിലേക്ക് നീന്തി ചെന്ന് ധ്യാനത്തിൽ നിമഗ്നനായി. 1892ൽ ഡിസംബർ 25, 26, 27 തീയതികളിലായി മൂന്നു രാത്രിയും പകലും അദ്ദേഹം ധ്യാനത്തിൽ ലയിച്ചു. ഭാരതത്തിന്റെ വർത്തമാനവും, ഭാവിയും ആയിരുന്നു ധ്യാനത്തിൽ പ്രധാനമായി വന്നത്. ഭാരതത്തെ രക്ഷിക്കുവാനും, ഭാരത സംസ്ക്കാരം ഉയർത്തിക്കൊണ്ടു വരുവാനും എന്തു ചെയ്യണമെന്നതായിരുന്നു ചിന്തക്ക് കൂടുതൽ വിഷയീഭവിച്ചത്. ഇതിനിടയിലാണ് ഭാരത ധർമ്മം പ്രചരിപ്പിക്കുന്നതിനും, ദാരിദ്ര്യം അകറ്റുവാൻ മാർഗ്ഗം കണ്ടെത്തുന്നതിനുമായി വിദേശത്തു പോകുവാൻ സ്വാമിജി തീരുമാനമെടുത്തത്. പിന്നീട് സൃഹൃത്തുക്കളുടെ സഹായത്തോടെ 1893 ൽ ലോക മത സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ചൈന, ജപ്പാൻ, കാനഡ എന്നീ രാജ്യങ്ങൾ വഴി അദ്ദേഹം അമേരിക്കയിലേയ്ക്കു പോയി.

വളരെ ക്ലേശങ്ങൾക്കു ശേഷം 1893 സെപ്തംബർ 11ന് ചിക്കാഗോയിൽ നടന്ന ലോകമത സമ്മേളനത്തിന്റെ ഉദ്ഘാടന യോഗത്തിൽ ഹിന്ദു മതത്തെ പ്രിതിനിധാനം ചെയ്തു സംസാരിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. ഒറ്റ പ്രസംഗത്തോടെ ഹിന്ദു മതത്തിന്റെ മാഹാത്മ്യവും, ഭാരതീയ സംസ്കാരത്തിന്റെ പൊരുളും അറിയിച്ചു കൊണ്ട്, ലോകത്തിന് നവോത്ഥാനത്തിന്റേതായ സന്ദേശം നൽകുവാനും, ഭാരതത്തെ ലോക രാഷ്ട്രങ്ങളുടെ ആദ്ധ്യാത്മിക നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തുവാനും അദ്ദേഹത്തിന് കഴിഞ്ഞു. മത സൗഹാർദ്ദത്തിനും, സാർവ്വലൗകീകതയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടായിരുന്നു സ്വാമിജി സംസാരിച്ചത്. പിറ്റേന്ന് ന്യൂയോർക്ക് ഹെറാൾഡ് എഴുതി “സമ്മേളനത്തിലെ വിശിഷ്ടവ്യക്തി വിവേക.നന്ദനല്ലാതെ മറ്റാരുമല്ല എന്നത് നിസ്തർക്കമാണ്. ഇതു പോലെ ജ്ഞാനികളായവർ ഉള്ള ഒരു രാജ്യത്തേക്ക്, മിഷനറിമാരെ അയ ക്കുന്നത് എത്ര മൂഢത്വമാണ് എന്നത് അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിച്ച പ്പോഴാണ് മനസ്സിലാക്കുന്നത്'' എന്ന്. തന്റെ സുഹൃത്തും ശിഷ്യനുമായ ഖേത്രിയിലെ രാജാവ് അജിത് സിംഗിന്റെ സ്നേഹപൂർവ്വമായ അഭ്യർത്ഥനപ്രകാരം വിവേകാനന്ദനെന്ന നാമം സ്വീകരിക്കുകയും, തലപ്പാവു ധരിക്കുകയും ചെയ്തു കൊണ്ടായിരുന്നു നരേന്ദ്രൻ അമേരിക്കയിലേയ്ക്ക് തിരിച്ചത്.

1896 അവസാനം വരെ സ്വാമിജി അമേരിക്കയിൽ തങ്ങി. ഇതിനിടയിൽ രണ്ടു വട്ടം ഇംഗ്ലണ്ട് സന്ദർശിച്ചു. ഫ്രാൻസ്, ഇറ്റലി, ഹംഗറി, ഈജിപ്റ്റ് എന്നീ രാജ്യങ്ങളും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. എല്ലാ ആത്മീയ ചിന്തയുടേയും അമ്മയാണ് ഭാരതമെന്നും, എല്ലാ മതങ്ങളുടേയും അടിസ്ഥാനം വേദാന്തസന്ദേശം തന്നെയാണെന്നും, ത്യാഗവും സേവനവുമാണ് ഭാരതത്തിന്റെ ദേശീയ ദർശനങ്ങളെന്നും വിദേശീയരെ ബോധ്യപ്പെടുത്തുവാനദ്ദേഹത്തിനു കഴിഞ്ഞു. അതു കൊണ്ടു തന്നെയാണ് ധനാഢ്യനായ റോക്ക് ഫെല്ലറെ ദാനത്തിന്റെ പ്രതീകമാക്കുവാനും, ഐറീഷ് വനിതയായ മാർഗരറ്റ് നോബിളിനെ സിസ്റ്റർ നിവേദിതയാക്കി മാറ്റി, സേവനത്തിന്റെ മാതൃകയാക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞത്. ന്യൂയോർക്കിൽ ഒരു വേദാന്ത സൊസൈറ്റിയും,

കാലിഫോർണിയയിൽ ശാന്തി ആശ്രമവും സ്ഥാപിക്കുവാനദ്ദേഹത്തിനു കഴിഞ്ഞു. ജ്ഞാനയോഗത്തെക്കുറിച്ചും, കർമ്മയോഗത്തെക്കുറിച്ചും, രാജയോഗത്തെക്കുറിച്ചും നിരവധി ക്ലസുകളും പ്രസംഗങ്ങളും അദ്ദേഹം നടത്തുകയുണ്ടായി. ശ്രീരാമകൃഷ്ണന്റെ ജീവിതവും ഉപദേശവും എന്ന മഹത്തായ ഗ്രന്ഥം രചിക്കുന്നതിന് മാക്സ്മുള്ളറിൽ പ്രേരണ ചെലുത്തുവാനും അദ്ദേഹത്തിനു കഴിഞ്ഞു (വേദങ്ങളിലുള്ള അഗാധ പാണ്ഡിത്യം കൊണ്ട് മാക്സ്മുള്ളർ സായണാചാര്യരുടെ പുനർജന്മമാണെന്നു പോലും സ്വാമിജി അഭിപ്രായപ്പെടുകയുണ്ടായി.) പാശ്ചാത്യ ലോകത്തിന്റെ സമ്പന്നതക്കിടയിൽ കഴിയുമ്പോഴും, അദ്ദേഹത്തെ ഏറെ മഥിച്ചിരുന്നത് ഇന്ത്യൻ ജനതയുടെ ദാരിദ്ര്യമായിരുന്നു. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലും, കൊളംബിയ യൂണിവേഴ്സിറ്റിയിലും നൽകിയ അദ്ധ്യക്ഷ പദവികൾ തന്റെ ജീവിത ലക്ഷ്യങ്ങൾക്ക് ചേരാഞ്ഞതിനാൽ അദ്ദേഹം സ്വീകരിച്ചില്ല. 1899 ൽ ഒരിക്കൽ കൂടി അദ്ദേഹം വിദേശ പര്യടനം നടത്തുകയുണ്ടായി. ഭാരതത്തെ ലോകം ശരിയായി അറിഞ്ഞു തുടങ്ങിയത് സ്വാമി വിവേകാനന്ദന്റെ സന്ദർശനത്തോടെയാണ്.

1896 ൽ ഭാരതത്തിൽ തിരിച്ചെത്തിയ ശേഷം സ്വാമിജി നടത്തിയ പ്രസംഗങ്ങളും, എഴുതിയ ലേഖനങ്ങളും ഇന്ത്യയുടെ മോചനത്തിനായി ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു. സുഭാഷ്ചന്ദ്രബോസും, അരവിന്ദ ഘോഷും, അതു പോലെ പലരും കൂടുതൽ ആവേശഭരിതരായി. തന്റെ ദേശസ്നേഹം ശതഗുണീഭവിച്ചത് വിവേകാനന്ദൻ കാരണമാണെന്ന് ഗാന്ധിജി പറയുകയുണ്ടായി. പാശ്ചാത്യനാടുകളിൽ നിലനിന്നിരുന്ന വിദ്യാഭ്യാസവും, സേവനതൽപരതയും, സ്ത്രീകളുടെ സ്വാതന്ത്ര്യവും, സംഘടിത പ്രവർത്തനങ്ങളും നേരിൽ കണ്ടറിഞ്ഞ സ്വാമിജിക്ക് ഭാരതത്തെ ഏതു ദിശയിൽ നയിക്കണമെന്ന കാര്യത്തിൽ സന്ദേഹമൊന്നും ഉണ്ടായില്ല. മോശമായി വന്ന ആരോഗ്യം അവഗണിച്ച്, രാഷ്ട്രപുനർനിർമ്മാണത്തിനായി പ്രതിജ്ഞ എടുത്ത അദ്ദേഹം രണ്ടു സംഘങ്ങൾ രൂപികരിക്കുകയുണ്ടായി. ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കായി ശ്രീരാമകൃഷ്ണമഠവും, സേവന പ്രവർത്തനങ്ങൾക്കായി ശ്രീരാമകൃഷ്ണ മിഷനും. ഹൗറ ജില്ലയിൽ സ്ഥാപിച്ച ബേലൂർ മഠം ആയിരുന്നു രണ്ടിന്റേയും ആസ്ഥാനം. നിരന്തരമായ പ്രവർത്തനങ്ങളിലൂടെ ശതാബ്ദങ്ങളായി നിലനിന്നിരുന്ന അപകർഷതാബോധം വെടിഞ്ഞ്, ശക്തിയുടേയും ധൈര്യത്തിന്റേയും പാത സ്വീകരിക്കുവാൻ ഈ സ്ഥാപങ്ങളുടെ പ്രവർത്തനം വളരെയേറെ സഹായിച്ചു. ഈ പ്രസ്ഥാനങ്ങളുടെ ഏകദേശം ഇരുനൂറോളം ഘടകങ്ങൾ ഇന്ന് ലോകത്തെമ്പാടുമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. സ്വാമിജി രചിച്ച നാൽപതോളം കൃതികളും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും തെല്ലു പോലും കോട്ടമില്ലാതെ ഭാരതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് മാർഗ്ഗരേഖയായി ഇപ്പോഴും നിലകൊള്ളുന്നു.

രാജ്യത്തിന്റെ നിലനില്പ് അവിടത്തെ അദ്ധ്വാന ഭാരം ചുമക്കുന്ന താഴെക്കിടയിലുള്ളവരിലാണ് എന്നു പറഞ്ഞ സ്വാമിജി, സോഷ്യലിസ്റ്റാദർശങ്ങൾ കൊണ്ട് ഭാരതത്തെ മൂടുന്നതിനു മുൻപ്, ആദ്ധ്യാത്മികാദർശങ്ങൾ കൊണ്ടതിനെ അഭിഷേകം ചെയ്യണമെന്നും നിർദ്ദേശിക്കയുണ്ടായി. എല്ലാ മതങ്ങളും സത്യമാണെന്നും, ഒരേ ലക്ഷ്യത്തിലെക്കൊഴുകുന്ന പല നദികൾ പോലെയാണെന്നും പറഞ്ഞ സ്വാമിജി, ''മതം കൂട്ടായി പ്രവർത്തിക്കുന്നതായിരിക്കരുത്, മതത്തിന്റെ യഥാർത്ഥ പ്രവർത്തനം വ്യക്തി നിഷ്ടമായിരിക്കണം അത് പവിത്രമായും രഹസ്യമായും സൂക്ഷിക്കുകയും വേണം'' എന്നും ഉദ്ബോധിപ്പിച്ചെങ്കിലും നാമത് ചെവിക്കൊണ്ടില്ല. വിദേശികൾ ഭാരതത്തെ ശരിക്കറിയാനിടവന്നതും, സ്നേഹിക്കാൻ തുടങ്ങിയതും സ്വാമി വിവേകാനന്ദന്റെ ശബ്ദം ശ്രവിക്കാനിടയായപ്പോഴാണ്. സ്വന്തം മോക്ഷം മാത്രം ലക്ഷ്യമിട്ടു കൊണ്ട് ഗുരുദേവനെ സമീപിച്ച് നിർവ്വികല്പ സമാധി തനിക്ക് പ്രദാനം ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ ''ലജ്ജയില്ലേ നിനക്ക്. നീ വലിയൊരു ആൽമരമായി വളർന്ന് ലോകത്തിനു മുഴുവൻ തണലായി മാറുമെന്നാണ് ഞാൻ കരുതിയത്. ഇപ്പോൾ നീ നിന്റെ മോചനത്തിനായി കേഴുന്നുവോ? എനിക്ക് നിന്റെ നേരെ നോക്കുവാൻ കൂടി മടി തോന്നുന്നു'' എന്ന് ഗുരു അധിക്ഷേപിച്ചു. അന്നാണ് സ്വാമിജി തന്റെ ജീവിതോദ്ദേശത്തെക്കുറിച്ച് ബോധവാനായത്. ഗുരുദേവൻ ആഗ്രഹിച്ചതു പോലെ ലോകം മുഴുവൻ പടർന്നു പന്തലിച്ചു നിൽക്കുന്ന വലിയൊരു ആൽമരമായി മാറുവാൻ ശിഷ്യന് പിന്നെ അധികം സമയം വേണ്ടി വന്നില്ല. സ്വാമിജി തന്നെ അഭിപ്രായപ്പെട്ടു. ഒരാൾക്കു മാത്രമായി ഒരു മോക്ഷമില്ല. മോക്ഷത്തിനുള്ള മാർഗ്ഗം ദീനനും ദരിദ്രനും പീഡിതനുമായി പ്രത്യക്ഷപ്പെടുന്ന മനുഷ്യരൂപത്തിലുള്ള ഈശ്വരനെ സേവിക്കൽ തന്നെയാണ് എന്ന്. 1902 ജൂലൈ 4ന് ബേലൂർ മഠത്തിൽ വെച്ച് സ്വാമിജി ദേഹം വെടിഞ്ഞെങ്കിലും, ആ ആൽമരം ഏവർക്കും സുഖശിതളിമ നൽകിക്കൊണ്ട് ലോകം മുഴുവൻ ഇന്നും പടർന്നു പന്തലിച്ചു നിൽക്കുന്നു. വേദാന്തതത്വങ്ങളും, യോഗദർശനവും വിദേശീയർക്കു പരിചയപ്പെടുത്തി, ഹിന്ദുമതത്തിന് ലോകം മുഴുവൻ ഖ്യാതി നേടിക്കൊടുത്ത്, ജനങ്ങളിൽ ദേശീയബോധം വളർത്തി, ഒരു നവ ഭാരത സൃഷ്ടി നടത്തുവാൻ സ്വാമിജിക്ക് കഴിഞ്ഞു.

സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും, സർവ്വധർമ്മസമഭാവത്തിന്റേയും സന്ദേശം നൽകി ഭാരതത്തെ ആദ്ധ്യാത്മിക നേതൃസ്ഥാനത്ത് അവരോധിച്ച സ്വാമിജി, ആധുനി കതയും പ്രാചീനതയും, ദേശഭക്തിയും സാർവ്വലൗകികതയും, ശാസ്ത്രവും ആദ്ധ്യാത്മികതയും,തത്ത്വവും പ്രവൃത്തിയും സമന്വയിച്ച അപൂർവ്വ വ്യക്തിത്വത്തിനുടമയായിരുന്നു.

നൂറ്റിഅമ്പതാം ജന്മവാർഷികാഘോഷ വേളയിൽ ആ പുണ്യാത്മാവിന്റെ സ്മരണയ്ക്കു മുന്നിൽ നമുക്ക് പ്രണമിക്കാം.

മഹാകവി രവീന്ദ്രനാഥാ ടാഗോർ പറഞ്ഞത് നമ്മുടെ ഓർമ്മയിലുണ്ടാകട്ടെ.

**ഇന്ത്യയെ അറിയുവാൻ**
**വിവേകാനന്ദനെ അറിയുക .**



# സ്വാമി വിവേകാനന്ദൻ നവഭാരതശില്പി



- പ്രൊഫഃ വത്സല പ്രസാദ്

1893 സെപ്റ്റംബറിൽ അമേരിക്കയിലെ ചിക്കാഗോ പട്ടണത്തിൽ വെച്ചു നടന്ന സർവ്വമതസമ്മേളനത്തിലൂടെ ഇന്ത്യയിലെ യുവസന്യാസിയായ സ്വാമി വിവേകാനന്ദൻ ലോകത്തിന്റെ ആരാധ്യ പുരുഷനായി. അദ്ദേഹം പ്രതിനിധാനം ചെയ്ത ഭാരതത്തിനേയും, ഹിന്ദുമതത്തിനേയും ലളിതമെങ്കിലും ശക്തമായ ഭാഷയിൽ അദ്ദേഹം ലോകരാഷ്ട്രങ്ങൾക്ക് പരിചയപ്പെടുത്തി. “അമേരിക്കയിലെ സഹോദരൻമാരെ, സഹോദരിമാരെ” എന്നുള്ള സംബാധന തന്നെ തന്റെ രാഷ്ട്രത്തിന്റേയും, മതത്തിന്റെയും, സൗഹാർദ്ദത്തിന്റേയും, സഹിഷ്ണുതയുടേയും പ്രതീകമായിരുന്നു. ഹൈന്ദവ സംസ്കാരത്തിന്റെ മാഹാത്മ്യവും പക്വതയും വിവേകാനന്ദന്റെ വാക്കുകളിലൂടെ ലോക മനസ്സുകളിലേയ്ക്ക് ഒഴുകിയെത്തി.

സർവ്വ മനസ്സുകളുടേയും ഐക്യവും, മനുഷ്യന്റെ മാഹാത്മ്യവും, ആത്മാവിന്റെ ലക്ഷ്യവും സ്വാമി ഇവിടെ വിശദമാക്കി. സഹിഷ്ണുതയുടേയും, സർവ്വമത ഐക്യത്തിന്റേയും, സഹകരണത്തിന്റേയും പ്രാധാന്യം അദ്ദേഹം ആകർഷകമായിതന്നെ അവതരിപ്പിച്ചു. വേദാന്തത്തിന്റെ സങ്കീർണ്ണ തത്വങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ, ലളിതഭാഷയിൽ സ്വാമി വിവേകാനന്ദൻ വിവരിക്കുമ്പോൾ ശ്രോതാക്കൾ ഒരു നവയുഗ സന്ദേശകനായിട്ടും, പ്രവാചകനായിട്ടുമൊക്കെ അദ്ദേഹത്തെ സ്വീകരിക്കുകയായിരുന്നു.

ചരിത്രത്തിലാദ്യമായി ഹിന്ദുത്വം അതർഹിക്കുന്ന മഹത്വം കണ്ടെത്തി. സത്യത്തിനെ മാത്രം ഉൾക്കൊള്ളുന്ന, സംഘടിതമായ ഒരു തത്വസംഹിത കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ദേശാഭിമാനത്തിന്റേയും, വർഗ്ഗാഭിമാനത്തിന്റേയും പിൻബലത്തിൽ ശക്തിയും, പൌരുഷവും ആത്മാഭിമാനവും നിറഞ്ഞ വാക്കുകളിലൂടെ ഭാരതത്തിന്റെ ആത്മീയ സന്ദേശം അദ്ദേഹം ലോകത്തിനു മുമ്പിൽ സമർപ്പിച്ചു.

1863 ജനുവരി 12 ന് കൽക്കത്തയിൽ ജനിച്ച നരേന്ദ്രനാഥനെന്ന ബാലനാണ് സ്വാമി വിവേകാനന്ദനെന്ന പേരിൽ ഇന്ത്യയുടെ അഭിമാന സംരക്ഷകനായി മാറിയത്. അസാമാന്യ ബുദ്ധിശക്തിയുണ്ടായിരുന്ന നരേന്ദ്രൻ, സ്നേഹം, കരുണ, ദയ തുടങ്ങിയ സദ്ഗുണങ്ങൾ കൊണ്ട് ചെറുപ്പം മുതൽ ശ്രദ്ധേയനായിരുന്നു. ഇതോടൊപ്പം ആത്മീയതയോടുണ്ടായിരുന്ന താല്പര്യവും, അറിവും, ആജ്ഞാശക്തിയും കൊണ്ട് നേടിയെടുത്ത നേതൃശക്തിയും അപാരമായിരുന്നു. .....യുക്തിപൂർവ്വം എന്തിനേയും വിശകലനം ചെയ്യുവാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ആകർഷകമായ ആത്മവിശ്വാസം നരേന്ദ്രന്റെ പ്രത്യേകതയായിരുന്നു.

ഇന്ത്യൻ നവോത്ഥാന പ്രസ്താനത്തിലെ അതിപ്രശസ്തനായ ആചാര്യൻ ശ്രീരാമകൃഷ്ണ പരമഹംസന്റെ പ്രിയശിഷ്യനായിട്ടാണ് വിവേകാനന്ദൻ ഇന്ത്യൻ സമൂഹത്തിൽ ഖ്യാതി നേടിയത്. ഈ ഗുരുവും ശിഷ്യനും തമ്മിലുള്ള ആത്മീയ ഐക്യം പരിപൂർണ്ണമായിരുന്നു. ഗുരുവിന്റെ സന്ദേശവാഹിയായിട്ടാണ് വിവേകാനന്ദൻ ലോകരംഗത്തേക്കിറങ്ങിയത്. പരമഹംസനെപ്പോലെ തന്നെ വിവേകാന്ദനും എല്ലാ ലോകമതങ്ങളും സമഗ്രമായി മനസ്സിലാക്കിയിരുന്നു. ഈ ഗാഢമായ അറിവാണ് വിവേകപൂർണ്ണമായ തിരിച്ചറിവിലേയ്ക്കും നയിച്ചത്. എല്ലാ മതവിശ്വാസങ്ങളിലേയും സത്യം കണ്ടെത്തി, സ്നേഹമെന്ന ചരടുകൊണ്ട് എല്ലാത്തിനേയും കോർത്തിണക്കി, മാനവികതയ്ക്കു തന്നെ പുതിയൊരു വ്യാഖ്യാനം നല്കി. രാമകൃഷ്ണമിഷന് രൂപം നല്കുന്നതിനും വളരെ കാര്യക്ഷമമായ രീതിയിൽ ആ സംഘടന വളർത്തിയെടുക്കുന്നതിനും വിവേകാനന്ദൻ വഹിച്ച പങ്ക് അത്ഭുതകരമാണ്. ശ്രീരാമകൃഷ്ണ പരമഹംസന്റെ ആദർശങ്ങൾക്കനുസരിച്ച്, പരിശുദ്ധവും, ത്യാഗസമ്പൂർണ്ണവും, ഭക്തിമയവുമായ ജീവിതം നയിക്കുന്ന ആയിരക്കണക്കിന് സന്യാസിമാർ ഇന്ത്യയ്ക്കകത്തും, പുറത്തും ഈ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ജാതിക്കും മതത്തിനുമൊക്കെ അതീതമായി,ധാരാളം മനുഷ്യകാരുണ്യ പ്രവർത്തനങ്ങൾ ഇവർ കാഴ്ച വെയ്ക്കുന്നുണ്ട്. ഇന്ത്യയുടെ സാംസ്കാരിക മേഖലയിൽ ശ്രദ്ധേയമായ ഒരു പങ്കാണ് ഈ ഗുരുദക്ഷിണ വഴി വിവേകാന്ദൻ രാജ്യത്തിനു നല്കിയത്.

സാർവ്വലൗകികമായ കാഴ്ചപ്പാടാണ് വിവേകാന്ദനുണ്ടായിരുന്നത്. മതം സത്യമാണെന്നും, അതുകൊണ്ടു തന്നെ എല്ലാ മതവിശ്വാസങ്ങളും ഒന്നാണെന്നും അദ്ദേഹം സമർത്ഥിച്ചു. ഹിന്ദുക്കൾ സഹിഷ്ണതയുള്ള എല്ലാ മതാചാരങ്ങളേയും, അനുഷ്ഠാനക്രമങ്ങളേയും സംയോജിപ്പിച്ചു അനുവർത്തിക്കുന്നവരുമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മതവിശ്വസങ്ങളാകുന്ന വിവിധ പുഷ്പങ്ങളെ സ്നേഹമാകുന്ന ചരടിൽ ബന്ധിച്ച്, ആരാധനയോടെ പുഷ്പചക്രം അർപ്പിക്കുകയാണ്. ഒന്നും അന്യമോ, വൈദേശികമോ അല്ല, മാനവികതയും സത്യവുമാണ് എല്ലാത്തിന്റേയും കേന്ദ്രബിന്ദു, അഗാധമായ പാണ്ഡിത്യവും, അതിർവരമ്പുകളില്ലാത്ത വീക്ഷണവും, സ്വന്തം സംസ്കാരത്തിലുള്ള അഭിമാനവും, അസാമാന്യമായ ധീരതയുമാണ് വിവേകാനന്ദന്റെ ഉദാരമായ കാഴ്ചപ്പാടിന് കാരണമായത്. കാലത്തിനും, ദേശത്തിനും അതീതമായി ചിന്തിക്കുവാൻ കഴിഞ്ഞ വിവേകാനന്ദന് മാനവസേവ തന്നെയായിരുന്നു ഏറ്റവും വലിയ മാധവസേവ. സ്വന്തം വ്യക്തിത്വം പ്രദാനം ചെയ്ത അപാരമായ ആത്മവിശ്വാസത്തിനും, ധിരതയ്ക്കും പ്രചോദനം നല്കിയത് മഹത്തായ ഇന്ത്യൻ ആത്മീയ സംസ്കാരമായിരുന്നു. വേദങ്ങളും ഉപനിഷത്തും, ബുദ്ധമതമടക്കമുള്ള നിരവധി മതവിശ്വസങ്ങളും, ഭൌതികവും ആത്മീയവുമായ അനുഭവസമ്പത്തും, പ്രകൃതി

യുടെ അനുഗ്രഹങ്ങളും, അനേകം മഹാപണ്ഡിതരുടെ അറിവിന്റെ നിധികളുമെല്ലാം ഈ വ്യക്തിത്വത്തിനെ സ്വാധീനിച്ചിരുന്നു.

കേവലം ഏതാനും പുസ്തകങ്ങളായല്ല, വിവേകാനന്ദൻ വേദങ്ങളെ കണ്ടത്. കാലാകാലങ്ങളായി മനുഷ്യൻ കണ്ടെത്തിയ ആത്മീയ നിയമങ്ങളുടെ നിധിയായിട്ടാണ് അവയെ വിലയിരുത്തിയത്. വേദാന്ത സംഹിതകളുടെ നിഗൂഢമായ സിദ്ധാന്തങ്ങളോടൊപ്പം തന്നെ ആധുനിക ശാസ്ത്രീയ നേട്ടങ്ങളും, വിഗ്രഹാരാധനയുടെ പ്രത്യേകതകളും, ബുദ്ധജൈവ വിശ്വാസങ്ങളുടെ പ്രായോഗിക ജീവിതചര്യകളുമെല്ലാം ഈ വേദഗ്രന്ഥങ്ങളിൽ കണ്ടെത്തി. ഓരോ വ്യക്തിക്കും സ്വന്തം ഇഷ്ടാനുസരണം ദൈവത്തിലേയ്ക്കുള്ള പ്രയാണത്തിന് ഇവിടെ സ്വാതന്ത്ര്യമുണ്ട്. ശങ്കരാചാര്യരെപ്പോലെ വിവേകാനന്ദനും വേദങ്ങളും ഉപനിഷത്തും തന്നെയാണ് തന്റെ അറിവിന്റെ ഉറവിടമായി കണ്ടത്. ഭാരതത്തിന്റെ അഭിമാനമായ ഈ അക്ഷരഖനിയിൽ അദ്ദേഹം ആഴ്ന്നിറങ്ങി. താൻ നേടിയ പാണ്ഡിത്യം തന്നിൽ നിക്ഷിപ്തമായ ഒരു ദൈവനിയോഗംപോലെ വളരെ ലളിതമായ ഭാഷയിൽ അദ്ദേഹം പുറംലോകത്തിന് പകർന്നു നൽകി. താൻ നേടിയ അറിവിനെ കൂടുതൽ ഉജ്വലമാക്കുവാനുള്ള ബുദ്ധിനൈപുണ്യവും, നൂറ്റാണ്ടുകളായി ഇന്ത്യയിലെ മഹാജ്ഞാനികൾ സംഭാവന ചെയ്ത തത്വജ്ഞാനങ്ങൾ അവയിൽ ഉൾക്കൊള്ളിക്കുവാനുള്ള സിദ്ധിവിശേഷവും, വിവേകാനന്ദനുണ്ടായിരുന്നു. ഇവിടെയാണ് അദ്ദേഹം മറ്റു പലരിൽനിന്നും വ്യത്യസ്തനാകുന്നത്. തന്റെ മഹാഗുരുവായ ശ്രീരാമകൃഷ്ണ പരമഹംസന്റേയും, ശ്രീശങ്കരാചാര്യരുടേയും തത്വചിന്തകൾക്ക് കൂടുതൽ വിശദീകരണം നൽകുവാനും, അവയെ ലളിതവൽക്കരിക്കുവാനും ഈ സന്യാസിപണ്ഡിതന് കഴിഞ്ഞു. സ്വാമി വിവേകാനന്ദൻ ഒരേ സമയം പാശ്ചാത്യ, പൗരസ്ത്യ സംസ്കാരങ്ങളുടെ സംയോജകനും, ഇന്നലെകളുടേയും, നാളെയുടേയും ദാർശനികനുമാണ്. വൈവിധ്യങ്ങളേയും, ഏകതയേയും ഒരേ സമയം യാഥാർത്ഥ്യമായി അംഗീകരിച്ച അദ്ദേഹം അനുഷ്ഠാനകർമ്മങ്ങളേയും തൊഴിലിനേയും ഒരുപോലെ ഉൾക്കൊണ്ട്. ജീവിതമെന്നതു തന്നെ ഒരു മതാനുഷ്ഠാനമായി വ്യാഖ്യാനിക്കുകയാണുണ്ടായത്. ജ്ഞാനത്തിനോടും ഭക്തിയോടും കൂടി കർമ്മത്തിനേയും ദൈവമാർഗ്ഗമായി അംഗീകരിച്ചുകൊണ്ടാണ് വിവേകാനന്ദൻ ദൈവത്തിനേയും മനുഷ്യനേയും കോർത്തിണക്കിയത്. കലയും, ശാസ്ത്രവും, മതവുമൊക്കെ അദ്ദേഹത്തിന് സത്യത്തെ പ്രകാശിപ്പിക്കുന്ന വിവിധ മാർഗ്ഗങ്ങൾ മാത്രമായിരുന്നു.

ഇന്ത്യയിൽ മതപ്രചരാണർത്ഥം വന്ന വിദേശികളോട് ഇന്ത്യയ്ക്കും ആത്മീയ സമ്പന്നത വേണ്ടുവോളമുണ്ടെന്നും, വിശക്കുന്ന വയറിനു വേണ്ട ഭക്ഷണമാണ് ആവശ്യമെന്നും പറയുമ്പോൾ മനുഷ്യസ്നേഹിയായ ഒരു സാമൂഹ്യപരിഷ്കർത്താവിനേയുമാണ് വിവേകാനന്ദനിൽ കണ്ടെത്തുന്നത്. വിശാലമായ ഭാരതപര്യടനത്തിലൂടെ തന്റെ രാജ്യത്തിന്റെ യഥാർത്ഥ മഹിമയും, അതിന്റെ താൽക്കാലി കക്ഷയവും, അതിനുള്ള കാരണവും അദ്ദേഹം മനസ്സിലാക്കി. മഹത്തത്വങ്ങളെ ശരിയായി മനസ്സിലാക്കാത്തതുകൊണ്ടും, അവയെ നിത്യജീവിതത്തിൽ പ്രായോഗികമാക്കാത്തതുകൊണ്ടുമാണ് ഈ ദുരവസ്ഥയുണ്ടായതെന്ന് അദ്ദേഹത്തിന് വ്യക്തമായി. ഒഴിഞ്ഞ വയറുള്ളവന്റെ മനസ്സിൽ വേദാന്തം കടക്കുന്നതെങ്ങനെയെന്ന് അദ്ദേഹം സ്വയം ചോദിച്ചു. ത്യാഗവും സ്നേഹവുമുള്ള നിസ്വാർത്ഥരായ ചെറുപ്പക്കാരാണ് ഇന്ത്യയുടെ രക്ഷകരാകേണ്ടതെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സ്വാമി വിവേകാനന്ദൻ രാജ്യസ്നേഹിയായ സന്യാസിയായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ഇന്ത്യൻ ജനത സംഘടിക്കുകയും, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് രൂപം നല്കുകയും ചെയ്ത കാലഘട്ടങ്ങളോട് ചേർന്നു നില്ക്കുന്ന ഒരു ജീവിതകാലം അദ്ദേഹത്തിനുണ്ടായി എന്നുള്ളത് യാദൃച്ഛികമാകാം. ഇന്ത്യൻ നവോത്ഥാനപ്രസ്ഥാനങ്ങൾ ആത്മീയ, സാമൂഹ്യ പരിഷ്കാരങ്ങളോടൊപ്പം തന്നെ, രാഷ്ട്രീയമായ ഒരു പുതുജീവൻ ഇന്ത്യയ്ക്കു പ്രദാനം ചെയ്തു. നമ്മുടെ ശക്തിയിലും, ദൈവത്തിലുമുള്ള വിശ്വാസവുമാണ് മഹത്വത്തിന്റെ രഹസ്യമെന്നുള്ള ആശയം, ആലസ്യത്തിലാണ്ടു കിടന്ന ഇന്ത്യൻ ജനതയെ ഉണർത്തുന്നതിന് സഹായകമായി. ആത്മീയജ്ഞാനവും, സാമൂഹ്യവീക്ഷണവും ഇന്ത്യൻ സംസ്കാരത്തിന്റെ മഹത്വത്തിലുള്ള അഭിമാനവുമൊക്കെ ദേശീയതയെ ലക്ഷ്യമിട്ട് മുന്നേറിയപ്പോൾ, ലക്ഷ്യബോധമുള്ള, ആത്മവിശ്വാസമുള്ള ധീരരായ യുവതലമുറയ്ക്ക് പ്രചോദനമായി മാറി അത്.

ഇന്ത്യയെ അടുത്തറിയുവാനും, തന്റെ രാജ്യത്തിന്റെ നീറുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുവാനും വിവേകാനന്ദന് കഴിഞ്ഞത് രാജ്യത്തിലുടനീളം അദ്ദേഹം നടത്തിയ യാത്രകളിലൂടെയാണ്. നൂറ്റാണ്ടുകളായിട്ടുള്ള വിദേശിയാധിപത്യം ഇന്ത്യയുടെ വ്യക്തിപ്രഭാവത്തിന് മങ്ങലേല്പിച്ചതായി കണ്ടെത്തി. ജാതിസമ്പ്രദായം ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയെ എത്രമാത്രം ദുർഘടമാക്കുന്നുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പാവപ്പെട്ടവരുടെ ഉന്നമനത്തിനു വേണ്ടിയുള്ള പോരാട്ടം ഇന്ത്യൻ ദേശിയതയുടെ അടിസ്ഥാനമായി സ്വീകരിക്കുകയും ചെയ്തു.

ആലസ്യത്തിലാണ്ടു കിടക്കുന്ന ഇന്ത്യൻ ജനതയെ ഉണർത്തിയെടുത്ത് ശക്തിയെ പുനഃസ്ഥാപിക്കുകയെന്നത് തന്റെ ജീവിതലക്ഷ്യമായി സ്വാമിജി കരുതി. അന്ധവിശ്വാസങ്ങളുടേയും, ദുരാചാരങ്ങളുടേയും പേരിൽ കരിപുരണ്ടു കിടന്ന ഹിന്ദുമതത്തിനെ ശുദ്ധീകരിച്ചെടുത്ത്, അതിന്റെ ശരിയായ പ്രഭയും, വെളിച്ചവും ലോകത്തിനു മുമ്പിൽ സമർപ്പിക്കുക എന്നതായിരുന്നു അതിന്റെ ആദ്യത്തെ കർമ്മം.

നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുവാനും, ആത്മാഭിമാനം പുനസ്ഥാപിക്കുവാനും ഇന്ത്യയുടെ മഹത്തായ ആത്മീയ പാരമ്പര്യത്തിനെ തന്നെ അദ്ദേഹം ആശ്രയിച്ചു. മതാധിഷ്ഠിതമായ ഇന്ത്യൻ സംസ്കാരം മഹത്തരമാണെന്നും, ഇവിടെ മതമെന്നത് മനുഷ്യന്റെ ഏറ്റവും വലിയ സാംസ്കാരിക പ്രക്രിയയാണെന്നും, അഭിപ്രായപ്പെട്ടു. വേദോപനിഷത്തുക്കളോ, സന്യാസിവര്യരോ മാത്രമല്ല, സാധാരണക്കാരും അവരുടെ സുഖദുഃഖങ്ങളുമെല്ലാം ഈ പാരമ്പര്യത്തിന്റെ ഭാഗമാണെന്ന് സമർത്ഥിച്ചു.

വിവേകാനന്ദൻ വളർത്തിയെടുത്ത ഈ ദേശീയബോധം ദേശസ്നേഹമായി

പരിണമിച്ച് ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ട കാഹളം മുഴക്കി. രാജ്യത്തിന്റെ അഭിമാനവും, അന്തസ്സും, യാതനയും, ദുരിതവുമെല്ലാം ശരിയായ അർത്ഥത്തിൽ തിരിച്ചറിഞ്ഞ വിവേകാനന്ദൻ ഏറ്റവും വലിയ മനുഷ്യ സ്നേഹിയും രാജ്യസ്നേഹിയുമായി അംഗീകരിക്കപ്പെട്ടു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് മഹാത്മാഗാന്ധി നൽകിയ നേതൃത്വം ഇന്ത്യൻ ജനതയുടെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമിട്ടുകൊണ്ടാണ്. പാവപ്പെട്ടവരും, അശരണരും ഉദ്ധരിക്ക പ്പെടുക എന്ന ലക്ഷ്യം സമാന്തരമായി നിലനിർത്തിക്കൊണ്ടാണ് വിദേശീയാധിപത്യത്തിനെതിരെ കലാപമുയർത്തിയത്. സ്ത്രീകളേയും സാമൂഹ്യധാരയ്ക്കു മുമ്പിൽ കൊണ്ടു വരുവാനുള്ള ശ്രമങ്ങളും നടന്നു. ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിലേയ്ക്ക് വരുന്നതിനു മുമ്പു തന്നെ മരണമടഞ്ഞ വിവേകാനന്ദന്റെ രാഷ്ട്രീയ സങ്കല്പവും ഇതു തന്നെയായിരുന്നു. കാലത്തിനു മുമ്പിൽ സഞ്ചരിച്ച് പിൻതലമുറയെ സ്വാധീനിച്ചു കൊണ്ടിരുന്ന അപൂർവ്വ രാഷ്ട്രീയ പ്രതിഭയായിട്ട് സ്വാമിവിവേകാനന്ദനെ വിശേഷിപ്പിക്കാവുന്നതാണ്.

ലോകരാഷ്ട്രങ്ങളോടൊപ്പം ഇന്ത്യ വളർന്നു വികസിക്കണമെന്നും, കാലത്തിന്റെ എല്ലാ ഭൗതികനേട്ടങ്ങളും ഇന്ത്യ ഉൾക്കൊള്ളണമെന്നും വിവേകാനന്ദൻ ഉദ്ബോധിപ്പിച്ചു. വിദേശ പര്യടനങ്ങളിലൂടെ ഹൈന്ദവ സംസ്കാരത്തിന്റെ പ്രതിഛായ വളർത്തിയെടുക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്, ശാസ്ത്രീയ പുരോഗതിയിലൂടെ, വിശാലമായ പ്രപഞ്ച വീക്ഷണങ്ങളിലൂടെ, കാലത്തിനും ലോകത്തിനുമൊപ്പം തലയുയർത്തി നില്ക്കുന്ന സ്വന്തം രാഷ്ട്രത്തിനെയാണ് അദ്ദേഹം സ്വപ്നം കണ്ടത്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയും, ആധുനിക ഇന്ത്യയുടെ ശില്പിയുമായ ജവഹർലാൽ നെഹ്റു ഈ സ്വപ്നത്തിനെ സാക്ഷാത്കരിച്ചു. നവഭാരതശില്പികളിലൊരാളായി സ്വാമി വിവേകാനന്ദൻ ആദരിക്കപ്പെടുന്നു. കാവിയുടുത്ത ഈ ആത്മീയ ആചാര്യൻ ഇന്ത്യയുടെ രാഷ്ട്രീയഗുരുവും കൂടിയാണ്. പ്രായോഗികവേദാന്തമെന്നും, സോഷ്യലിസ്റ്റ് വേദാന്തമെന്നും വിശേഷിപ്പിക്കുന്ന ആശയസംഹിതയുടെ ആചാര്യൻ. **

## വദതു സംസ്കൃതം (സംസ്കൃതം പറയൂ)



ആർ.കിരൺകുമാർ

| | |
|---|---|
| താങ്കൾ ഏതു ക്ലാസിൽ പഠിക്കുന്നു | ഭവാൻ/ഭവതീ കസ്യാം കക്ഷായാം പഠതി. |
| ഞാൻ 5 -ാം ക്ലാസ്സിൽ പഠിക്കുന്നു | അഹം പഞ്ചമകക്ഷായാം പഠാമി. |
| താങ്കൾ എന്ത് പഠിക്കുന്നു | ഭവാൻ/ ഭവതീ കിം പഠതി. |
| ഞാൻ കോമേഴ്സ് പഠിക്കുന്നു | അഹം വാണിജ്യം പഠാമി. |
| കോമേഴ്സ് | വാണിജ്യം |
| ആർട്ട്സ് | കലാ |
| സയൻസ് | വിജ്ഞാനം/ ഗണിതം |
| മാത്സ് | ഗണിതം |
| ഹിസ്റ്ററി | ചരിത്രം |
| മ്യൂസിക്ക് | സംഗീതം |
| ഡാൻസ് | നൃത്ത്യം |
| പഠനം എങ്ങനെയുണ്ട് | പഠനം കഥം അസ്തി? |
| നന്നായി നടക്കുന്നു | സമ്യക് പ്രചലതി. |
| ഒരു വിധം നന്നായി നടക്കുന്നു | പ്രായേണ സമ്യക് പ്രചലതി. |
| പരീക്ഷ എങ്ങനെ ഉണ്ടായിരുന്നു | പരീക്ഷ കഥം ആസീത്? |
| നന്നായിരുന്നു | സമക് ആസീത്. |

**ഇനി നമുക്ക് കുറച്ച് ക്രിയാപദങ്ങളും അല്പം സംഖ്യയും പഠിക്കാം.**

| | | | |
|---|---|---|---|
| പോകുന്നു | ഗഛതി | വരുന്നു | ആഗഛതി |
| പഠിക്കുന്നു | പഠതി | എഴുതുന്നു | ലിഖതി |
| ഉണ്ട് | അസ്തി | ഇല്ല | നാസ്തി |
| | | ചെയ്യുന്നു | കരോതി. |

**സംഖ്യാ**

| | | | |
|---|---|---|---|
| ഒന്ന് | ഏകം | ആറ് | ഷട് |
| രണ്ട് | ദ്വേ | ഏഴ് | സപ്ത |
| മൂന്ന് | ത്രീണി | എട്ട് | അഷ്ട |
| നാല് | ചത്വാരി | ഒമ്പത് | നവ |
| അഞ്ച് | പഞ്ച | പത്ത് | ദശ |

## കർക്കിടക മാസത്തിലെ രാമായണ പാരായണം

**28. 7. 2013** ഞായറാഴ്ച രാവിലെ **6.00** മണിയ്ക്ക് ആരംഭിച്ച് വൈകിട്ട് **6.00** മണി വരെ സമ്പൂർണ്ണ രാമായണ പാരായണം ടി.ഡി.എം ഹാളിൽവെച്ച് നടത്തപ്പെടുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കണ മെന്ന് താല്പര്യപ്പെടുന്നു.

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

## നിയമ സഹായവേദി

**ക**രയോഗ സൗഹൃദം വായനക്കാരുടെ നിയമ പരമായ സംശയങ്ങൾ ദൂരീക്കരിക്കുന്നതിനുവേണ്ടി നിയമസഹായവേദി എന്ന ഒരു പംക്തികൂടി കരയോഗസൗഹൃദത്തിൽ ആരംഭിക്കുന്നു. ഈ പംക്തി കൈകാര്യം ചെയ്യുന്നത് അതി പ്രശസ്തരായ അഭിഭാഷകരാണ്. നിയമങ്ങളെപ്പറ്റി നിങ്ങൾക്കുള്ള സംശയങ്ങൾ എഴുതി ചോദിക്കുക.

**എഡിറ്റർ,**

# നമ്മുടെ ആചാരങ്ങൾ

(തുടർച്ച)

## ജൻമാഷ്ടമി

**ഇ**തും ആണ്ടിലൊരിക്കൽ മാത്രം അനുഷ്ഠിക്കുന്ന വ്രതമാണ്. ചിങ്ങമാസത്തിൽ അഷ്ടമിയും രോഹിണിയും ചേർന്നു വരുന്ന ദിനമാണ് ജൻമാഷ്ടമി അഥവാ അഷ്ടമിരോഹിണി. ശ്രീകൃഷ്ണന്റെ ജൻമനാളാണ് ജന്മാഷ്ടമി. വ്രതമനുഷ്ഠിക്കുന്നവർ പുലർച്ചെ കുളിച്ച്, ശ്രീകൃഷ്ണക്ഷേത്ര ദർശനം നടത്തി, ഭഗവന്നാമോച്ചാരണവും, ഭഗവത് കഥാകഥനവും ശ്രവണവും പുരാണപാരായണവും സത്സംഗവുമായി കഴിയണം. അന്ന് പൂർണോപവാസമനുഷ്ഠിക്കണം. ശ്രീകൃഷ്ണജനനസമയമായ അർധരാത്രി കഴിവോളം ഉറങ്ങാതിരിക്കയും വേണം. മഹാവിഷ്ണുപ്രീതിയും ഐശ്വര്യവുമാണ് വ്രതാനുഷ്ഠാനഫലം.

ഉണ്ണിക്കണ്ണന്റെ ജൻമദിനം കുട്ടികളുടെ ദിനമായി ബാലദിനം ആഘോഷിക്കുന്നു. വേഷഭൂഷാദികൾ ധരിച്ച പൊന്നുണ്ണിക്കണ്ണൻമാരും, ഗോപികമാരും നഗരഗ്രാമവ്യത്യാസമില്ലാതെ നമ്മുടെ തെരുവീഥികളെ വൃന്ദാവനമാക്കി മാറ്റുന്ന സുദിനമായി ശ്രീകൃഷ്ണജയന്തി ആഘോഷിച്ചു വരുന്നു.

## ഏകാദശി വ്രതം

**വി**ഷ്ണുപ്രീതിക്കും അതുവഴി ഇഹലോകസുഖത്തിനും പരലോകമോക്ഷപ്രാപ്തിക്കുമായുള്ള വ്രതമാണിത്. ഏകാദശീവ്രതമെടുക്കുന്നയാൾ, തലേന്ന് ദശമിദിനത്തിൽ ഒരിക്കലുണ്ട് വ്രതമാരംഭിക്കണം. ഏകാദശിനാളിൽ രാവിലെ കുളിച്ച് മഹാവിഷ്ണു അഥവാ ശ്രീകൃഷ്ണക്ഷേത്രത്തിൽ ദർശനം നടത്തണം. അന്ന് പൂർണ ഉപവാസമാണ്. പകൽ ഉറങ്ങരുത്. ദ്വാദശിനാളിൽ രാവിലെ കുളിച്ച്, പാരണകഴിച്ച് വ്രതമവസാനിപ്പിക്കുന്നു. ദ്വാദശിനാളിലും ഒരിക്കലൂണാണ് വേണ്ടത്. പ്രായാധിക്യം കൊണ്ടോ, അനാരോഗ്യം കൊണ്ടോ പൂർണ ഉപവാസം അനുഷ്ഠിക്കാൻ പറ്റാത്തവർക്ക് പഴവർഗങ്ങൾ കഴിക്കാം. എട്ട് ഏകാദശികൾ പ്രാധാന്യം നൽകി അനുഷ്ഠിച്ചു വരുന്നു. പ്രോഷ്ഠപദ ഏകാദശി, പരിവർത്തന ഏകാദശി, ധനുശുക്ല ഏകാദശി, സ്വർഗ്ഗ വാതിൽ ഏകാദശി , മാഘശുക്ല ഏകാദശി, ഭീമൈകാദശി.

## ഷഷ്ഠിവ്രതം

**സു**ബ്രഹ്മണ്യപ്രീതി, സന്താനങ്ങളുടെ ശ്രേയസ്സ്, സർപ്പദോഷശാന്തി, ത്വക്രോഗശമനം, ഇഷ്ടമംഗല്യസിദ്ധി, ഉദ്ദിഷ്ടകാര്യസാദ്ധ്യം ,കുജഗ്രഹശാന്തി തുടങ്ങിയ ഫലങ്ങളാണ് ഷഷ്ഠിവ്രതത്തിന് പറഞ്ഞിരിക്കുന്നത്.

സൂര്യോദയം മുതൽ ആറുനാഴിക ഷഷ്ഠിയുള്ള ദിവസമാണ് വ്രതമനുഷ്ഠിക്കേണ്ടത്. പ്രാതഃസ്നാനശേഷം സുബ്രഹ്മണ്യക്ഷേത്രദർശനവും, നാമജപവും, സുബ്രഹ്മണ്യകഥാകഥനവും, കഥാശ്രവണവുമായി കഴിയണം. ഒരുനേരം മാത്രം ഭക്ഷണം. ക്ഷേത്രത്തിൽ നിന്ന് നേദ്യം പ്രസാദമായി വാങ്ങി കഴിക്കുന്നത് വിശിഷ്ടം. സുബ്രഹ്മണ്യപൂജ, പഞ്ചാമൃതം, പനിനീർ മുതലായവയാണ് വഴിപാടുകൾ.

വെളുത്ത ഷഷ്ഠിയിലാണ് വ്രതം അനുഷ്ഠിക്കേണ്ടത്. കറുത്ത ഷഷ്ഠിയിൽ വ്രതമില്ല. കന്നിയിലെ ഹലഷഷ്ഠി (ബലരാമജയന്തി), വൃശ്ചികത്തിലെ ഷഷ്ഠി (സൂര്യഷഷ്ഠി), കുംഭത്തിലെ ശീതളാഷഷ്ഠി എന്നിവയ്ക്കു വൈശിഷ്ട്യമേറും.

(കടപ്പാട് : ഹൈന്ദവ ജീവിത ആചാരങ്ങളും അനുഷ്ഠാനങ്ങളും കുരുക്ഷേത്രപ്രകാശൻ)

### സ്ത്രീ സമാജത്തിലെ ജൂലൈ മാസത്തെ പരിപാടികൾ

| തീയ്യതി | വിഷയം | സമയം |
|---|---|---|
| 16.7. 2013 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 pm |
| 19.7. 2013 (വെള്ളിയാഴ്ച) | വിളക്കുപൂജ | 10.00 am |
| 24.7.2013 (ബുധനാഴ്ച) | രാമായണ പരായണം | 10.00 am |
| 25.7.2013 (വ്യാഴാഴ്ച) | പാചക ക്ലാസ്സ് | 10.30 am |
| 29.7.2013 (തിങ്കളാഴ്ച) | തിരുവാതിര ക്ലാസ്സ് | 10.30 am |
| 2.8.2013 (വെള്ളിയാഴ്ച) | ഭജനക്ലാസ്സ് | 10.30 am |


**കരയോഗസൗഹൃദം**

**കരയോഗസൗഹൃദത്തിൽ പേജ് സ്പോൺസർ ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർ കരയോഗം ജനറൽസെക്രട്ടറി/എഡിറ്ററുമായി ബന്ധപ്പെടുക**

1. Back Cover (Colour)
2. Inside Cover (Front) (Colour)
3. Inside Cover (Back ) (Colour)
4. Full Page (Black &White)
5. Half Page (Black &White)
6. Quarter Page (Black & White)

# ഭാരതീയ നവോത്ഥാനത്തിന് വഴിതെളിച്ച ഒരു ഗുരുശിഷ്യബന്ധം

– സി.മുകുന്ദൻ

**ഭാ**രതീയ നവോത്ഥാനത്തിന്, നൂറ്റാണ്ടിന്റെ അപരാർദ്ധത്തിൽ ഭാരതത്തിന്റെ ഭരണം ബ്രിട്ടീഷ് രാജ്ഞി നേരിട്ടെടുത്ത ശേഷം, ഭാരതത്തിൽ ദൂരവ്യാപകമായ പരിവർത്തനങ്ങളുടെ പല സൂചനകളും കാണപ്പെട്ടു. ആദ്യസൂചനകൾ ബംഗാളിലായിരുന്നു., കാരണം, ബ്രിട്ടിഷുകാർ ഭരണം ശക്തമായി സ്ഥാപിച്ചതും, പാശ്ചാത്യവിദ്യാഭ്യാസം ആദ്യമായി നടപ്പാക്കിയതും അവിടെയായിരുന്നു. മാത്രമല്ല, നൂറ്റാണ്ടുകളായി പാരതന്ത്ര്യത്തിൽ ആണ്ടു കിടന്ന ഹിന്ദുമതത്തിൽ അന്ധവിശ്വാസങ്ങളും , യാഥാസ്ഥിതിക അനാചാരങ്ങളും, സ്വന്തം പൈതൃകത്തെക്കുറിച്ചുള്ള ആജ്ഞാനവും ഏറിക്കൊണ്ടിരുന്നു. അക്കാലത്ത് ഭാരതത്തിൽ എത്തിയ കൃസ്ത്യൻ മിഷണറിമാർ മതപരിവർത്തനങ്ങളിലൂടെ ഈ അവസ്ഥയെ ചൂഷണം ചെയ്യുവാനും തുടങ്ങി.

എന്നാൽ ഉൽപതിഷ്ണുക്കളായ ചിലർ ഇതിന് വിപരീതമായ ഒരു സ്വാധീനത്തിന് വേണ്ടി പരിശ്രമിച്ചിരുന്നു. സർ വില്യം ജോൺസ് കൽക്കത്തയിൽ മുമ്പേതന്നെ സ്ഥാപിച്ചിരുന്ന "ദ ഏഷ്യാറ്റിക് സൊസൈറ്റി" ഭാരതത്തിന്റെ ഭൂതകാലമഹിമയും സമ്പന്നമായ പൈതൃകവും പുനരാവിഷ്കരിക്കുവാൻ തുടങ്ങി. രാം മോഹൻ റായുടെ ബ്രഹ്മസമാജ്, കേശവചന്ദ്രസെൻ പോലുള്ളവർ തുടങ്ങിയ വിദ്യാഭ്യാസ സാമൂഹ്യ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ബംഗാളിനു പുറത്തും പരക്കുവാൻ തുടങ്ങി. പഞ്ചാബിൽ സ്വാമി ദയാനന്ദ സരസ്വതിയുടെ ആര്യസമാജത്തിലൂടെ വേദങ്ങളിലേക്ക് തിരിച്ചു പോകുക എന്ന ഉദ്ബോധനം വലിയ വിജയമായിരുന്നു. ആനി ബെസന്റ് ദക്ഷിണേന്ത്യയിൽ തുടങ്ങിയ "തിയോസഫിക് സൊസൈറ്റിയും" ഹൈന്ദവപുനരുദ്ധാരണത്തിനു വേണ്ടി പ്രവർത്തിച്ചിരുന്നു. ഇതിന്റെയെല്ലാം ഫലമായി ജീർണ്ണതകളെ ത്യജിച്ച്, സ്വന്തം പൈതൃകത്തെ വീണ്ടെടുക്കണമെന്ന ബോധം യുവാക്കളിൽ, പ്രത്യേകിച്ച് ഇംഗ്ലീഷു വിദ്യാഭ്യാസം നൽകിയ പുതിയൊരു ധൈഷണികാന്തരീക്ഷത്തിൽ വളർന്നവരുടെ മനസ്സിൽ ഉറച്ചു വന്നു. ഈ പശ്ചാത്തലത്തിലാണ് വിവേകാനന്ദൻ എന്ന അഭൂതപൂർവ്വമായ ഒരു ജ്യോതിസ്സിന്റെ ഉദയം. കൽക്കത്തയിലെ സംസ്കാരസമ്പന്നവും, കുലീനവുമായ വിശ്വനാഥദത്ത് കുടുംബത്തിൽ 1863 ജനുവരി 12 ാം തീയതി നരേന്ദ്രനാഥൻ ജനിച്ചു. അച്ഛനമ്മമാരുടെ വിശാല മനസ്കതയും, ധർമ്മനിഷ്ഠയും മാത്രമല്ല, ലൗകീക കാര്യങ്ങൾ ത്യജിച്ച് ആശ്രമവാസത്തിലെത്തിയ മുത്തച്ഛന്റെ ആദ്ധ്യാത്മികതയും നരേന്ദ്രനെ സ്വാധീനിച്ചു.

അസാമാന്യ ബുദ്ധിശക്തിയും, ഓർമ്മശക്തിയും, നിർഭയത്വവും ആത്മ വിശ്വാസവും പ്രകടമായ ആ ബാലൻ സംസ്കൃതം, ഇംഗ്ലീഷ്, ചരിത്രം, തത്വശാസ്ത്രം എന്നിവ കൂടാതെ, കായിക വിനോദങ്ങളും, കലകളും താല്പര്യത്തോടെ പരിശീലിച്ചു. കോളേജ് പഠനക്കാലത്ത് നരേന്ദ്രന്റെ ധീഷണ പാശ്ചാത്യ ചരിത്രം, ശാസ്ത്രം തുടങ്ങി കൂടുതൽ വിഷയങ്ങളിലേയ്ക്ക്, വ്യാപിച്ചു. ഹിന്ദുമതത്തിലെ ജീർണ്ണതകൾക്കെതിരെ ബ്രഹ്മസമാജത്തിന്റെ പുരോഗമന പരിഷ്കാരങ്ങൾ, അവയിലെ യുക്തിയുക്തമായ വീക്ഷണം കാരണം നരേന്ദ്രനെ ആകർഷിച്ചിരുന്നു. വേദാന്തികളുടെ ഗുണരഹിതനായ ഈശ്വരനേക്കാൾ ഗുണത്തോടുകൂടിയ ഈശ്വരിനിലാണ് നരേന്ദ്രന് വിശ്വാസം ജനിച്ചത്. ഈശ്വരനുണ്ടെങ്കിൽ നേരിട്ടു കാണണം, അല്ലെങ്കിൽ ആ വിശ്വാസം ജീവിതത്തിന് ഒരർത്ഥവും നൽകുന്നില്ല എന്നായിരുന്നു നരേന്ദ്രന്റെ യുക്തി.

അങ്ങനെ ഒരു ദിവസം ബ്രഹ്മസമാജത്തിന്റെ ആദരണീയനായ നേതാവും, മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ പിതാവുമായ ദേവേന്ദ്രനാഥ് ടാഗോറിനെത്തന്നെ നരേന്ദ്രൻ സമീപിച്ചു. സർ, താങ്കൾ ഈശ്വരനെ കണ്ടിട്ടുണ്ടോ?

നിഷ്കപടമായ, എന്നാൽ മൂർച്ചയേറിയ ഈ ചോദ്യത്തിന് വളരെ വാത്സല്യത്തോടെ ആ ചെറുപ്പക്കാരനെ നോക്കി ദേവേന്ദ്രനാഥ് പറഞ്ഞു. കുഞ്ഞേ ഒരു യോഗിയുടെ കണ്ണുകൾ നിനക്കുണ്ട്. നീ തപസ്സനുഷ്ഠിക്കു.

മറുപടി നരേന്ദ്രനെ തൃപ്തിപ്പെടുത്തിയില്ല. അദ്ദേഹം അന്വേഷണം തുടർന്നുകൊണ്ടേയിരുന്നു, ഈശ്വരസാക്ഷാത്ക്കാരം ലഭിച്ച ഒരു വ്യക്തിയേയെങ്കിലും കണ്ടുമുട്ടാൻ. ഈ ഉൽക്കടമായ ആഗ്രഹം മനസ്സിലാക്കി നരേന്ദ്രന്റെ ഒരു ബന്ധുവായ രാമചന്ദ്രദത്ത് ഉപദേശിച്ചു; ആത്മീയപ്രബുദ്ധത നീ ശരിക്കും ആഗ്രഹിക്കുന്നുണ്ടെങ്കിൽ കൽക്കത്തയ്ക്ക് സമീപം ദക്ഷിണേശ്വരത്തെ കാളീക്ഷേത്രത്തിലെ രാമകൃഷ്ണൻ എന്ന പൂജാരിയെ സന്ദർശിക്കു. രാമകൃഷ്ണനെക്കുറിച്ച് ഹേസ്റ്റി എന്നൊരു പ്രഭാഷകൻ പറഞ്ഞ് നരേന്ദ്രൻ കേട്ടിട്ടുണ്ടായിരുന്നു. ആത്മീയനിർവൃതി, ഏകാഗ്രതയുടേയും മനഃശുദ്ധിയുടേയും ഫലമാണ്. ആധുനിക ലോകത്തിൽ അത്തരത്തിലുള്ളവർ വിരളമാണ്. ആ അനുഗ്രഹീതാവസ്ഥ കൈവരിച്ച ഒരേ ഒരു വ്യക്തിയെ എനിക്കറിയാം. ദക്ഷിണേശ്വരക്ഷേത്രത്തിലെ രാമകൃഷ്ണൻ.

ദക്ഷിണേശ്വരത്തേക്ക് പോകാൻ നരേന്ദ്രന് തീരെ ആഗ്രഹമില്ലായിരുന്നു. തന്നിലെ യുക്തിയുടെ മാനസിക നിലയായിരുന്നു കാരണം. അഭ്യസ്തവിദ്യനായ ഒരുവന്റെ ആദ്ധ്യാത്മികാവശ്യങ്ങൾ നിരക്ഷരനായ ഒരു പൂജാരിക്ക് എങ്ങനെ നിറവേറ്റാൻ കഴിയും. എന്നാൽ ആ കൂടിക്കാഴ്ചക്ക് വിധി തന്നെ വഴിയൊരുക്കി.

ഷട്ക്കർമ്മ നിരതരായ ചാറ്റർജി ബ്രാഹ്മണരുടെ ഒരു ഗ്രാമത്തിൽ

ക്ഷുദിരാമൻ ചന്ദ്രമണി ദമ്പതിമാർക്ക് രണ്ടു പുത്രൻമാർക്കും ഒരു പുത്രിക്കും ശേഷം, വളരെ വർഷങ്ങൾ കഴിഞ്ഞ് വീണ്ടുമൊരു പുത്രൻ ജനിച്ചു. ഫൽഗുന മാസത്തിൽ ദ്വിതീയയും ഭാദ്രപദ നക്ഷത്രവും ചേർന്ന സിദ്ധയോഗ മുഹൂർത്തത്തിൽ ജനിച്ച ആ കുട്ടിക്ക് അച്ഛൻ ഗദാധരൻ എന്ന് പേരിട്ടു. എല്ലാവരും ഓമനപ്പേരായി അവനെ ഗദായി എന്നു വിളിച്ചു. കളിയും കുസൃതിയുമായി ഓടി നടന്നു തുടങ്ങിയപ്പോൾ മുതൽ ഗദായിയുടെ കൂട്ടുകാരൻ മൂത്ത ജ്യേഷ്ഠൻ രാമകുമാരനായിരുന്നു. തന്റെ സംശയ നിവാരണത്തിന് ഗദായി എത്തുന്നത് ജ്യേഷ്ഠനിൽ തന്നെ. രാമകുമാരനും, വയസ്സിലെ വലിയ അന്തരം കാരണം, തന്റെ കൊച്ചനുജനെ മകനെപ്പോലെയാണ് കരുതിയത്. കുളക്കടവിലെ പനമരം വളയുന്നില്ല. എന്നാൽ വെള്ളത്തിൽ അത് വളഞ്ഞു പുളയുന്നതായി കാണുന്നു. ഇതിനെന്തു കാരണം. യാഥാർത്ഥ്യവും കാണപ്പെടുന്ന ലോകവും തമ്മിലുള്ള വ്യത്യാസങ്ങളിൽ ആദ്ധ്യാത്മിക രഹസ്യങ്ങൾ ഉണ്ടെന്ന് എങ്ങനെ ഈ ചെറിയ കുട്ടിയെ പറഞ്ഞു മനസ്സിലാക്കും. വൈദിക വൃത്തിയിലും സംസ്കൃതാദ്ധ്യയനത്തിലും അവൻ വളരട്ടെ. ജ്യേഷ്ഠൻ പറഞ്ഞു, നീ വലുതാകുമ്പോൾ ഇതെല്ലാം മനസ്സിലാക്കും. ജ്യേഷ്ഠൻ പറഞ്ഞാൽ അതിൽ ശാസ്ത്രമുണ്ടെന്ന് ഗദായിക്ക് വിശ്വാസമുണ്ട്. ഇതെല്ലാം എവിടേയോ അറിഞ്ഞ കാര്യമാണ്, എന്നാൽ ഇപ്പോൾ ഒരു മൂടൽ, ഒന്നും തെളിയുന്നില്ല. ജ്യേഷ്ഠൻ പറഞ്ഞപോലെ കാത്തിരിക്കാം. കുറെക്കൂടി വളർന്നപ്പോൾ കുളവും, കുളക്കടവും വിട്ട് നോട്ടം ആകാശത്തേയ്ക്കായി. കാർമേഘങ്ങൾ ഉരുണ്ടു കൂടുമ്പോൾ, കുടുംബപാരമ്പര്യം രഘുരാമ പൂജയാണെങ്കിലും, കറുത്ത മേഘങ്ങൾക്ക് കാളിയുടെ രൂപം. മേഘപാളികൾക്കപ്പുറം അനന്തതയുടെ നിലിമ, പ്രപഞ്ചചൈതന്യവുമായി തൻമീയ ഭാവം. പാഠശാലാ പഠനത്തിൽ ഗദായിക്ക് താല്പര്യമില്ല. ഏതിന്റേയും പിന്നിലെ യുക്തി ബോധ്യപ്പെട്ടാൽ സ്വീകരിക്കും. ഇല്ലെങ്കിൽ ഇല്ല എന്ന വാശി. അച്ഛന്റെ മരണശേഷം ഗദായിയിൽ മാറ്റങ്ങൾ കണ്ടു തുടങ്ങി. വേണ്ടത് വേണ്ട സമയത്ത് താനേ ചെയ്യും. ആരേയും ബുദ്ധിമുട്ടിക്കയില്ല. ഒന്നിനും വാശിയില്ല. ഗ്രാമത്തിലെ വഴിയമ്പലത്തിൽ തമ്പടിക്കുന്ന സന്യാസിമാരുടെ കൂടെ കഴിയാനും, ഭജനകളിൽ ചേരുവാനും താല്പര്യം. തന്റെ സ്ഥാനം അവരുടെ കൂടെയാണെന്ന തോന്നൽ. അവിടെ ചിലപ്പോൾ കണ്ണീരൊഴുക്കും, ചിലപ്പോൾ ബോധമറ്റ് വീഴും. ഇതൊരു ബാധയാണെന്ന് കരുതി വീട്ടുകാർ വൈദ്യനെ വരുത്തി. അല്ല, ബാധയോ രോഗമോ ഒന്നുമല്ലെന്ന് വൈദ്യരുടെ വിധി. ഇതൊന്നും ഗദായിയെ ബാധിച്ചില്ല. എന്നാൽ ഗദായിയുടെ ആദ്ധ്യാത്മികവളർച്ച ഗ്രാമത്തിലൊക്കെ പ്രസരിച്ചു. പൂജകൾ ചെയ്യുമ്പോൾ ഭക്തിഗാനങ്ങൾ പാടുമ്പോൾ, പുരാണപാരായണം നടത്തുമ്പോൾ ഗദായി സ്വയം അനുഭവിക്കുന്ന ആനന്ദാതിരേകം തങ്ങളിലേക്കും പകരുന്നതായി തൊഴുതു നിൽക്കുന്ന ഭക്തർക്കും അനുഭവപ്പെട്ടു. ഇതെങ്ങനെയെന്ന് ഗദായിയും അറിയുന്നില്ല. ഏതു ദേവീദേവൻമാരെ പൂജിച്ചാലും ആ രൂപങ്ങളെല്ലാം തൻ കൺമുമ്പിൽ . ഈ ജീവിതത്തിലെ അനുഭവക്കുറവിനെ ഏതോ മുൻജ്ജന്മാർജിത വാസനകൾ അതിജീവിക്കുന്നു. പ്രകൃതിയിലെ കാഴ്ചകളിൽ പോലും തന്റെ അനുഭവം പരിധിയേക്കാൾ ഉയർന്ന ഒരു തലത്തിലേയ്ക്ക്, തൻമീയഭാവത്തിലൂടെ, ഭാവസമാധിയിൽ തനിക്കെത്താൻ സാധിക്കുന്നു.

വർഷങ്ങൾ പോകവെ കുടുംബപ്രശ്നങ്ങൾ ഏറി വന്നു, അതോടെ ദാരിദ്ര്യദുഃഖവും വലിയ പണ്ഡിതൻമാർ കൽക്കത്ത നഗരത്തിൽ പോയി സമ്പാദിക്കുന്നു. താനും അതിനു ശ്രമിക്കണമെന്ന അടുത്തവരുടെ ഉപദേശം അനുസരിച്ച് ജ്യേഷ്ഠൻ രാമകുമാരൻ കൽക്കത്തയിലെത്തി. ഒരു പാഠശാല തുടങ്ങി. ധാരാളം വിദ്യാർത്ഥികൾ ഒരു തവണ വീട്ടിൽ വന്നു തിരികെ പോയപ്പോൾ ജ്യേഷ്ഠൻ ഗദായിയെയും കൂടെ കൊണ്ടു പോയി.

ഹൌറയിൽ നിന്നു കൽക്കത്ത നഗരത്തിലേക്ക് പോകുന്ന വഴിയിലെ കാഴ്ചകളിൽ ഗദായി മുഴുകി. ജ്യേഷ്ഠൻ പറഞ്ഞു ഇവിടെ അടുത്താണ് കാളിഘട്ട്. ഒരു ദിവസം നമുക്കിവിടെ പോകാം. പിന്നീടു പറഞ്ഞതൊന്നും ഗദായി കേട്ടില്ല. പെട്ടെന്നൊരു രോമാഞ്ചം, ശ്വാസം മുട്ടുന്നതു പോലെ...ശരീരത്തിൽ രക്തം ഇരമ്പുന്നു....... ശ്മശാനത്തിൽ നൃത്തം ചെയ്യുന്ന മഹാകാളി...... അമ്മേ, ഭവതാരിണീ.....കുറെനാൾ കൽക്കത്തയിൽ കഴിഞ്ഞപ്പോൾ ഒരാൾ ഒരു സന്ദേശവുമായെത്തി. റാണി രാസമണീദേവിയുടെ. വിസ്തൃതമായ ജോൺ മേഖലയിലെ മീൻപിടുത്തക്കാരുടെ നേതാവാണ് റാണി. ശൂദ്രകുലത്തിൽ ജനിച്ചവളാണെങ്കിലും വലിയ ദേവിഭക്ത. അളവറ്റ സമ്പത്ത് , ദക്ഷിണേശ്വരത്ത് ദശലക്ഷം രൂപ ചിലവഴിച്ച് റാണി ഒരു മഹാക്ഷേത്രം പണിതിരിക്കുന്നു. വിഗ്രഹങ്ങളും തയ്യാർ. പ്രതിഷ്ഠക്ക് യോഗ്യനായ ഒരാൾ വേണം. രാമകുമാർ ചാറ്റർജിയെന്ന മഹാപണ്ഡിതനെക്കുറിച്ച് റാണി കേട്ടിട്ടുണ്ട്. അവിടുന്നു വന്ന് പ്രതിഷ്ഠ കഴിച്ചു തരണം. അതായിരുന്നു റാണിയുടെ പ്രാർത്ഥന. എല്ലാ ബുദ്ധിമുട്ടുകളിൽ നിന്നും കരകയറാൻ ദൈവം ഒരു വഴി കാണിച്ചിരിക്കുന്നു. എങ്കിലും .......പാരമ്പര്യത്തിനു വിപരീതമായി മുക്കുവരുടെ ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തുക, പൂജാരിയാകുക, കൈവർത്തകരുടെ ജോലിക്കാരനാകുക..... ജ്യേഷ്ഠൻ അനുജനെ നോക്കി. ഗദായിക്ക് എതിർപ്പുണ്ട്. പാരമ്പര്യവഴിയിൽ നിന്നു മാറിച്ചവിട്ടുവാൻ യാതൊരു ഘടകവും കാണുന്നില്ല. അതിനാൽ ഇതൊന്നും വേണ്ട. എന്നാൽ ഇതിനൊക്കെ പരിഹാരവുമായിട്ടാണ് റാണി വന്നിരിക്കുന്നത്. ക്ഷേത്രവും പരിസരവും റാണി ഒരു ബ്രാഹ്മണന് ദാനം ചെയ്തിരിക്കുന്നു. അപ്പോൾ പ്രതിഷ്ഠക്കും പൂജാകർമ്മങ്ങൾക്കും യജമാനൻ ബ്രാഹ്മണനാണ്. ഒടുവിൽ രാമകുമാരൻ പറഞ്ഞു: പ്രതിഷ്ഠ ഞാൻ നടത്താം. അതൊരു മഹാക്ഷേത്രം തന്നെയായിരുന്നു. ഏകാദശ രുദ്രൻമാരുടെ ഒരു ശ്രീകോവിൽ, തിരുമുറ്റത്ത് ഭവതാരിണീ (കാളി) ക്ഷേത്രം, അപ്പുറം രാധാകൃഷ്ണ മന്ദിരം. വലിയ ചാറ്റർജിക്ക് വാർദ്ധ്യകൃത്തിന്റെ ക്ഷീണമുണ്ട്. എല്ലാം നോക്കി നടത്താൻ പ്രയാസമാണ്. അതിനാൽ വലിയ ചാറ്റർജി പ്രധാന പൂജാരി, ഗദായി ഭവതാരിണിയുടെ ത്രികാലപൂജകൾ നടത്തും. ആയിടെ നാട്ടിൽ നിന്നെത്തിയ സഹോ

ദരീ പുത്രൻ, ഹൃദയകുമാരൻ, രാധാ കൃഷ്ണപൂജകളും. എല്ലാം ശുഭമായി നടന്നു.

അധികം താമസിയാതെ ജ്യേഷ്ഠന്റെ മരണം. ഗദായിയുടെ ജീവിതത്തിൽ ക്രമേണ വലിയ മാറ്റങ്ങൾ കാണപ്പെട്ടു. ഭവതാരിണീ പൂജകളിലല്ലാതെ ഒന്നിലും ശുഷ്കാന്തിയില്ല. പൂജകൾ കഴി ഞ്ഞാലും ശ്രീകോവിലിൽത്തന്നെ. ഏതെല്ലാം മന്ത്രങ്ങളാണ്, പൂജകളാണ്, ധ്യാനങ്ങളാണ് ഇങ്ങനെ അവസാന മില്ലാതെ നീളുന്നത്. പക്ഷെ എല്ലാം കഴിഞ്ഞ് പുറത്തു വരുമ്പോൾ സ്വർണ്ണം കാച്ചിയെടുത്തപോലെ മുഖവും നെഞ്ചും ചുമന്ന് തുടുത്ത്. മറ്റൊന്നും, ഭക്ഷണം പോലും വേണമെന്നില്ല. ഹൃദയൻ എടുത്ത് കൊടുത്താൽ കഴിക്കും. വെയിലും മഴയും ഭേദമില്ലാതെ അലഞ്ഞു നടക്കും. രാത്രി ഇരുട്ടിൽ അടുത്ത കുറ്റിക്കാട്ടിൽ ചെന്ന് നഗ്നനായി പൂണൂൽപോലുമില്ലാതെ ധ്യാനം. ക്ഷേത്രജീവനക്കാർക്കും, പിന്നീടു നാട്ടുക്കാർക്കും ഒന്നും മനസ്സിലാകുന്നില്ല. ഈ കാണുന്ന തെല്ലാം ശാസ്ത്രവിധികളാണോ. തീവ്രഭക്തി കൊണ്ടാകാം, ആ അപാര ബുദ്ധി ഭ്രമിച്ചിരിക്കുന്നു. കിറുക്ക്, നൊസ്സ് പലരും വിധിയെഴുതി. എന്നാൽ റാണിയുടെ ആജ്ഞ, ജ്യേഷ്ഠനായ പൂജാരി എന്തു ചെയ്താലും തടുക്ക രുത്. ഇതൊന്നും ഗദായി അറിയുന്നില്ല. ആ ജീവിതത്തിൽ മുന്നിട്ട് നിന്നത് നിരന്തരമായ ദൈവദർശനം. പൂജാ വിഗ്രഹത്തിൽ മാത്രമല്ല, പ്രകൃതിയിൽ എവിടേയും കാളീദർശനം മാത്രം. തുടർന്നുള്ള വർഷങ്ങളിൽ ഈ ശാക്തേയ സാക്ഷാത്കാരാനുഭൂതികൾ ശൈവം, വൈഷ്ണവം എന്നീ ശാഖ കളിലേയ്ക്കും, പിന്നീട് ഇസ്ളാം, ക്രൈ സ്തവം തുടങ്ങിയ അന്യ മതങ്ങളി ലേയ്ക്കും, അനുഷ്ഠാന പരീക്ഷണ ങ്ങളിലൂടെ വ്യാപിപ്പിച്ച്, ആ പൂജാരി പല തലങ്ങളിലൂടെ ഉയർന്ന് നിർവ്വികല്പ സമാധിയിൽ എത്തി, രാമകൃഷ്ണ പരമഹംസനായി മാറി എന്ന നീണ്ടകഥ, വിസ്തരഭയത്താൽ, ഇവിടെ സൂചിപ്പിക്ക മാത്രം ചെയ്തുകൊണ്ട്, ഈ ലേഖന ത്തിന് പ്രസക്തമായ ഗുരു ശിഷ്യ സമാഗമത്തിലേക്ക് മടങ്ങാം. തന്റെ സുഹൃത്തായ സുരേന്ദ്രനാഥമിശ്രയുടെ ഒരു സൽക്കാരത്തിൽ വെച്ച് നരേന്ദ്രനും, മറ്റൊരു അതിഥിയായി വന്ന രാമ കൃഷ്ണനും അവിചാരിതമായി കണ്ടു മുട്ടി. നരേന്ദ്രന്റെ കണ്ണുകളിലെ ആത്മീയ തേജസ്സും, ഭക്തിഗാനാലാപനത്തിൽ തെളിഞ്ഞ ഹൃദയനൈർമ്മല്ല്യവും രാമകൃഷ്ണനെ ആകർഷിച്ചു. തന്റെ സന്ദേശം ഭാവിയിൽ പ്രചരിപ്പിക്കു വാനായി താൻ അക്ഷമനായി കാത്തി രുന്ന വ്യക്തി ഈ ചെറുപ്പക്കാരനാ ണെന്നു രാമകൃഷ്ണൻ അറിഞ്ഞു. അകം നിറഞ്ഞ ആനന്ദത്തോടെ നരേന്ദ്രനെ തിരക്കിൽനിന്നും കൊണ്ടു പോയി. നിറഞ്ഞ കണ്ണുകളോടെ രാമകൃഷ്ണൻ പറഞ്ഞു, "ഒടുവിൽ നീയെത്തി."

"എന്താണിത്ര വൈകിയത്", ഒരു പാത്രത്തിൽ മധുരപലഹാരങ്ങളെടുത്ത് സ്വന്തം കൈകൊണ്ട് നരേന്ദ്രന് കൊടുക്കുവാനും തുടങ്ങി. എന്നാൽ ഇതൊന്നും നരേന്ദ്രനെ കാര്യമായി സ്വാധീനിച്ചില്ല. ആദ്യമായി കണ്ടുമുട്ടുന്ന ഒരാളോട് സാമാന്യ ബുദ്ധിയുള്ള ഒരാളുടെ പെരുമാറ്റമാണോ ഇത്. കേട്ടത് ശരിയായിരിക്കാം. കിറുക്കു തന്നെ. പക്ഷെ ദക്ഷിണേശ്വരത്തിൽ വന്ന് തന്നെ കാണണമെന്ന രാമകൃഷ്ണന്റെ വാത്സല്യത്തോടെയുള്ള ക്ഷണം നരേന്ദ്രന് നിരസിക്കാൻ കഴിഞ്ഞില്ല.

തുടർന്നു ദക്ഷിണേശ്വരത്തിലേക്ക് നരേന്ദ്രന്റെ യാത്രകൾ പലതുണ്ടായി. താങ്കൾ ദൈവത്തെ കണ്ടിട്ടുണ്ടോ, എന്ന തന്റെ പതിവ് ചോദ്യത്തിന് "നിന്നെ കാണുംപോലെ ഞാൻ ദൈവത്തെ കണ്ടിട്ടുണ്ട്," എന്ന ഉറച്ച മറുപടിയാണ് നരേന്ദ്രന് കിട്ടിയത്. അനുഭൂതി ജന്യമായ ഒരു വിശ്വാസദാർഢ്യം അതിലുണ്ടായിരുന്നു. ആ നിരക്ഷര യോഗിയുടെ തുടർന്നുള്ള വാക്കുകൾ അതിന് മറ്റൊരു തലംകൂടി സൃഷ്ടിച്ചു. ദൈവത്തെ സാക്ഷാത്കരിക്കാവുന്ന താണ്, കാണുകയും സംസാരിക്കുകയും ചെയ്യാം. എന്നാൽ ഇതിന് ആരാണ് ഉത്സുകരാവുക, ജനങ്ങൾ സ്വന്തം കുടുംബത്തിനും സമ്പത്തിനും വേണ്ടി ക്ലേശിക്കുന്നു കണ്ണീരൊഴുക്കുന്നു ആരാ ണത് ചെയ്യുവാൻ ഒരാൾ ആത്മാർത്ഥ മായി ശ്രമിച്ചു കണ്ണീരൊഴുക്കിയാൽ ദൈവം തീർച്ചയായും പ്രത്യക്ഷപ്പെടും.

നരേന്ദ്രൻ അനങ്ങാൻ കൂടി കഴിയാതെ നിന്നു. ആത്മാർത്ഥമായി സത്യത്തിന്റെ സ്വച്ഛതയോടെ,സ്വന്തം അനുഭൂതികളുടെ ആഴത്തിൽ നിന്നു മാത്രം സംസാരിക്കുന്ന ഒരാൾ ഈ ലോകത്തിൽ ഉണ്ടെന്നുള്ള ബോധം നരേന്ദ്രനുണ്ടായത് ആദ്യമായിട്ടാണ്. തന്റെ യുക്തിബോധം ഉപേക്ഷിക്കാതെ തന്നെ രാമകൃഷ്ണനെ തന്റെ ഗുരു വായി വരിക്കുവാൻ അദ്ദേഹം തയ്യാറായി. ഒരിക്കലും കൂടിച്ചേരാൻ സാധ്യതയില്ലാത്തതായി തോന്നിച്ച, ഭൗതികവും മാനസികവും ബുദ്ധിപര വുമായ വ്യത്യസ്തതകളുടെ ഒരു അപൂർവ്വ സംഗമമായിരുന്നു അത്.

ഈ ഗുരു ശിഷ്യബന്ധം ആറു വർഷങ്ങളോളം നീണ്ടു നിന്നു. ശ്രദ്ധേ യമായ ഒരു കാര്യം. നരേന്ദ്രന്റേയോ തന്റെ മറ്റു ശിഷ്യൻമാരുടേയോ വ്യക്തി ത്വത്തിന്റെ ഘടന മാറ്റാൻ രാമ കൃഷ്ണൻ ശ്രമിച്ചില്ല. അവരവരുടെ ശൈലികളനുസരിച്ച് വികസിക്കുന്നതിന് അനുവദിക്കയാണുണ്ടായത്. താൻ അവരുടെ തത്വോപദേശകനും, സുഹൃത്തും, മാർഗ്ഗദർശിയും മാത്രം. അതിൽ അവരുടെ ചെറുപ്പത്തിന്റെ അസഹിഷ്ണുതകളും, ഇരുമ്പുപോലെ ഉറച്ചിരുന്ന വീക്ഷണങ്ങളും സ്വയമേവ അഴഞ്ഞുകൊണ്ടിരുന്നു. ഭാവിയിൽ ഏറ്റെടുക്കേണ്ടി വരുന്ന ദൗത്യത്തിന് നരേന്ദ്രനെ സജ്ജമാക്കുക എന്നതിൽ ഒരു പ്രത്യേക ശ്രദ്ധയും രാമകൃഷ്ണ നുണ്ടായിരുന്നു. 1885 പകുതിയോടെ രാമകൃഷ്ണനിൽ കണ്ഠാർബുദത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. എന്നാൽ തന്റെ ദൈനംദിന പരിപാടികൾ ഉപേക്ഷിക്കാതെ, വൈദ്യോപദേശം വകവെക്കാതെ അദ്ദേഹം പ്രവർത്തിച്ചു കൊണ്ടിരുന്നു. തന്റെ ജീവിതത്തിലൂടെ രാമകൃഷ്ണൻ ശിഷ്യർക്ക് കാണിച്ചു കൊടുത്തത് ആത്മീയോന്നമനത്തിന് ഏത് മാർഗ്ഗവും, ഏതു മതവും സ്വീകാര്യമാണെന്നാണ്. മറ്റൊരു മതത്തോടു സഹിഷ്ണുത മാത്രം പോരാ, അത് സ്വീകരിക്കയും, ആത്യന്തികമായി സ്വാംശീകരിക്കയും വേണം. ആദ്ധ്യാത്മിക ജീവിതത്തിന് വേണ്ടതായ ഉപാധികൾ ത്യാഗ മനോഭാവം, പ്രേമം, വിശ്വാസം, ഭക്തി, ഹൃദയശുദ്ധി എന്നിവയാണ്. ജീവിത ത്തിൽ കഷ്ടപ്പെടുന്നവരോട് ഒരു ദയ ദൈവരാധന തന്നെയാണ്. വ്യക്തി പരമായ സാക്ഷാത്കാരമല്ല മുക്തി യുടെ പരമോന്നത ലക്ഷ്യമായി കാണേ

ണ്ടതെന്ന ഗുരുവിന്റെ ഉപദേശം ആഴത്തിൽ സ്വാധീനിച്ച നരേന്ദ്രൻ പിന്നീടൊരിക്കലും അതു വിസ്മരിച്ചില്ല. രാമകൃഷ്ണമിഷൻ സ്ഥാപിക്കുവാനുള്ള ഒരു പ്രചോദനവും ഇതായിരുന്നു.

1886 ൽ ശ്രീരാമകൃഷ്ണൻ സമാധിയായപ്പോൾ വിവേകാനന്ദന് 23 വയസ്സ്. തുടർന്നു 16 വർഷങ്ങൾ തന്റെ ഗുരു ഏല്പിച്ച ദൌത്യം നിറവേറ്റുന്നതിനുള്ള തന്റെ നിസ്തുലമായ , വിശ്രമമറിയാത്ത പ്രയ്നങ്ങൾ, അവിരാമമായ പാശ്ചാത്യ പൌരസ്ത്യ യാത്രകൾ, പലരുടേയും വിശദമായ പ്രദിപാദനങ്ങളിലൂടെ ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞതിനാൽ ഇവിടെ കൂടുതൽ വിസ്തരിക്കുന്നില്ല.

ഒരു അസാധാരണ ഗുരുശിഷ്യ ബന്ധമാണ് ഈ ചരിത്രത്തിലൂടെ നാമറിയുന്നത്. ഗുരു നിരക്ഷരൻ, ശിഷ്യൻ സർവ്വകലാശാലയിൽ ഉയർന്ന ബിരുദധാരി, വ്യത്യസ്ത വിജ്ഞാന ശാഖകളിൽ ഉത്തമ ഗ്രന്ഥങ്ങൾ പഠിച്ചവൻ. ഗുരു ഭാരതീയ സംസ്കാരത്തിന്റെ, ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ സൃഷ്ടി. ശിഷ്യൻ യുക്തിപൂർവ്വമായ വീക്ഷണത്തിന്റേയും, ഭൌതിക ലോകത്തിൽ നിലയുറപ്പിച്ച ആധുനിക യുഗത്തിന്റെയും സൃഷ്ടി. എല്ലാറ്റിനോടും, തന്റെ വിമർശകരോടും എതിരാളികളോടുപോലും, പ്രേമം എന്നതായിരുന്നു ഗുരുവിന്റെ മുഖമുദ്ര, ശിഷ്യൻ അക്ഷമനും, അസ്വസ്ഥനും, യുക്തിരഹിത വിമർശനത്തോടും, സങ്കുചിത കാഴ്ചപ്പാടുകളേടും അസഹിഷ്ണുതയുള്ളവനും, എന്നാൽ എല്ലാ വൈരുദ്ധ്യങ്ങളും യാതൊരു സമ്മർദ്ദവും, പ്രത്യേക ശിക്ഷണ മുറകളും കൂടാതെ പരിഹരിക്കപ്പെട്ടു എന്നതാണ് നരേന്ദ്രനിൽനിന്നും സ്വാമി വിവേകാനന്ദനിലേയ്ക്കുള്ള പരിണാമം നമ്മെ ബോധിപ്പിക്കുന്നത്.

***

# POHA

**(ഒരു മഹാരാഷ്ട്ര വിഭവം)**

– ജാനകി നായർ

| | |
|---|---|
| അവൽ (വെള്ള) | 1/2 കിലോ |
| ക്യാരറ്റ് | 200 ഗ്രാം |
| മാങ്ങാ (അധികം പുളിയില്ലാത്തത്) | 200 ഗ്രാം |
| സവാള(പൊടിയായി അരിഞ്ഞത്) | 4 എണ്ണം |
| കപ്പലണ്ടി(തോടുള്ളത് പച്ച) | 300 ഗ്രാം |
| പച്ചമുളക | 2 എണ്ണം |
| മല്ലി ഇല (പൊടിയായി) | 200ഗ്രാം |
| ഉപ്പ് | ആവശ്യത്തിന് |
| പഞ്ചസാര | 2 ടേബിൽ സ്പൂൺ |
| നാരങ്ങ | 1 |

**ഉണ്ടാക്കുന്ന വിധം**

എല്ലാ ചേരുവകളും ഒന്നിച്ച് ഒരു വലിയ പാത്രത്തിൽ ഇട്ട് നന്നായി യോജിപ്പിച്ചു വയ്ക്കുക. ഒട്ടും വെള്ളം ചേർക്കണ്ട. നന്നായി തിരുമ്മി യോജിപ്പിച്ച ശേഷം കപ്പലണ്ടി വറുത്ത് അതിന്റെ കൂടെ ചേർത്ത് ഇളക്കി വിളമ്പാം.

# ആദരാഞ്ജലി



എൽ/0500
**ശങ്കർദാസ് തത്തംപിള്ളിൽ**
തിരുവാതിര, നായർ
സമാജം റോഡ്,
പൂണിത്തുറ, കൊച്ചി 682038



എൽ/2005
**യു.രവീന്ദ്രനാഥ്**
29/1613,
ചിലവന്നൂർ റോഡ്,
കടവന്ത്ര,
കൊച്ചി 682 020



എൽ/2967
**ഗോവിന്ദൻകുട്ടി മേനോൻ**
മേലങ്ങത്ത്,44/6043,
കലൂർ ,
കൊച്ചി 682 017



എൽ/1266
**പി.എൻ.കൃഷ്ണൻകുട്ടി അച്ചൻ**
സീനിയർ അഡ്വക്കേറ്റ്,
സായ്കൃപ,
ചിറ്റൂർ റോഡ്,
കൊച്ചി 682 011

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

നിങ്ങളുടെ അടുത്തുള്ള മഹാക്ഷേത്രങ്ങളുടെ മാഹാത്മ്യം, പ്രത്യേകതകൾ, പൂജകൾ, പ്രത്യേക വഴിപാടുകൾ, ക്ഷേത്രത്തെക്കുറിച്ചുള്ള ഐതിഹ്യം എന്നിവയെല്ലാം എഴുതി ക്ഷേത്രത്തിന്റെ ഫോട്ടോ സഹിതം അയച്ചു തന്നാൽ പ്രസിദ്ധീകരണ യോഗ്യമായിട്ടുള്ളത് കരയോഗ സൗഹൃദതതിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

എഡിറ്റർ

# സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനം



– ഗീതാ ഗോപിനാഥ്

**അ**മേരിക്കയിലെ ചിക്കാഗോ സർവ്വ മത സമ്മേളനത്തിൽ ഭാരതത്തെ പ്രതി നിധീകരിച്ച് പങ്കെടുക്കുകയും വിശ്വ വിഖ്യാതിനേടുകയും ചെയ്യുന്നതിനു മുമ്പാണ് സ്വാമി വിവേകാനന്ദൻ കേരളം സന്ദർശിക്കുവാൻ ഇടയായത്. ആ രാലും അറിയപ്പെടാതിരുന്ന ഒരു അജ്ഞാത പരിവ്രാചകന്റെ പര്യടന മെന്ന നിലയിൽ സ്വാഭാവികമായും അദ്ദേഹത്തിന്റെ കേരള യാത്രക്കിട യിലെ സംഭവങ്ങളെക്കുറിച്ച് കൃത്യവും വ്യക്തവുമായ രേഖപ്പെടുത്തലുകൾ ഒന്നും ഉണ്ടായിട്ടില്ല. കേരളീയരുടെ മനസ്സിൽ അദ്ദേഹം അനശ്വര പ്രതുഷ്ഠ നേടിയത് ഭ്രാന്താലയം എന്ന പേരു കൊണ്ട് കേരളത്തെ വിശേഷിപ്പിച്ചതു കൊണ്ടാണ്. ഒരു സാമൂഹ്യ വിപ്ലവ ത്തിന്റെ പാതയിലേയ്ക്ക് കേരളത്തെ ആനയിക്കാൻ ആ ആക്ഷേപ വാക്കിന് പിന്നീട് കഴിഞ്ഞു എന്നത് ചരിത്ര ത്തിന്റെ ഭാഗമാണ്.

1892 നവംബർ അവസാനത്തോടു കൂടി മൈസൂർ സന്ദർശനം കഴിഞ്ഞ് തമിഴ്നാട്ടിൽ കൂടി രാമേശ്വരത്തേക്ക് പോകാനായിരുന്നു സ്വാമി വിവേകാ നന്ദൻ ആദ്യം നിശ്ചയിച്ചിരുന്നത്. മൈസൂരിൽ വച്ച് ഡോ. പൽപ്പു സ്വാമിയെ കാണാനിടയാവുകയും കേരളത്തിൽ അന്ന് നിലവിലിരുന്ന സാമൂഹ്യവ്യവസ്ഥിതിയെക്കുറിച്ച് അദ്ദേഹവുമായി വിശദമായി സംസാരി ക്കുകയും ഉണ്ടായി. പാലക്കാട് സ്വദേശി യായിരുന്ന കെ. ശേഷാദ്രി അയ്യരായി രുന്നു അന്നത്തെ മൈസൂർ ദിവാൻ. മൈസൂർ സന്ദർശനം കഴിഞ്ഞ് സ്വാമി വിവേകാനന്ദൻ യാത്ര പറഞ്ഞപ്പോൾ മഹാരാജാവ് സ്വാമിയുടെ പാദത്തിൽ നമസ്കരിച്ചു. ദിവാൻ കുറച്ചു പണം അദ്ദേഹത്തിന്റെ കീശയിൽ വച്ചു കൊടുക്കുവാൻ ശ്രമിച്ചെങ്കിലും അദ്ദേഹം അത് സ്വീകരിക്കുകയുണ്ടാ യില്ല. ഷൊർണ്ണൂർക്കുള്ള ഒരു രണ്ടാം ക്ലാസ്സ് റെയിൽവെ ടിക്കറ്റ് മാത്രമാണ് സ്വീകരിച്ചത്. അന്ന് ഷൊർണ്ണൂർ നിന്ന് തെക്കോട്ട് റെയിൽവെ ഉണ്ടായിരുന്നില്ല. ടിക്കറ്റിനോടൊപ്പം കൊച്ചിയിലെ ആക്ടിംഗ് ദിവാനായിരുന്ന ശങ്കരയ്യയ്ക്ക് ഒരെഴുത്തും ശേഷാദ്രി അയ്യർ സ്വാമി ജിക്കു നൽകിയിരുന്നു.



പാലക്കാട് റെയിൽവെ സ്റ്റേഷനിൽ വച്ച് കൊല്ലങ്കോട്ടു രാജാവിന്റെ സേവക നായിരുന്ന ഒരാൾ സ്വാമി വിവേകാ നന്ദനുമായി പരിചയപ്പെട്ടു. സ്വാമിജി യുടെ കഴിവുകളിലും, രൂപത്തിലും ആകൃഷ്ടനായ അയാൾ ഒരു പാരിതോ ഷികമെന്ന നിലയിൽ പത്തു രൂപ സ്വാമിയെ ഏൽപിക്കുവാൻ ഒരു ശ്രമം നടത്തി. ഒരു നേരത്തെ ഊണിന് ആവശ്യമായ രണ്ട് അണ മാത്രം അതിൽ നിന്നെടുത്ത് ബാക്കി പണം അയാളെത്തന്നെ തിരിച്ചേൽപ്പിച്ചതായി കാണുന്നു.

ഷൊർണ്ണൂർ വച്ച് ചില വിദ്യാർത്ഥി കളുമായി സ്വാമിജി പരിചയപ്പെട്ടു. അവരോടൊന്നിച്ചാണ് അദ്ദേഹം പിന്നീട് തൃശ്ശൂർക്ക് പുറപ്പെട്ടത്. സ്വാമി വിവേകാനന്ദൻ അമേരിക്കയിൽ നിന്നും മടങ്ങി വന്നതിനുശേഷം ഈ വിദ്യാർ ത്ഥികളിൽ ചിലരെ മദ്രാസിൽ വച്ചു പിന്നീട് കണ്ടതായും, അവരെ തിരി ച്ചറിഞ്ഞതായും പറഞ്ഞു കാണുന്നുണ്ട്.

ഷൊർണ്ണൂരിൽ നിന്നും തൃശ്ശൂർ ക്കുള്ള യാത്ര കാളവണ്ടിയിലായിരുന്നു. തിരുവമ്പാടി ക്ഷേത്രത്തിനു മുമ്പിൽ കൂടിയാണ് തൃശ്ശൂർ നഗരത്തിലേക്ക് ആ കാളവണ്ടി പ്രവേശിച്ചത്. ഒരു യാത്ര ക്കാരന് കുളിച്ച് വിശ്രമിക്കാനാള്ള ഹോട്ടലുകളോ സത്രങ്ങളോ ഒന്നും അന്നുണ്ടായിരുന്നില്ല. റോഡിനടുത്ത് കെട്ടിടത്തിന്റെ പടിപ്പുരയിൽ ഒരു മാന്യൻ നിൽക്കുന്നത് സ്വാമിജി കണ്ടു. ഒന്നു കുളിച്ചു വിശ്രമിക്കുവാനുള്ള സൗകര്യം സമീപത്തെങ്ങാനുമുണ്ടോ എന്ന് അയാളോട് സ്വാമിജി അന്വേ ഷിച്ചു. അതിതേജസ്വിയായ യുവ സന്യാസിക്ക് അയാൾ തന്റെ പടിപ്പുര യിൽ തന്നെ കുളിച്ചു വിശ്രമിക്കാനുള്ള ഏർപ്പാടു ചെയ്തുകൊടുത്തു. അവിടെ വച്ച് കലശലായ തൊണ്ട വേദന അനുഭവപ്പെട്ടതിനെ തുടർന്ന് തൃശ്ശൂർ ജനറൽ ആശുപത്രിയിൽ പോയതായും ഡോ.ഡിസൂസയിൽ നിന്നും മരുന്നു വാങ്ങിക്കഴിച്ചതായും കാണുന്നു.

അക്കാലത്ത് തൃശ്ശൂരിൽ നിന്നും എറണാകുളത്തേക്കുള്ള യാത്ര സാധാര ണയായി വഞ്ചിയിലായിരുന്നു. സ്വാമിജി കൊക്കാലയിൽ നിന്നും വഞ്ചി കയറി കൊടുങ്ങല്ലൂരിലെത്തി. അവിടെ അദ്ദേഹം മൂന്നു ദിവസം ഉണ്ടായിരുന്നു. കൊടുങ്ങല്ലൂർ കോവിലകത്തെ ചില സ്ത്രീകൾ അവിടെ സ്വാമിയെ സന്ദർ ശിച്ച് സംസ്കൃതത്തിൽ സംസാരിക്കുക യുണ്ടായി. കേരളത്തിലെ സ്ത്രീകൾ ശുദ്ധവും സ്പഷ്ടവുമായ സംസ്കൃത ത്തിൽ സംസാരിക്കുന്നത് കേട്ട് സ്വാമിജി അത്ഭുതപ്പെട്ടുപോയതായി പറയുന്നു.

കൊടുങ്ങല്ലൂരിൽ നിന്നും ഒരു വഞ്ചിയിൽ സ്വാമിജി എറണാകുള ത്തേക്ക് തിരിച്ചു. സ്വാമി വിവേകാനന്ദൻ കേരളത്തിലേക്ക് വന്നത് അന്നത്തെ കൊച്ചി ദിവാൻ ശങ്കരയ്യയ്ക്ക് ഒരു എഴുത്തോടു കൂടിയാണ്. പക്ഷെ ശങ്കരയ്യയോ, കൊച്ചി മഹാരാജാവോ സ്വാമിജിയെ കണ്ടതായി ഒരിടത്തും പറയുന്നില്ല.ശങ്കരയ്യയുടെ സെക്രട്ടറി രാമയ്യ എന്നൊരു ബ്രാഹ്മണനായിരുന്നു. അയാൾ അമരാവതിയിൽ തിരുമല ദേവസ്വം വക സ്ഥലം സ്വാമിക്കു താമസിക്കുവാൻ ഏർപ്പാടുചെയ്തു കൊടുത്തു. അവിടെയുള്ള ഒരു സംസ്കൃതസ്കൂൾ സ്വാമി സന്ദർശിച്ച തായും കാണുന്നുണ്ട്.

1892 ഡിസംബർ 3ാം തീയതി രാവിലെയാണ് സ്വാമി വിവേകാനന്ദൻ എറണാകുളത്ത് എത്തിയത്. എറണാ കുളത്തുള്ള ഒരു ചന്തുലാലും,

രാമയ്യയും കൂടി രാവിലെയും വൈകിട്ടും നടക്കാൻ പോകുമായിരുന്നു. ഒരു ദിവസം അവർ കായലിനടുത്തു നടക്കുമ്പോൾ ഒരു വഞ്ചി വരുന്നതു കണ്ടു. കയ്യിലൊരു ദണ്ഡുമേന്തി കാഷായ വസ്ത്രം ധരിച്ച ഒരു സന്യാസി വഞ്ചിയിൽ നിന്നും ഇന്നത്തെ ബോട്ടു ജെട്ടിയിൽ കരയിറങ്ങി. അത് ഒരു യഥാർത്ഥ സന്യാസിയും മഹാത്മാവുമായിരിക്കുമെന്ന് അവർക്കുടനെതോന്നി. അവർ അദ്ദേഹത്തിനടുത്തെത്തി. ഹിന്ദിയിലാണ് സംഭാഷണമാരംഭിച്ചത്. അതിലൊരാൾ സ്വാമിജിയെ വീട്ടിലേയ്ക്ക് ക്ഷണിച്ചു. ഇംഗ്ലീഷ് നന്നായിട്ട് അറിയാവുന്ന ആളാണെന്നു മനസ്സിലായതിനെത്തുടർന്ന് പിന്നീട് സംഭാഷണം ഇംഗ്ലീഷിലായി. ഈ സമയത്ത് ശ്രീമദ് ചട്ടമ്പി സ്വാമികൾ എറണാകുളത്ത് ഉണ്ടായിരുന്നു. ഒരിക്കൽ സ്വാമി വിവേകാനന്ദനെ കാണാൻ ചട്ടമ്പിസ്വാമികൾ വന്നുവെങ്കിലാം ചുറ്റും തടിച്ചുകൂടിയിരുന്ന ആൾക്കാരെ കണ്ട് മടങ്ങുകയാണുണ്ടായത്. ചട്ടമ്പിസ്വാമികളെക്കുറിച്ച് പലരും വിവേകാനന്ദനോട് പറഞ്ഞിരുന്നു. ചട്ടമ്പിസ്വാമികൾ അന്ന് ഒരു ശങ്കരമേനോന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. വിവേകാനന്ദൻ അവിടെപ്പോയി ചട്ടമ്പിസ്വാമികളെ കണ്ടു. അവർ രണ്ടുപേരും സംസ്കൃതത്തിലാണ് സംസാരിച്ചത്. സൗകര്യമായി സംസാരിക്കുവാൻ ചട്ടമ്പിസ്വാമികൾ വിവേകാന്ദനെ ഒരു മരത്തിന്റെ ചുവട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടു പോയി. ഒരു കുരങ്ങൻ ആ മരത്തിൽ ചാടിക്കളിച്ചിരുന്നു. അതു നോക്കി വിവേകാനന്ദൻ എന്റെ മനസ്സുപോലെ എന്നു പറഞ്ഞു. അതു കേട്ടപ്പോൾ അങ്ങയെപ്പോലൊരു മഹാത്മവിനെ ഇങ്ങനെ പറയുവാൻ സാധിക്കൂ, എന്നാണ് ചട്ടമ്പി സ്വാമികൾ പ്രതികരിച്ചത്. പിന്നീടവർ ചിന്മുദ്രയെക്കുറിച്ചായി സംസാരം, ചിന്മുദ്രയെക്കിറിച്ച് വിവേകാനന്ദൻ ചോദിച്ചിതിന് ചില തമിഴ് ഗ്രന്ഥങ്ങളെ ആസ്പദമാക്കി, തമിഴിൽ അഗാധ പണ്ഡിതനായിരുന്ന ചട്ടമ്പസ്വാമികൾ വിശദീകരിച്ചു.വിവേകാനന്ദന് വളരെ സന്തോഷമായി. ചട്ടമ്പിസ്വാമികളുടെ പാണ്ഡിത്യത്തെക്കുറിച്ച് സ്വാമി വിവേകാനന്ദൻ ശിഷ്യന്മാരോട് പിന്നീട് ആദരപൂർവ്വം സംസാരിക്കാറുണ്ടായിരുന്നു.

എറണാകുളത്തു നിന്നും സ്വാമിജി തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. അതു ഡിസംബർ 6-ാം തീയതി ആയിരിക്കണം. സ്വാമിജിയോടൊപ്പം ഒരു മുസ്ലീം ശിപായിയേയും രാമയ്യ അയച്ചുകൊടുത്തിരുന്നു. തിരുവനന്തപുരത്ത് അശ്വതി തിരുനാൾ മാർത്താണ്ഡവർമ്മ ഇളയ രാജാവിന്റെ ട്യൂട്ടറായിരുന്ന പ്രൊഫ. സുന്ദരരാമയ്യരുടെ അടുത്തേക്കാണ് രാമയ്യ സ്വാമിജിയെ അയച്ചത്. തിരുവനന്തപുരത്തേക്കുള്ള യാത്ര ഏഴുദിവസം നീണ്ടുനിന്നു. 13-ാം തീയതി തിരുവനന്തപുരത്തെത്തി. നേരെ പ്രൊഫ.സുന്ദര രാമയ്യരുടെ വീട്ടിലേക്കാണ് സ്വാമിജി പോയത്.

എറണാകുളത്തുനിന്നും യാത്ര തിരിച്ചതിനു ശേഷം ഏഴുദിവസമായി കുറച്ചു പാലല്ലാതെ മറ്റൊന്നും സ്വാമിജി കഴിച്ചിരുന്നില്ല. സ്വാമിജിയേയും, മുസ്ലീം ശിപായിയേയും ഒരുമിച്ചു കണ്ടപ്പോൾ, സുന്ദരരാമയ്യരുടെ ഇളയമകൻ അദ്ദേഹവും ഒരു മുസ്ലീമായിരിക്കുമെന്നാണ് ആദ്യം കരുതിയത്. സ്വാമിജിയുടെ വേഷവും ഈ കുട്ടിയുടെ തെറ്റിദ്ധാരണക്കു കാരണമായിരിക്കണം. സുന്ദര രാമയ്യരെ കണ്ട ഉടനെ കൂടെയുണ്ടായിരുന്ന ശിപായിക്കു ഭക്ഷണം കൊടുക്കേണ്ട കാര്യമാണ് സ്വാമിജി ഓർത്തത്. അയാൾക്ക് ഭക്ഷണം കൊടുത്ത ശേഷമാണ് സ്വാമിജി ഭക്ഷണം കഴിച്ചത്. "സ്വാമി എന്തു കഴിക്കും"സുന്ദര രാമയ്യർ ചോദിച്ചു. 'എന്തായാലും മതി സന്യാസികൾ രുചിനോക്കാറില്ലല്ലോ' എന്നായിരുന്നു സ്വാമിജി ഉത്തരം പറഞ്ഞത്.

അശ്വതി തിരുനാൾ ഇളയരാജാവ് അന്ന് എം.എ.പരീക്ഷയ്ക്കു പഠിക്കുകയായിരുന്നു. സ്വാമി ആഗതനായ ദിവസം ഇളയരാജാവിനെ പഠിപ്പിക്കാൻ സുന്ദരരാമയ്യർ പോയില്ല. അന്നു വൈകുന്നേരം സുപ്രസിദ്ധനായ പ്രൊഫ. രങ്കാചാരിയെ പരിചയപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അദ്ദേഹം വീട്ടിലുണ്ടായിരുന്നില്ല. തിരുവനന്തപാരം ക്ലബിൽ പോയതാണെന്നറിഞ്ഞ് സ്വാമിജിയെ അങ്ങോട്ടു കൂട്ടിക്കൊണ്ടു പോവാകയും പ്രൊഫ. രങ്കാചാരി തുടങ്ങിയ കുറെയധികം പണ്ഡിതൻമാരെ സ്വാമിജിക്കു ചരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു.

മാർത്താണ്ഡവർമ്മ ഇളയരാജയെ വിവേകാന്ദൻ കാണുകയുണ്ടായി. സ്വാമിജിയുടെ ഒരു ഫോട്ടോ അദ്ദേഹം എടുത്തിട്ടുണ്ട്. യാത്രക്കിടയിൽ കാണാനിടയായ രാജാക്കന്മാരെക്കുറിച്ചാണ് അവർ അധികവും സംസാരിച്ചത്. പിറ്റേ ദിവസം തിരുവിതാംകൂർ മഹാരാജാവിനെ മുഖം കാണിച്ചു. സംഭാഷണം ഒന്നോ രണ്ടോ മിനിട്ടുനേരം മാത്രമേ ഉണ്ടായുള്ളൂ. സ്വാമിക്കു വേണ്ട സൗകര്യങ്ങൾ ദിവാൻ ചെയ്തുതരുമെന്നു പറഞ്ഞ് മഹാരാജാവ് സംഭാഷണം അവസാനിപ്പിച്ചു. വളരെ ഇച്ഛാഭംഗത്തോടു കൂടിയാണ് സ്വാമിജി മടങ്ങിയത്.

മദിരാശിയിൽ അക്കൗണ്ടന്റ് ജനറൽ ആയിരുന്ന മന്മഥരാജ് ഭട്ടാചാര്യ എന്നൊരു ബംഗാളി ആ ദിവസങ്ങളിൽ തിരുവനന്തപുരത്ത് ഉണ്ടായിതുന്നു. അദ്ദേഹം സ്വാമിജിയുടെ സതീർത്ഥ്യനും അടുത്ത സ്നേഹിതനുമായിരുന്നു. തിരുവനന്തപുരം റസിഡൻസിയോടു ചേർന്ന ഖജനാവിൽ നിന്നും മോഷണം പോയ പണത്തെക്കുറിച്ച് അന്വേഷിക്കുവാനാണ് അദ്ദേഹം തിരുവനന്തപുരത്ത് എത്തിയത്. അദ്ദേഹത്തെ കണ്ടതിനുശേഷം സ്വാമിജി കൂടുതൽ സമയവും അദ്ദേഹത്തോടൊപ്പമാണ് ചെലവഴിച്ചത്.

തിരുവനന്തപുരം ഹജൂർ കച്ചേരിയിൽ അസിസ്റ്റന്റ് പേഷ്ക്കാരായിരുന്ന പിറവി പെരുമാൾ പിള്ള സ്വാമിജിയുമായി സംവാദത്തിൽ ഏർപ്പെട്ടതായും സ്വാമിജിയുടെ പാണ്ഡിത്യത്തിനു മുമ്പിൽ അടിയറവു പറഞ്ഞതായും കാണുന്നുണ്ട്. എന്നാൽ തിരുവനന്തപുരത്ത് ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുവാൻ ക്ഷണിച്ചെങ്കിലും സ്വാമിജി അതിനു വിസമ്മതിക്കുകയാണാണ്ടായത്.

ഒമ്പതു ദിവസത്തെ തിരുവനന്തപുരം താമസത്തിനുശേഷം 1892 ഡിസംബർ 22-ാം തീയതി അദ്ദേഹം തിരുവനന്തപുരം വിട്ടു. നാഗർകോവിലിലാണ് പിന്നീട് തങ്ങിയത്. മന്മഥനാഥഭട്ടാചാര്യയും കുടുംബവും കൂടെയുണ്ടായിരുന്നു. സാൾട്ട് കളക്ടറായി അവിടെ സേവനമനുഷ്ഠിച്ചിരുന്ന ഒരു രത്നസ്വാമി അയ്യരായിരുന്നു അവിടെ ആതിഥേയത്വം വഹിച്ചത്. 1892 ഡിസംബർ 24ന് സ്വാമി വിവേകാനന്ദൻ കന്യാകുമാരിയിലെത്തി. കന്യാകുമാരി ക്ഷേത്രത്തിൽ നിന്നും രണ്ടു ഫർലോംഗ് ദൂരെയായി തലയുയർത്തി നിന്നിരുന്ന പാറയിലേക്ക് അദ്ദേഹം നീന്തിക്കയറി. ഇൻഡ്യയുടെ പാദങ്ങളായ ഈ പാറകളിൽ മൂന്നു ദിവസം ഇരുന്നാലോചിച്ചും, പ്രാർത്ഥിച്ചും ആകാം സ്വാമിജി തന്റെ ഭാവിപരിപാടികൾ ആസൂത്രണം ചെയ്തത്. 27-ാം തീയതി രാവിലെയാവണം സ്വാമിജി തിരിച്ചു നീന്തി കരയിലെത്തിയത്. ആദ്ധ്യാത്മികതയുടെ പുനഃരുദ്ധാരണവും, പുനഃപ്രതിഷ്ഠയും കൊണ്ടു മാത്രമേ ഭാരതം ഉയർത്തെഴുന്നേല്ക്കൂ എന്ന് സ്വാമിജി മനസ്സിലാക്കിയത് ഈ പാറകളിലെ കഠിനമായ ഏകാന്ത തപസ്സിലൂടെയായിരിക്കണം. ****

# രാമായണമാസാചരണം കർക്കിടക മാസത്തിൽ



എം. നാരായണൻകുട്ടി മേനോൻ

**ക**ർക്കിടക മാസം രാമായണമാസമായി ആചരിക്കുന്നതിൻെറ കാരണങ്ങളെപ്പറ്റി പല ഭാഷ്യങ്ങളും പ്രചാരത്തിലുണ്ട്. അവയിൽ ചിലവ ആമുഖമായി ഉദ്ധരിച്ചുകൊള്ളുന്നു.

1. വാത്മീകി മഹർഷി രചിച്ച രാമായണകാവ്യം ആദ്യമായി ശ്രീരാമൻെറ രാജസദസ്സിൽ ലവകുശൻമാർ ആലാപനം ചെയ്തത് കർക്കിടകമാസത്തിൽ ആണത്രേ!

2. ദേവൻമാരുടെ പകൽ സമയമായ ഉത്തരായനം കഴിഞ്ഞ്, ദക്ഷിണായനം തുടങ്ങുന്ന സന്ധ്യാസമയമാണത്രേ കർക്കിടക മാസം. അതിനാൽ ഈ സമയം രാമായണ പാരായണത്തിന് ഉത്തമമാണല്ലോ.

3. സുഗ്രീവൻ പട്ടാഭിഷേകം കഴിഞ്ഞ് ശ്രീരാമൻ ചാതുർമാസ്യം ആചരിച്ചിരുന്ന സമയത്തിൽ കർക്കിടക മാസം ഉൾപ്പെടുമെന്നും ആ സമയത്ത് അദ്ദേഹം കേരളത്തിൽ ആയിരുന്നുവെന്നുമാണ് ഒരു ഭാഷ്യം.

4. കർക്കിടക മാസത്തിൽ അതിയായ മഴയും, സൂര്യപ്രകാശത്തിൻെറ കുറവും കാരണം പകർച്ചവ്യാധികളും പ്രകൃതിക്ഷോഭങ്ങളും കൂടുതൽ ആണല്ലോ. കൂടാതെ കൃഷിയെ പ്രധാനമായും ആശ്രയിച്ചിരുന്ന പഴയകാലത്ത് പട്ടിണിയും, മറ്റും കേരളത്തിൽ സർവ്വസാധാരണമായിരുന്നു. ഇത്തരം കെടുതികളുടെ ആഘാതത്തിൽ നിന്ന് മാനസികമായ ആശ്വാസം ലഭിക്കുന്നതിന് വേണ്ടി ശ്രീരാമകഥകൾ വായിക്കുകയും പാടുകയും സാധാരണമായിരുന്നു.

ഇപ്പോൾ നമ്മൾ പണ്ടെന്നെത്തേക്കാളും വ്യാപകമായി രാമായണമാസം ആചരിക്കുന്നുണ്ട്. എങ്കിലും രാമായണത്തിൻെറ അന്തഃസത്ത ഉൾക്കൊള്ളുന്നതിനേക്കാൾ, ആർഭാടങ്ങൾക്കും പ്രചരണങ്ങൾക്കും മറ്റുമാണോ പ്രാധാന്യം കൊടുക്കുന്നത് എന്ന് ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

രാമായണമാസം ആചരിക്കുന്നതിലൂടെ നാം നേടേണ്ടത്, ശ്രീരാമചന്ദ്രൻ സ്വന്തം ജീവിതത്തിൽ ചെയ്തു കാണിച്ച സദ്പ്രവർത്തികളിൽ ചിലതെങ്കിലും സ്വായത്തമാക്കുവാൻ ശീലിക്കുക എന്നതാണ്.

ആദർശ ധീരനായ പുത്രൻ, വാത്സല്യ നിധിയായ സഹോദരൻ, അജയ്യനായ ശത്രുസംഹാരകൻ,

ആശ്രിതരക്ഷകൻ, സ്നേഹം, ദയ മുതലായ മാനുഷീകമൂല്യങ്ങളുടേയും കർത്തവ്യ നിർവ്വഹണത്തിൻെറയും മൂർത്തീഭാവം, സർവ്വോപരി പ്രജാക്ഷേമതൽപരനായ രാജാവ് എന്നീ നിലകളിൽ എല്ലാം ശ്രീരാമൻ നമുക്ക് ഗുരുവും, മാർഗ്ഗദർശിയും ആകേണ്ടതാണ്. എന്തെല്ലാം ത്യാഗങ്ങൾ സഹിക്കേണ്ടി വന്നാലും സത്യത്തെ ജീവിതവൃത്തിയാക്കിയ ശ്രീരാമൻ എല്ലാവർക്കും, എല്ലാക്കാലത്തും മാതൃകയാകേണ്ടതാണ്.

കൈകേയിയോടുള്ള സംഭാഷണത്തിലും, ലക്ഷ്മണനോടും, ഭരതനോടുമുള്ള ഉപദേശങ്ങളിലും വിവരിച്ചിരിക്കുന്ന പിതൃപുത്രബന്ധം ആർക്കാണ് അനുകരണീയമല്ലാത്തത്. കൌസല്യയോട് വാത്സല്യപൂർവ്വം പാതിവ്രത്യനിഷ്ഠ ഭർത്തൃ കർമ്മാനുകരണമാണെന്ന് ബോധിപ്പിക്കുന്നതും സ്ത്രീകളോടുള്ള മനൊഭാവം നമുക്ക് കൊടുക്കണം.

"പുത്രീ, ഭഗിനി, സഹോദരഭാര്യയും
പുത്രകളത്രവും മാതാവുമേതുമേ
ഭേദമില്ലെന്നല്ലോ വേദവാക്യമത് ............"

എന്നുള്ള ഉപദേശവും എത്രമാത്രം അഗാധവും അനുകരണീയവുമാണ്. ഇതിനെപ്പറ്റിയുള്ള അജ്ഞാനം അഥവാ ഇതിൽ നിന്നുള്ള വ്യതിയാനം അല്ലേ ഇന്നു കാണുന്ന മിക്ക കുഴപ്പങ്ങൾക്കും കാരണം.

മനുഷ്യജീവിതം യഥാർത്ഥത്തിൽ എന്താണെന്നും, ഇത് കൊണ്ട് നേടേണ്ടത് എന്താണെന്നും, സ്വൽപം പോലും വിരസതയ്ക്ക് കാരണമാകാതെ, സന്ദർഭോചിതമായി വിവരിക്കുന്നത് അദ്ധ്യാത്മരാമായണത്തിൻെറ ഒരു പ്രത്യേകതയാണ്. ലക്ഷ്മണോപദേശം, ലക്ഷ്മണനും ഗുഹനുമായുള്ള സംഭാഷണത്തിൽ ''പൂർവ്വജൻമാർജ്ജിത കർമ്മമത്രെ ഭൂവി സർവ്വലോകർക്കും സുഖദുഃഖ" കാരണം എന്നു തുടങ്ങുന്ന വരികൾ എത്ര വായിച്ചാലും മതി വരാത്തവയല്ലെ?

ഇതിൻെറ മനനം ആർക്കാണ് മനഃശാന്തി നൽകാത്തത്? ഈ യാഥാർത്ഥ്യങ്ങൾ വ്യക്തികളുടെ മനസ്സിൽ പതിഞ്ഞാൽ ഇന്നുള്ള അനാവശ്യമായ മത്സരങ്ങൾക്കും, സംഘർഷാവസ്ഥക്കും ശാശ്വതപരിഹാരമാവുകയില്ലേ? തീർച്ചയായും ഉവ്വ്.

എന്തെല്ലാം സദ്ഗുണങ്ങളും, കഴിവുകളും ഉണ്ടായിരുന്നാലും വിനയം, സത്യസന്ധത, മറ്റുള്ളവരുടെ ഉത്ക്കർഷേച്ഛ ഇവയില്ലെങ്കിൽ ആപത്ത് വരും എന്നുള്ള സന്ദേശമല്ലെ ബാലി, രാവണൻ ഇവരുടെ പതനത്തിൽ നിന്നും നാം മനസ്സിലാക്കേണ്ടത്.

സത്യധർമ്മ പരിപാലനത്തിനുള്ള പ്രയത്നത്തിൽ സംഭവിക്കുവാനിടയുള്ള തടസ്സങ്ങൾക്കുള്ള പരിഹാരങ്ങൾ പ്രകൃതി (ലോകം മുഴുവൻ നിറഞ്ഞിരിക്കുന്ന ഈശ്വരശക്തി) തനിയെ തന്നുകൊള്ളുമെന്നല്ലേ ഹനുമാൻെറ സമുദ്രതരണം, മൈനാക പർവ്വതത്തിൻെറ അതിഥിസത്ക്കാരം, രാവണൻെറ ക്രൂരതയിൽ നിന്ന് ഹനുമാൻെറ രക്ഷ നേടൽ, ശ്രീരാമാദികളുടെ സേതുബന്ധനം, ലക്ഷ്മണൻെറ നാഗാസ്ത്ര മോചനം, ബ്രഹ്മാസ്ത്രമോചനം ഇവ സൂചിപ്പിക്കുന്നത്. ശ്രീരാമന് വാസസ്ഥാനമായി വാത്മീകി വിവരിക്കുന്ന ഭക്തൻെറ മാനസം നോക്കൂ! ഇതിൽ വിവരിക്കുന്ന ഗുണങ്ങളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ കാര്യങ്ങൾ ഹൃദിസ്ഥമാക്കി, ശ്രീരാമനെ നമ്മുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതിനും, തദ്വാരാ ഒരു ഉത്തമ പൌരനാകുവാനും നമുക്കും ശ്രമിച്ചു കൂടെ?

ഇതിനുള്ള ദൃഢപ്രതിജ്ഞ എടുത്ത് കൊണ്ട് നമുക്ക് ഇക്കൊല്ലത്തെ രാമായണമാസാചരണം ആരംഭിക്കണം.

# ശ്രീവിദ്യാധിരാജ മാഹാത്മ്യം

– ജി.വിജയകൃഷ്ണൻ

"എന്റെ അമേരിക്കയിലെ സഹോദരി സഹോദരന്മാരെ" എന്ന സംബോധനയിലൂടെ ചിക്കാഗോയിൽ വച്ചു പാശ്ചാത്യ ലോകത്ത് സനാതന ധർമ്മ ത്തിന്റെ കാഹളം മുഴക്കിയ സ്വാമി വിവേകാനന്ദൻ ബംഗാളിൽ നിന്നും ഈ എറണാകുളത്തു വന്ന പ്പോൾ ബൃഹദാരണ്യോപനി ഷത്തിലെ പ്രസക്തഭാഗം ഉദ്ധരിച്ച് ചിന്മയ മുദ്രയിൽ, വിരലുകൾ മുട്ടുമ്പോൾ ശിരസിലുണ്ടാകുന്ന ഉത്തേ ജനത്തിന്റെ ഫലമായി, ഹൃദയപത്മം വികസിക്കു മെന്ന് ആ യുഗപുരുഷനെ പഠിപ്പിച്ച ചട്ടമ്പിസ്വാമികൾക്ക് വിദ്യാധിരാജ നെന്ന വിശേഷനാമം എത്രയും അനു യോജ്യം തന്നെ. എന്നാൽ ആ മഹാ നുഭാവന്റെ ജന്മവും, അതിലൂടെ ഈ നാടിനു ലഭിച്ച പുണ്യവും, ഒന്നര നൂറ്റാണ്ടു കഴിഞ്ഞിട്ടും വേണ്ട വണ്ണം പ്രമേയാജനപ്പെടുത്തുവാൻ നമുക്കു കഴിഞ്ഞിട്ടില്ല എന്ന സത്യം പറയുക യാണ് ഈ കുറിപ്പിന്റെ ഉദ്ദേശം. ഈ പരമാർത്ഥം അരനൂറ്റാണ്ടു മുമ്പും പറഞ്ഞിട്ടുണ്ട് ഒരാൾ മറ്റാരുമല്ല, ശ്രീമാൻ മന്നത്തു പത്മനാഭൻ, ചട്ടമ്പി സ്വാമികളുടെ ശതാബ്ദി സ്മരണി കയിലെ തന്റെ ലേഖനത്തിൽ ഈ വൈകിയ വേളയിലെങ്കിലും കരയോഗ സൗഹൃദം കൊണ്ട് പ്രൗഢമായ ഒരു പുരോഗതി കൈരളിക്കു ലഭിക്കുവാൻ ശ്രീവിദ്യാധിരാജന്റെ മാഹാത്മ്യം അന്വേഷിക്കുവാനും അറിയുവാനും, പ്രചരിപ്പിക്കുവാനും, പ്രയോജന പ്പെടു ത്തുവാനും ഉള്ള ദൗത്യം ഫലപ്രദ മാവട്ടെ എന്ന് ആശംസിക്കുന്നു.

ഇന്ന് വിദ്യാധിരാജപ്രഭയുടെ പ്രസ രണ കേന്ദ്രം പന്മന ആശ്രമമാണ്. അദ്ദേഹത്തിന്റെ രചനകൾ സമ്പൂർണ്ണ കൃതികൾ എന്ന പേരിലും, ഓരോ ന്നായും അവിടെ ലഭ്യമാണ്. മഹ ത്തരമായ ആ രചനകളുടെ നാമങ്ങൾ ശ്രദ്ധിക്കുക:

1. പ്രാചീന മലയാളം, 2. വേദാധി കാരനിരൂപണം, 3. ആദിഭാഷ, 4. അദ്വൈതചിന്താപദ്ധതി, 5. ജനകാര്യ നിരൂപണം, 6. ചിദാകാശലയം, 7. അദ്വൈതപഞ്ജരം, 8. ക്രിസ്തുമതഛേദനം, 9. ക്രിസ്തുമതസാരം, 10. സർവ്വമതസാരസ്യം, 11. മനോനാശം, 12. ദേശനാമങ്ങൾ, 13. ശരീരതത്വസംഗ്രഹം, 14. പ്രപഞ്ചത്തിൽ സ്ത്രീപുരുഷന്മാർക്കുള്ള സ്ഥാനം, 15. തമിഴകം.

വിദ്യാധിരാജന്റെ രചനകൾ സവി ശേഷമായി വിജ്ഞാനപ്രദങ്ങളും തത്സമയം വിപ്ലവാത്മകങ്ങളുമാണ്. അവയുടെ വിപ്ലവാത്മകഭാവം ഉൾ ക്കൊള്ളാൻ നമുക്കു കഴിയാതെ പോയിട്ടുള്ളത്, ആചാരനുഷ്ഠാനങ്ങളോ ടുള്ള പ്രതിപത്തിയും, പൂജ്യ പൂജന ശീലവും, അലസതയും, മാറ്റത്തിനുള്ള വിമുഖതയും, ഒക്കെച്ചേർന്ന ഒരു പിന്തിരിപ്പൻ പ്രവണത കൊണ്ടാകാം. എന്നാൽ ആ മനോഭാവത്തിന്റെ യൊക്കെ പരിണിത ഫലം സുവ്യക്ത മായിരിക്കുന്ന ഈ വർത്തമാന കാലത്തിലെങ്കിലും ഒരു പുരോഗമന ചിന്ത ഉണ്ടാകേണ്ടതല്ലേ?

മലയാളികളുടെ ആത്മാഭിമാന ത്തിനും, സാംസ്കാരികമായ പുരോഗ തിയ്ക്കും, സഹായകമായ എല്ലാ പ്രവർ ത്തികളും ചെയ്യണമെന്ന് ആഗ്രഹിക്കു കയും, അതിനായി ആജീവനാന്തം യത്നിക്കുകയും ചെയ്ത അദ്ദേഹത്തെ മലയാളത്തിന്റെ പ്രതിനിധികൾ മറക്കാമോ? മലയാളത്തിന്റെ പ്രതി നിധികൾ ആരായിരിക്കണമെന്നറിയണ മെങ്കിൽ അദ്ദേഹത്തിന്റെ പ്രാചീന മലയാളം എന്ന കൃതി വായിക്കുക. അതിന്റെ സാരാംശം /ആസ്വാദനം ആരെങ്കിലും കരയോഗ സൗഹൃദത്തിൽ എഴുതുക. പുരാതന കേരളത്തെക്കുറിച്ച് യഥാർത്ഥമായി നാലാളറിയട്ടെ. വിദ്യാധിരാജന്റെ സനാതന ധർമ്മ സപര്യയുടെ പ്രാധാന്യം കേരളത്തിന് ബോധ്യമാവണമെങ്കിൽ ബോധപൂർവ്വ മായ പരിശ്രമങ്ങൾ കാലത്തിനനു സരിച്ചു നടത്തേണ്ടിയിരിക്കുന്നു. മനുഷ്യനിൽ സഹജമായിരിക്കുന്ന ഈശ്വരചൈതന്യത്തെ അറിഞ്ഞും, അനുഭവിച്ചും ജീവിക്കാനുള്ള പരി ശീലനം ഗൃഹസ്ഥന്മാർക്ക് ഭവന സന്ദർശനങ്ങളിലൂടെ നൽകുകയായി രുന്നു ജീവിതകാലമത്രയും അദ്ദേഹ ത്തിന്റെ പ്രധാന കർമ്മം. സ്വന്തം ഹൃദയത്തിൽ നിന്നും പ്രവഹിച്ച് എല്ലാ ജീവജാലങ്ങളിലും എത്തുന്ന അളവറ്റ സ്നേഹം എന്നത് ഈശ്വരചൈതന്യം തന്നെയാണെന്ന സനാതന ധർമ്മസത്യ ത്തിന്റെ കൈകാര്യങ്ങളിൽ, ലോകത്ത് സമഭാവനയും സമാധാനവും സാഹോ ദര്യവും കൊണ്ടു വരുന്നതെങ്ങനെ യെന്നാണ് അദ്ദേഹം ചമയങ്ങളില്ലാതെ, അടയാളങ്ങളില്ലാതെ, സമ്പാദ്യങ്ങളി ല്ലാതെ, ജീവിതാന്ത്യം വരെയും കാണിച്ചു തന്നത് എന്ന് തിരിച്ചറിയാൻ നമ്മൾ ഇനിയെങ്കിലും ശ്രമിക്കുക.

പറവൂർ കെ. ഗോപാലപിള്ള എഴുതിയ അദ്ദേഹത്തിന്റെ ജീവചരി ത്രവും, അദ്ദേഹത്തിന്റെ ജൻമശതാബ്ദി സ്മരണികയിലെ ലേഖനങ്ങളും, വായിക്കപ്പെടുകയും ചർച്ച ചെയ്യപ്പെ ടുകയും ചെയ്താൽ, ഏതൊരാൾക്കും മനസ്സിലാകും, കേരള നവോത്ഥാന ത്തിന്റെ നായകസ്ഥാനം തന്നെയാണ് അദ്ദേഹം വഹിച്ചിരുന്നതെന്ന്. **

## അഭിനന്ദനങ്ങൾ



കഴിഞ്ഞ വർഷത്തെ M.B.B.S പരീക്ഷയിൽ ഫസ്റ്റ്ക്ലാസ്സ് കരസ്ഥ മാക്കിയ കരയോഗാംഗമായ ശ്രീ. എ.ജി. ഹരിശങ്കറിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. ശ്രീ. ഹരിശങ്കർ എറണാകുളം കരയോഗത്തിന്റെ മുൻഭരണസമിതി അംഗവുമായ ശ്രീ. ഗിരിജാവല്ലഭ ന്റേയും ശ്രീമതി. ഗിരിജയുടേയും മകനാണ്.

# മഴക്കാല രോഗങ്ങൾ



ഡോ: കല്ല്യാണിമേനോൻ

**ഡെ**ങ്കിപ്പനി വൈറസ് കാരണം ഉണ്ടാവുന്ന രോഗമാണ് . പകൽ സമയത്ത് കടിക്കുന്ന എഡിസ് (Aedes) കൊതുകാണ് പനി പരത്തുന്നത്. രോഗിയുമായി അടുത്ത സമ്പർക്കത്തിൽ കൂടിയോ, വായുവിൽ കൂടിയോ പകരുകയില്ല.

90 ശതമാനത്തിൽ കൂടുതൽ രോഗികളിൽ ഡെങ്കിപ്പനി സ്വയം മാറുന്ന ഒരു സാധാരണ പനിയാണ്. പനി 3 മുതൽ 7 ദിവസം വരെ നിൽക്കാം. ചിലർക്ക് പനിമാറി 1-2 ദിവസം കഴിഞ്ഞാൽ വീണ്ടും 2-3 ദിവസത്തേയ്ക്ക് പനി വരാം. High risk group ൽ പെട്ടവരിൽ രോഗം കൂടുതൽ ശക്തി ആർജിക്കുന്നു.

ശക്തമായ പനി, കൈകാലുകൾ വേദന, തലവേദന, നടുവേദന (Break Bone Fever എന്നും ഈ പനിയ്ക്ക് പേരുണ്ട്.) തൊണ്ടവേദന, വയറുവേദന, തൊലിപ്പുറത്ത് പാടുകൾ, തിണർപ്പ്, കണ്ണു ചുമക്കുക, ക്ഷീണം എന്നിവയാണ് ലക്ഷണങ്ങൾ.

Platelets ന്റെ അളവു കുറഞ്ഞ്, രക്തസ്രവം ഉണ്ടാവുന്ന അവസ്ഥയാണ് Dengue haemorragic Fever (DHF) മൂക്ക് , മോണ, ആമാശയം,കുടൽ, തൊലിപ്പുറം എന്നിവടങ്ങളിൽ നിന്ന് bleeding ഉണ്ടാവുന്നു.

DSS (Dengue shock syndrme)എന്നവസ്ഥയിൽ വയറ്റിലും, ശ്വാസകോശത്തിലും Fluid കെട്ടുന്നു. (Pleural Effusion, Ascitis ) രോഗിയുടെ ബി.പി താണ്, അബോധാവസ്ഥയിലാകും.

**ചികിത്സ**

സാധാരണ പനിയ്ക്കെന്നപോലെ വിശ്രമവും, പോഷകഗുണവും ദഹിക്കാൻ എളുപ്പമുള്ളതുമായ ആഹാരപാനീയങ്ങൾ ആവശ്യമാണ്. പനിയും വേദനയും അധികമുണ്ടെങ്കിൽ Paracetamol കഴിയ്ക്കാം .Aspirin/NS Aids group ൽ പെട്ട മരുന്നുകൾ കഴിയ്ക്കരുത്. 3-ാം ദിവസം പനി മാറിയില്ലെങ്കിൽ രക്തം പരിശോധിയ്ക്കാം. Platelet count and PCV രോഗി DHF/DSS എന്നീ അവസ്ഥകളിലേയ്ക്ക് പോകുന്നുണ്ടോ എന്ന് മനസ്സിലാക്കാൻ വേണ്ടിയാണിത്. പ്രശ്നങ്ങൾ വരാവുന്നവർക്ക് രോഗിയെ നീരിക്ഷിക്കുവാനും രക്തത്തിൽ പരിശോധനകൾ Monitor ചെയ്യുവാനും hospital admision വേണ്ടി വരും. DHF/DSS എന്നിവ ഉണ്ടായാൽ ICU,Care, Blood(or) Blood componants, Platelets, Fresh Frozen Plasma (FFP) വേണ്ടിവരും.

**ചിക്കൻ ഗുനിയ**

ആഫ്രിക്കൻ ഭാഷയിൽ ചിക്കൻഗുനിയ എന്ന പദത്തിന്റെ അർത്ഥം That which bends up" എന്നാണ് . കൈകാൽ വേദനയും സന്ധിദേവനയും കാരണം രോഗി വളഞ്ഞൊടിയുന്ന അവസ്ഥയുടെ വിവരണമാണിത്.

രോഗകാരണം ഡെങ്കിപ്പനിയുടെ പോലെ വൈറസ്സും, പരത്തുന്നത് എഡിസ് കൊതുകും ആണ്.

രോഗലക്ഷണങ്ങൾഃ ശക്തമായ പനി, മേലുവേദന, തലവേദന, കൈകാൽ വേദന, സന്ധിവേദന, കണ്ണുകൾ ചുമക്കുക, കാലിൽ നീർ, തൊലിപ്പുറത്തു പാടുകൾ എന്നിവയാണ് . കുട്ടികളിലെ (children) ക്കാളും പ്രായമായവരിൽ ആണ് ഈ പനി കൂടുതൽ ശക്തമാവുന്നത്.

**ചികിത്സ**

Antiviral മരുന്നുകൾ

1. Rimantidine, Oseltamivir
2. പനിയ്ക്കുള്ള Supportive Management-Nutrition and Rest

പ്രതിരോധം

ഡെങ്കിപ്പനിക്കും ചിക്കൻഗുനിയയ്ക്കും പ്രതിരോധ കുത്തിവെയ്പ്പ് ഇല്ല.

കൊതുകു നിവാരണം, കൊതുകു കടിയിൽ നിന്ന് സംരക്ഷണം (Mosquito Nets, Screens repallants etc)

**ഇൻഫ്ളുവെൻസ**

കാരണക്കാർ

ഇൻഫ്ളുവെൻസ വൈറസ്സ് തുമ്മുമ്പോഴും, മൂക്കു ചീറ്റുമ്പോഴും പുറത്തു വരുന്ന Drop Lets ൽ കൂടിയാണ് പകരുന്നത്. (വായുവിൽ കൂടിയും, പ്രതലങ്ങളിൽ നിന്നും പകരാം. (Table tops,Door Handles, taps, knobs, phones etc.)

**ലക്ഷണങ്ങൾ**

പെട്ടെന്നുണ്ടാവുന്ന പനി , ജലദോഷം, തുമ്മൽ, മൂക്കൊലിപ്പ്, തലവേദന, മേലുവേദന, ക്ഷീണം, കുട്ടികൾക്ക് ചെവിവേദന, ശർദ്ദി മുതലായവ ഉണ്ടാവും. പനി 1 - 5 ദിവസം വരെ നിൽക്കാം. ചുമ മാറാൻ 2, 3 ആഴ്ച വരെ സമയമെടുക്കാം.

**$H_1 N_1$ പനി**

പന്നിപ്പനിക്കും കാരണക്കാരായ $H_1 N_1$ വൈറസ്സും, പക്ഷിപ്പനിക്ക് കാരണക്കാരരയ H5N1,H7N9 വൈറസ്സുകളും Mutate ചെയ്ത് മനുഷ്യനെ ആക്രമിക്കാൻ ഉള്ള കഴിവ് നേടുന്നു. ഇവ ഇൻഫ്ളുവെൻസ് ഗ്രൂപ്പിലെ വൈറസ്സുകളാണ്. പകരുന്നത് Drop lets വഴിയുമാണ്.

രോഗലക്ഷണങ്ങൾ കാണുന്നതിന് ഒരു ദിവസം മുമ്പ് മുതൽ, അതിനു ശേഷം 7-21 ദിവസം വരെ രോഗിയിൽ നിന്ന് അസുഖം പടരാം.

പനി , തുമ്മൽ, ജലദോഷം, ശ്വാസംമുട്ട് നെഞ്ചുവേദന എന്നിവയാണ് ലക്ഷണങ്ങൾ. High risk group ൽ ചുമയും ശ്വാസംമുട്ടും അധികമായി Respiratory Failure ലേയ്ക്ക് പോകുന്നു.

**ചികിത്സ**

Specific treatment for Flu and $H_1 N_1$ - Zanamvir Oseltamivir

High risk cases ന് മാത്രമേ ഇവ കൊടുക്കാറുള്ളു. വിശ്രമവും Supportive care വേണം. പനിയുള്ള രോഗികളേ 24-48

മണിക്കൂർ കഴിഞ്ഞ് വീണ്ടും Re Assess ചെയ്യണം. Risk Factors ഉണ്ടെങ്കിൽ Antiviral മരുന്നുകൾ കഴിക്കേണ്ടി വരും. ICU Care, respiratory support/Ventilator മുതലായവ വേണ്ടി വരും.

**പ്രതിരോധം**

1. Flu Vaccine/H1N1 Vaccine പ്രതിരോധ കുത്തിവയ്പ് ഉണ്ട്.
2. Personal Protection (a) പകർച്ച പനിയുള്ള കാലങ്ങളിൽ ജനത്തിരക്കുള്ള സ്ഥലങ്ങൾ ആവുന്നതും ഒഴിവാക്കണം. (cinema halls, malls, hospital Visits)

b) പനിയുള്ളപ്പോൾ ജോലിക്കു പോകാതെ വീട്ടിൽ വിശ്രമമെടുക്കണം.
c) തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും, തൂവാല ഉപയോഗിച്ച് വായയും മൂക്കും മറയ്ക്കണം.
d) സ്വന്തം കണ്ണ്, മൂക്ക്, വായ ആവുന്നതും തൊടാതിരിക്കുക.
e) കൈ കഴുകൽ സോപ്പ് /alcohol based hand washes പ്രത്യേകിച്ച് ഭക്ഷണത്തിന് മുമ്പ്, പൊതുസ്ഥലങ്ങളിൽ പോയി വരുമ്പോൾ
f) മറ്റുള്ളവരെ greet ചെയ്യുമ്പോൾ അടുത്ത് സമ്പർക്കം ഒഴിവാക്കുക. (ചുംബനം, കൈകൊടുക്കൽ, കെട്ടിപ്പിടിക്കൽ) കൈകൾ കൂപ്പി നമസ്തേ പറയുന്നതാണ് ഏറ്റവും സുരക്ഷിതമായി അഭിവാദന രീതി.

## HIGH RISK GROUPS

1. 1 വയസ്സിന് താഴെയുള്ള കുട്ടികൾ 65 വയസ്സിന് മേലെയുള്ളവർ
2. വേറെ രോഗങ്ങൾ ഉള്ളവർ വൃക്ക, കരൾ, ശ്വാസകോശരോഗങ്ങൾ,ഡയബറ്റീസ് etc
3. Steroids, ക്യാൻസർ കീമോ, മരുന്നുകൾ, Organ transplant കഴിഞ്ഞു മരുന്നുകഴിയ്ക്കുന്നവർ(ഈ മരുന്നുകൾ, പ്രതിരോധശക്തി കുറക്കുന്നു.)
4. ഗർഭിണികൾ, പ്രസവം കഴിഞ്ഞ് ആദ്യത്തെ 6 ആഴ്ച സമയം.
5. അധികം ശരീരഭാരം ഉള്ളവർ (BMI > 40)
6. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ ജീവിക്കുന്നവർ, Construction Camps, Refugee Camps, Slums, Workers Dormetories; Army Barracks.
7. ആസ്പത്രി ജീവനക്കാർ

---

# എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2013 ജൂൺ മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീ. എം.ജി.രാജഗോപാൽ,503, ഗോവിന്ദ് അപ്പാർട്ട്മെന്റ്സ്, കളത്തിൽപറമ്പ്റോഡ്, കൊച്ചി 16 | ₹ 19,075.00 |
| 2. | ശ്രീ. പി.ജയരാമൻ, 4എ, കട്ടിക്കാരൻ ടവ്വേഴ്സ്, പ്രോവിഡൻസ് റോഡ്, കച്ചേരിപ്പടി | ₹ 12,000.00 |
| 3 | ശ്രീമതി. ശോഭ ഗോപകുമാർ & മക്കളും, ശ്രീ.ഗോപകുമാറിന്റെ സ്മരണയ്ക്ക് | ₹ 10,000.00 |
| 4 | ശ്രീമതി. കെ.രാധ, ശ്രുതം, 36/1029, കാരിക്കാമുറി ക്രോസ്സ്റോഡ്, കൊച്ചി 11 | ₹ 10,000.00 |
| 5. | ശ്രീ. എം. കെ.എസ്.നായർ, 37/2515, കൊമരോത്ത് ലൈൻ, ആസാദ് റോഡ്, കലൂർ 17 | ₹ 5,000.00 |



ശ്രീ. കെ. കൃഷ്ണകുമാർ, 11 എ, ശാന്തി പ്രത്യൂഷ, പുല്ലേപ്പടി, ചിറ്റൂർ റോഡ്, കൊച്ചി 18, മകൾ ദേവികയുടെ വിവാഹത്തോടനുബന്ധിച്ച് എറണാകുളം കരയോഗം ചാരിറ്റി ഫണ്ടിലേയ്ക്ക് നൽകിയ 42,630.00 രൂപ കരയോഗം പ്രസിഡന്റ് കെ.പി.കെ. മേനോൻ സ്വീകരിക്കുന്നു. സമീപം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) സുധാകൃഷ്ണകുമാർ, രാധാ. പി., എം. രാജലക്ഷ്മി തുടങ്ങിയവർ

## എറണാകുളം കരയോഗം വിമൺസ് ഫോറം 2013 ജൂലൈ മാസത്തെ പരിപാടികൾ

| തീയ്യതി | സമയം | വിഷയം | മുഖ്യപ്രഭാഷകർ |
|---|---|---|---|
| 10.7.2013 | 4.00 pm | | പ്രൊഫ: സരള പണിക്കർ |
| 24.7. 2013 | 4.00 pm | പാചക ക്ലാസ്സ് | |

മേൽപ്പറഞ്ഞ ദിവസങ്ങളിൽ നാരായണീയ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്.
സമയം 3 മണി മുതൽ 4 മണി വരെ.

# ശ്രീനാരദമഹർഷി

(തുടർച്ച)

– വി.കെ.ശങ്കരൻകുട്ടി

**ഭാഗവത ധർമ്മം:**

ശ്രവണം കീർത്തനം മുതലായി പറഞ്ഞിട്ടുള്ള ഭക്തിസാധനകളെല്ലാം ഭാഗവത ധർമ്മങ്ങളിൽ പെടുന്നു. നാം മനസാവാചകായേന ചെയ്യുന്ന എല്ലാ പ്രവർത്തികളും നാരായണനായി സമർപ്പിക്കണം. മായ കൊണ്ടുള്ള ഈശ്വര വിസ്മൃതിയാണ് ഭയത്തിനും, ദുഃഖത്തിനും കാരണം. അത് ഇല്ലാതാക്കുവാൻ സങ്കല്പ, വികല്പാത്മകമായ മനസ്സിനെ നിയന്ത്രിക്കണം. അതിന് ഭഗവാന്റെ ജന്മ കർമ്മങ്ങളെ പറ്റി ധ്യാനിക്കുകയും, കീർത്തിക്കുകയും ചെയ്യണം. ചരാചരാത്മകമായ എന്തും ഭഗവാന്റെ ശരീരമാണ് എന്നറിഞ്ഞു കൊണ്ട് ഭക്തിയോടെ നമസ്കരിക്കണം. അച്ചുതന്റെ പാദാരവിന്ദങ്ങളെ ഭജിക്കുന്നവന് ഭക്തിയും, ജ്ഞാനവും, വൈരാഗ്യവും ഒന്നിച്ചുണ്ടാകും.

ഇടയ്ക്കിടെ നാരദ മുനിക്ക് ശാപം കിട്ടാറുണ്ടെങ്കിലും, പ്രതിശാപം ചെയ്വാൻ കഴിവ് ഉണ്ടായിരുന്നിട്ടും, മഹർഷി, അത് ചെയ്യാറില്ല. മറിച്ച്, എല്ലാ ശാപവും തന്റെ ലക്ഷ്യത്തിലേയ്ക്ക് എത്തുവാനുള്ള വരമായിട്ടാണ് അദ്ദേഹം ഉപയോഗപ്പെടുത്തിയത്. ശക്തി ഉണ്ടായിരുന്നാൽ പോലും പരന്മാർ ചെയ്യുന്ന നിന്ദാശാപാദികളെ യാതൊരുവൻ സഹിയ്ക്കുന്നുവൊ, അവനാണ് യഥാർത്ഥത്തിൽ സാധു എന്ന് ഭാഗവതം കാട്ടിത്തരുന്നു.

**നാരദമഹർഷിക്ക് ലഭിച്ച ശാപങ്ങളിൽ ചിലത്:**

1. സ്വപുത്രിമാർക്ക് ദുരുപദേശം ചെയ്തു എന്ന വിചാരത്തിൽ നാരദ മഹർഷിയെ ദക്ഷപ്രജാപതി ശപിക്കുന്നത്. ദക്ഷൻ പ്രജകളെ സൃഷ്ടിക്കുവാൻ വേണ്ടി ഹര്യശ്വന്മാർ എന്ന സുപ്രസിദ്ധന്മാരായ 10000 പുത്രൻമാരെ ജനിപ്പിച്ചു. ഈശ്വരാനുഗ്രഹം സമ്പാദിക്കുവാൻ വേണ്ടി തപസ്സിനായിക്കൊണ്ട്, സിന്ധുനദീ സമുദ്രത്തിൽ ചേരുന്ന നാരായണ സരസ്സെന്നു സുപ്രസിദ്ധമായ തീർത്ഥത്തിൽ സ്നാനപാനാദികൾ ചെയ്യുവാൻ അയച്ചു. ഉഗ്രതപസ്സിന്റെ ഫലമായി, അന്തകരണശുദ്ധി ലഭിച്ചപ്പോൾ, ശ്രീ നാരദമുനി ഭഗവത്പ്രേരിതനായി, അവിടെ എത്തിച്ചേർന്നു. മുനിയുടെ ഉപദേശത്തെ മനനം ചെയ്ത്, അവർ ഭക്തിമാർഗ്ഗത്തെ സ്വീകരിച്ചു. ഈ വിവരം നാരദമുനി തന്നെയാണ് ദക്ഷനെ അറിയിച്ചത്.

സത്പുത്രന്മാരുടെ വിരഹത്താൽ പരിതപിച്ച ദക്ഷൻ, പാഞ്ചജന്യമെന്ന് പേരായ പത്നിയിൽ ശബളാശ്വൻമാർ എന്ന പേരോടെ 1000 പുത്രന്മാരെ ജനിപ്പിച്ച്, തപസ്സുചെയ്യുവാനായി അയച്ചു. മുമ്പത്തെപ്പോലെ, നാരദോപദേശം നിമിത്തം ഈ പുത്രന്മാരും ഗ്രഹസ്ഥാശ്രമത്തെ ഉപേക്ഷിച്ചു.

ഇതറിഞ്ഞ ദക്ഷൻ ക്രോധിച്ച് മുനിയെ ശപിക്കുന്നു. കർമ്മ മാർഗ്ഗത്തിൽ തത്പരൻമാരും, സദാചാരത്തെ അനുഷ്ഠിക്കുന്നവരും, ഗ്രഹസ്ഥാശ്രമം അംഗീകരിച്ചവരും ആയ ഞങ്ങളുടെ പുത്രന്മാരുടെ ബുദ്ധിയെ, ആ മാർഗ്ഗത്തിൽ നിന്ന് ചലിപ്പിച്ചതായ അപരാധം സഹിക്കത്തക്കതല്ല. ഞങ്ങളുടെ സന്താനവല്ലിയെ മുറിച്ചുകളഞ്ഞതായ അമംഗള കർമ്മത്തിന്റേ ഫലം അങ്ങേയ്ക്ക് കിട്ടാതിരിക്കയില്ല. ഹേ മുനേ, ലോകത്തിൽ ചുറ്റിത്തിരിയുന്ന അങ്ങേയ്ക്ക് സ്ഥിരമായ വാസസ്ഥാനം ഭവിക്കയില്ല .

2. കാലപുത്രിയും ദുർഭഗയുമായ ജര, വരനെ തേടി നടന്ന് ആരേയും കിട്ടാഞ്ഞ് നാരദരെ വരിച്ചു. അദ്ദേഹം നിരസിച്ചു. അവൾ ശപിച്ചു. എന്റെ അപേക്ഷ നിരസിച്ച അങ്ങേയ്ക്ക് ഇരിക്ക പ്പൊറുതിയില്ലാതെ പോകട്ടെ . ഇരുവരുടെയും ശാപം ഒന്നു തന്നെയാകയാൽ നിത്യസഞ്ചാരിയായി, പരിവ്രാജകനായി. നാരദമഹർഷി കണ്ടുമുട്ടുന്ന വരെയെല്ലാം ഭക്തിമാർഗ്ഗം ഉപദോശിച്ച് മഹതി വീണയും ആയി ഇപ്പോഴും സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.

3. മഹാഭാരതത്തിൽ ശാന്തിപർവ്വം, നാരദപർവ്വതോപാഖ്യാനത്തിൽ ശ്രീകൃഷ്ണ ഭഗവാൻ യുധിഷ്ഠിരനോട് ഒരു കഥ പറയുന്നുണ്ട്: വിശ്വസമ്മതന്മാരായി രണ്ടു മുനിമാർ, വാനിൽ നിന്നും ഇറങ്ങി വന്നു. അമ്മാവൻ നാരദരും, ദാഗിനേയൻ പർവ്വതനും ആയിരുന്നു ഇവർ തപസ്വികളായ രണ്ടു പേരും മനുഷ്യഭോഗങ്ങൾ അനുഭവിച്ച് മുറയ്ക്ക് ചുറ്റി കറങ്ങി. പ്രീതിമാൻമാരും, മോദവാന്മാരുമായ ഇവർ തമ്മിൽ ഒരു കരാറുണ്ടായി. നല്ലതോ ചീത്തയോ ആകട്ടെ, മനസ്സിൽ ഉണ്ടാകുന്ന സങ്കല്പങ്ങളൊക്കെ തമ്മിൽ പറയണം പറഞ്ഞില്ലങ്കിൽ പിഴയാകുന്നത് ശാപമാണ്. ലോകപൂജിതരായ അവർ പരസ്പരം സമ്മതിച്ച്, ശൈത്യ സൂഞ്ജയ രാജാവിനെ ഒരു ദിവസം പോയി കണ്ടു. രാജാവ് ഇവരെ ബഹുമാനത്തോടെ സ്വീകരിച്ച് അവിടെ കുറെക്കാലം താമസിക്കുവാൻ അനുവദിച്ചു. വരവർണ്ണിനിയായ മകളെ രാജാവ് പിതൃദേവകളെപ്പോലെ ഈ വിപ്രരെ ശുശ്രൂഷിക്കാൻ ചുമതലപ്പെടുത്തി. രാജാവിന്റെ ഏക ഓമന മകളാണ് അവൾ. കണ്ടാൽ അവൾ അനവദ്യാംഗിയും, നല്ല ശീല സ്വഭാവ ഗുണങ്ങൾ ചേർന്നവളും ആണ്. അല്ലിത്താമര പോലെ കാന്തിമതിയാണ്. സുകുമാരാംഗിയായ കുമാരി. രാജാജ്ഞ പോലെ അവൾ അവരെ മാനിച്ചു പരിചരിച്ചു. അവളുടെ ഉപചാരത്താലും, അതുല്യമായ അഴകിനാലും, നാരദ മുനിക്ക് മനസ്സിൽ പെട്ടെന്ന് കാമദേവൻ വന്നു പെട്ടു. ആ മഹാത്മാവിന്റെ ഉള്ളിൽ മന്മഥൻ കുടികൊണ്ട് വളരുവാൻ തുടങ്ങി. വെളുത്ത പക്ഷത്തിൽ ചന്ദ്രൻ വളരുന്ന വിധം വളർന്നു.

ഭാഗിനേയനോട്, ലജ്ജമൂലം ഇക്കാര്യം പറഞ്ഞില്ല. അമ്മാവന്റെ തീവ്രമായ കാമം, തപസ്സാലും ഇംഗിതത്താലും പർവ്വതൻ അറിഞ്ഞു. അവ്യഗ്രനായി ഞാനുമൊത്ത് കരാർ ചെയ്തിട്ട്, നല്ലതോ ചീത്തയോ എന്ത് മനസ്സിൽ വന്നാലും, എല്ലാ സങ്കല്പവും പരസ്പരം പറയാമെന്നുള്ള കരാർ ഭഗവാൻ തെറ്റിച്ചിരിക്കുന്നു. ഹേ ബ്രഹ്മൻ, ഞാൻ അതു കൊണ്ട് ഭഗവാനെ ശപിക്കുന്നു. ബ്രഹ്മചാരിയും തപസ്വിയുമായ ഭഗവാന് ഇത് ചേർന്നതാണോ? സുകുമാരിയായ ഈ കന്യക ഭഗവാന്റെ ഭാര്യയാകും സംശയമില്ല. എന്നാൽ വേളി കഴിഞ്ഞ നാൾ മുതൽ രൂപം, മർക്കട രൂപമായിതീരട്ടെ. ശാപം കൊടുത്ത് പർവ്വതൻ ലോകമെങ്ങും ചുറ്റിത്തിരിഞ്ഞു. നാരദ മഹർഷി സൂഞ്ജയ കന്യകയെ ധർമ്മപ്രകാരം വിവാഹം ചെയ്തു. പാണിഗ്രഹമന്ത്രം

ജപിച്ച ഉടനെ മഹർഷി മർക്കട മുഖനായി തീർന്നു. മർക്കടമുഖനായി തീർന്നിട്ടും രാജകുമാരിക്ക് അദ്ദേഹ ത്തിൽ പ്രീതി വർദ്ധിക്കുകയാണ് ഉണ്ടായത്. അവൾ ഭർത്താവിനെ ഉപാസിച്ചു. അന്യപുരുഷനെ ചിന്തിച്ചില്ല.

പിന്നീടൊരിക്കൽ, ലോകം ചുറ്റി തിരിഞ്ഞ് പർവ്വതൻ ഒരു ശൂന്യമായ കാട്ടിൽ വന്നു ചേർന്നു. അവിടെ വെച്ച് ദേവമഹർഷിയെ കണ്ടുമുട്ടി. ശ്രീ നാരദമഹർഷിക്കു അദ്ദേഹം കൊടുത്ത ശാപം പിൻവലിച്ചു. അപ്പോൾ മഹർഷി ശ്രീമാനായി, ദേവാഭനായിത്തീർന്നു. ദേവാഭനും ശ്രീമാനുമായ മഹർഷിയെ കണ്ട്, പരപുരുഷനാണ് എന്ന് വിചാരിച്ച് ആ സുന്ദരി പാഞ്ഞോടികളഞ്ഞു. ഇത് കണ്ട് പർവ്വതൻ പറഞ്ഞു. ഇവൻ നിന്റെ ഭർത്താവാണ് അതിൽ നീ ശങ്കിക്കരുത്. ഏറ്റവും ധർമ്മശീലനായ നാരദമഹർഷിയാണ് ഇദ്ദേഹം. ഭഗവാനും പ്രഭുവുമാണദ്ദേഹം. നിന്റെ ഹൃദയം മാറരുത്. ഇതിൽ ശങ്കിക്കയു മരുത്. പർവ്വതൻ സ്വർഗ്ഗത്തേയും, നാരദമഹർഷി സ്വഗൃഹത്തേയും പ്രാപിച്ചു.

ഇതിഹാസ പുരാണങ്ങളിൽ, വ്യാപകമായി കാണപ്പെടുന്ന ഒരു പ്രധാന കഥാപാത്രമാണ് ശ്രീ നാരദമുനി. ഒരു എത്തി നോട്ടം:

**മഹാഭാരതം**

മഹാഭാരത വിവർത്തനത്തിന്റെ, 35-ാം വാല്യം ഉത്ഘാടനം ചെയ്ത യോഗത്തിൽ, ഇത് മലയാളികൾക്ക് സംഭാവന ചെയ്ത വിദ്വാൻ ശ്രീ. പ്രകാശം നടത്തിയ പരിശ്രമത്തെ പുകഴ്ത്തി കൊണ്ട്, ഒരു ക്രൈസ്തവ വൈദിക മേലധ്യക്ഷൻ ഇപ്രകാരം പറഞ്ഞു. മഹാഭാരതം, ഭാരത്തിന്റെ പൊതു സ്വത്താണ്. ക്രിസ്ത്യാനി എന്നൊ, ഹിന്ദുവെന്നൊ, മുസൽമാനെ ന്നൊ ഉള്ള വ്യത്യാസങ്ങൾ കൂടാതെ ഏതൊരു ഭാരതിയനും അവകാശ പ്പെടാവുന്ന സംസ്കാരിക സമ്പത്താണ് അത്. ഏവരും അത് വായിച്ചറിയുകയും അത് ഉൾക്കൊള്ളുന്ന സനാതന സത്യങ്ങൾ പഠിക്കുകയും, അത് നൽകുന്ന ധാർമ്മിക സന്ദേശങ്ങൾ ശ്രവിക്കയും ചെയ്യണം. ഈ മഹാ ഭാരതത്തിൽ ശ്രീ നാരദ മഹർഷിയെ പറ്റി പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്.

സർവ്വലോകർക്കും പ്രിയങ്കരനും എല്ലാ ജീവികളാലും പ്രശംസിക്കുന്ന വനും, എല്ലാ ഗുണങ്ങൾ തികഞ്ഞവനും ആയി ഈ മന്നിൽ ആരെങ്കിലും ഉണ്ടൊ എന്ന യുധിഷ്ഠിരന്റെ, ചോദ്യത്തിന്, ഭീഷ്മപിതാമഹൻ, ഉഗ്രസേനനും കൃഷ്ണനും തമ്മിലുണ്ടായ സംഭാ ഷണം ഉദ്ധരിച്ചു കൊണ്ട് പറയുന്ന മറുപടി ശ്രദ്ധിക്കുക:

"ജനങ്ങളൊക്കെ നാരദനെ പറ്റി കീർത്തിക്കുന്നു. അവർ ഗുണങ്ങൾ തികഞ്ഞവനാണെന്നാണ് എന്റെ അഭിപ്രായം. ചാരിത്രാഹങ്കരമെന്ന് പറയുന്നത് അവന്ന് ഇല്ല. ദേഹപാത നമില്ല. നല്ല വണ്ണം പഠിച്ചവനും, സകല ശാസ്ത്രങ്ങളും അറിഞ്ഞവനും, സ്വഭാവ ത്തിൽ നല്ലവനും, പരിശുദ്ധനും ആണ്. നാരദന് ചാപല്യമൊന്നുമില്ല. അരതി, ക്രോധം, ഭീതി എന്നിവയൊന്നുമില്ല, ദീർഘസൂത്രനല്ല, ശൂരനാണ് താനും. ഒരു വാക്ക് പറഞ്ഞാൽ അത് കാമലോഭങ്ങൾ മൂലം തെറ്റിക്കയില്ല അത് കൊണ്ടാണ് നാരദനെ എല്ലാവരും പൂജിക്കുന്നത്. അദ്ധ്യാത്മവിധി തത്ത്വ ങ്ങൾ അറിയുന്നവനാണ്, ക്ഷന്ത്രനാണ്, ജിതേന്ദ്രിയനാണ്, സത്യവാനാണ്, സത്യമേ പറയൂ. അതു കൊണ്ടാണ് നാരദൻ എങ്ങും ആരാധിക്കപ്പെടുന്നത്.

യശസ്സ്, തേജസ്സ്, ബുദ്ധി, ജ്ഞാനം, വിനയം, ഉത്ഭവം, തപസ്സ് എന്നിവ യാലെല്ലാം അദ്ദേഹം വൃദ്ധനാണ്. അതു കൊണ്ടാണ് അവൻ ആരാധിക്ക പ്പെടുന്നത്. അദ്ദേഹം സുശീലനും, സുഖ സംവേശനും, ആദരവോട് കൂടിയവനും, ശുചിയും, സുവാക്യനും ഈർഷ്യയില്ലാത്തവനും ആണ്. വലിയ പുണ്യകർമ്മങ്ങൾ ചെയ്യുന്നവനാണ്. അതു കൊണ്ട് അവനിൽ പാപം ഇല്ല. നരൻമാർക്ക് ആപത്ത് പറ്റുമ്പോൾ അവൻ ചിരിക്കയില്ല. സന്തോഷിക്കയില്ല. അതു കൊണ്ട് പൂജ്യനായി അദ്ദേഹം പ്രശോഭിക്കുന്നു."

വേദശ്രുതിയാലും, ആഖ്യാനങ്ങ ളാലും അർത്ഥത്തിന്റെ വിജയത്തെ ചിന്തിക്കുന്നവനാണ് നാരദൻ. തിതി ക്ഷുവാണ്. നിന്ദിക്കുക എന്നത് അദ്ദേഹ ത്തിനില്ല. മനസ്സിന് അനുകൂലമായതെ പറയൂ. ബഹുശ്രുതനും വാഗ്മിയും വിദ്വാനും ശാഠ്യമില്ലാത്തവനും, അലസ തയില്ലാത്തവനും ആണ്. ദൈന്യം, ലോഭം, ക്രോധം ഇവയില്ലാത്തവനാണ്. വിത്തം, കാമം ഇവയിൽ നാഥനായ ഇവന് ഒരു വൈരവും അവയോടില്ല. താമരയിലയിലെ ജലം പോലെ എല്ലാ ഐശ്വര്യവും തന്നിൽ നിൽക്കുന്നു. എന്നാൽ ഒന്നിനോടും സംഗമമേ ല്ക്കുന്നില്ല. എല്ലാ ദോഷങ്ങളും നീങ്ങി യവനാണ്. ഈർഷ്യയില്ലാത്തവനും, മൃദുവായിസംസാരിക്കുന്നവനും ആണ്. നിന്ദിക്കാതെ ലോകത്തിൽ പലരുടേയും ഹൃദയം മനസ്സിലാക്കും. സംസർഗ്ഗ ത്തിലും, വിദ്യയിലും, കുശലനാണ്. ഒരു ശാസ്ത്രത്തേയും നിന്ദിക്കില്ല ആത്മ നിയന്ത്രണത്തോടെ ജീവിക്കുന്നു. പ്രജ്ഞയോടെ പരിശ്രമം ചെയ്യുന്ന വനും, സമാധിയിൽ അലംഭാവമില്ലാ ത്തവനും, അപ്രമത്തനും, നിത്യയോ ഗിയും ആണ്. നാണം വിട്ട് അവൻ നന്മയ്ക്ക് വേണ്ടി അന്യൻമാർ പറഞ്ഞു വിട്ടാൽ അതും ചെയ്യും. അന്യരുടെ രഹസ്യം പുറത്തു വിടുകയില്ല.

അർത്ഥലാഭത്തിൽ ഹർഷിക്കയില്ല. ഒന്നും കിട്ടിയില്ലെങ്കിൽ ദുഃഖിക്കുക യുമില്ല. സ്ഥിര ബുദ്ധിയും, അനുക്താ ത്മാവുമാണ്. എല്ലാ ഗുണങ്ങൾ തിക ഞ്ഞവനും ശുദ്ധനും, ദക്ഷനും, ആമ യഹീനനും, കാലത്തിന്റെ പ്രായം അറിയുന്നവനുമായ നാരദനെ ആര് പ്രിയനായിക്കരുതുകയില്ല? (തുടരും)

**എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ സേവന കേന്ദ്രമായ ചൈത്രത്തിൻെറ പുതിയ നമ്പർ 0484 2361161.**

ചൈത്രം

**● മാനസികസംഘർഷമനുഭവിക്കുന്നവർ**

**● ഏകാന്തതയനുഭവിക്കുന്നവർ ● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ ● നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ**

**നേരിട്ടും ഫോണിലും ബന്ധപ്പെടാം: 0484-2361161**

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**

രാഗപരിചയം

# ഷണ്മുഖപ്രിയ



ഡോഃ ജയലക്ഷ്മി നന്ദകുമാർ

സുബ്രഹ്മണ്യഭഗവാന് ഏറേ പ്രിയമുള്ളതും ശ്രോതാക്കളെ ആകർഷിക്കുവാൻ പ്രത്യേക കഴിവും ഉള്ള ഒരു രാഗമാണ് ഷണ്മുഖപ്രിയ. 56-ാമത്തെ മേളകർത്താ രാഗമാണ് ഇത്. 72 മേളകർത്താപട്ടികയിൽ ആറു രാഗങ്ങളെ വീതം പന്ത്രണ്ടു ചക്രങ്ങളിലായി തിരിച്ചിരിക്കുന്നതിൽ, 100-മത്തെ ചക്രമായ "ദിശി"യിൽ 2-ാമത്തെ രാഗമാണ് ഷൺമുഖപ്രിയ. സംഗീതലിപി അനുസരിച്ച് ഈ രാഗം ദിശി-ശ്രീ എന്ന് അറിയപ്പെടുന്നു. ഷണ്മുഖപ്രിയ ഒരു പ്രതിമദ്ധ്യമ രാഗമാണ്.

ആരോ ഃ സരിഗമപധനിസ
അവ ഃ സനിധപമഗരിസ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതുഃശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, കൈശികി നിഷാദം.

ഏതു സമയത്തും ആലപിച്ചാൽ ശോഭിക്കുന്ന ഒരു സർവ്വകാലിക രാഗമാണിത്. ഭക്തി പ്രധാനമാണെങ്കിലും, കരുണ, ശൃംഗാരം, ഹാസ്യം, അത്ഭുതം തുടങ്ങിയ രസങ്ങൾ ഉളവാക്കുവാനും ഷണ്മുഖപ്രിയ രാഗത്തിനു സാധിക്കും. മൂന്നു സ്ഥായികളിലും (മന്ദ്ര-മദ്ധ്യ-താര സ്ഥായികൾ) ഒരു പോലെ മനോഹരമായ ഷണ്മുഖപ്രിയ, വിസ്തരിച്ചുള്ള രാഗാലാപനത്തിനും, നിരവൽ മനോധർമ്മ സ്വരത്തിനും വിശാലമായ സാദ്ധ്യത തരുന്നു. അതുകൊണ്ടു തന്നെ സംഗീതകച്ചേരികളിൽ മുഖ്യ രാഗമായി ഷൺമുഖപ്രിയ രാഗം തിരഞ്ഞെടുക്കപ്പെടുന്നു. ഗായകനും ആസ്വാദകർക്കും ഒരേ പോലെ ആനന്ദവും ഊർജ്ജവും പ്രദാനം ചെയ്യുന്ന ഒരു രാഗമാണ് ഇത്.

പാപനാശം ശിവൻ രചിച്ച, ശരവണഭവയെനും തിരു് മന്ദിരം , 'വിളയാട ഇത് നേരമാ' തുടങ്ങി അനേകം മുരുകനെ സ്തുതിച്ചു കൊണ്ടുള്ള കീർത്തനങ്ങൾ ഷണ്മുഖപ്രിയ രാഗത്തിലുണ്ട്. ത്രിമൂർത്തികളിൽ വെച്ച് മുത്തുസ്വാമി ദീക്ഷിതരാണ് ഷണ്മുഖപ്രിയ രാഗത്തിൽ കൂടുതൽ കൃതികൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ത്യാഗരാജ സ്വാമിയുടേതായി ഒരേയൊരു കൃതി മാത്രമേ ഈ രാഗത്തിൽ ഉള്ളതായി കാണുന്നുള്ളൂ. (വദ്ദനേ വാരു ആദിതാളം).

'ചാമരം' എന്ന പേരിലാണ് പ്രാചീനകാലത്ത് ഷണ്മുഖപ്രിയ അറിയപ്പെട്ടിരുന്നത്. മുത്തുസ്വാമി ദീക്ഷിതർ 'ചാമരം' എന്ന പേരു തന്റെ ഷണ്മുഖപ്രിയ രാഗത്തിലുള്ള കൃതികളുടെ ചരണത്തിൽ പരാമർശിച്ചിട്ടുള്ളതായി കാണാം. 'സിദ്ധിവിനായകം' എന്ന കൃതിയിൽ 'ഛത്ര ചാമര പരിവീജിതം' എന്നും 'മഹാസുരം കേതുമഹം' എന്ന നവഗ്രഹകൃതിയിൽ 'ഗുരുഗുഹ ചാമര ഭരണം' എന്നും അദ്ദേഹം രാഗത്തെകുറിച്ച് സൂചന തന്നിട്ടുണ്ട്.

**ഈ രാഗത്തിലുള്ള കൃതികൾ**

| | | | |
|---|---|---|---|
| 1. | സിദ്ധിവിനായകം | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 2. | മഹാസുരം കേതുമഹം | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 3. | വള്ളീനായക നിന്നേ | ആദി | മുത്തയ്യാ ഭാഗവതർ |
| 4. | മറിവേറെ ദിക്കെവരയ്യ | ആദി | പട്ടണം സുബ്രഹ്മണ്യ അയ്യർ |
| 5. | മാമവ കരുണയാ | ചാപ്പ് | സ്വാതിതിരുനാൾ |
| 6. | വദ്ദനേ വാരു | ആദി | ത്യാഗരാജസ്വാമി |

**ചില സിനിമാഗാനങ്ങൾ**

| | | | |
|---|---|---|---|
| 1. | സ്വപ്നങ്ങൾ സ്വപ്നങ്ങളേ<br>('ഇന്ദ്രനീലം കൊണ്ടു മാനത്തു തീർത്തൊരു' എന്ന ഭാഗം) | - | കാവ്യമേള |
| 2. | ശരവണപൊയ്കയിൽ | - | കുമാരസംഭവം |
| 3. | കാട്ടിലെ പാഴ്മുളം<br>('നിനക്കായ് സർവ്വവും ത്യജിച്ചൊരു ദാസൻ' എന്ന ഭാഗം) | - | വിലയ്ക്കു വാങ്ങിയ വീണ |
| 4. | ആദിയിൽ മത്സ്യമായ | - | ശ്രീ ഗുരുവായൂരപ്പൻ |
| 5. | ലീലാതിലം ചാർത്തി | - | പ്രശ്നം ഗുരുതരം |
| 6. | എത്ര പൂക്കാലമിനി | - | രാക്കുയിലിൻ രാഗസദസ്സിൽ |
| 7. | ഗോപികാ വസന്തം | - | ഹിസ് ഹൈനസ് അബ്ദുള്ള |
| 8. | ആനയ്ക്കെടുപ്പത് പൊന്നുണ്ടേ | - | ധനം |
| 9. | കൺഫ്യൂഷൻ തീർക്കണമേ | - | സമ്മർ ഇൻ ബെത്‌ലെഹേം |
| 10. | ചിങ്ങമാസം വന്നു ചേർന്നാൽ | - | മീശമാധവൻ |
| 11. | തകിട തധിമി തകിടതധിമി സന്താനാ | - | സാഗരസംഗമം |
| 12. | മറന്തിര്ന്ത് പാർക്കും | - | തില്ലാന മോഹനാംബാൾ |
| 13. | പഴം നീ അപ്പാ | - | നിരുവിളൈയാടൽ |
| 14. | മയിലേറും വടിവേലനെ | - | അവ്വയ്യാർ |
| 15. | കണ്ണനെ കണ്ടു സഖി | - | പൂച്ചയ്ക്കൊരു മൂക്കുത്തി. |

# അന്നം ഹി ഔഷധം



ഡോ. രമാദേവി. എസ്

**ആ**ഹാരം തന്നെയാണ് ഔഷധമാകുന്നത്. ആയുസ്സും, ബലവും, രോഗ പ്രതിരോധശേഷിയും, ശാരീരിക മാനസിക വളർച്ചയും, സന്തോഷവും പ്രദാനം ചെയ്യുന്ന വിധത്തിലുള്ള ആഹാരമാണ് ഔഷധമായി പ്രവർത്തിക്കുന്നത്. നാം ഉപയോഗിക്കുന്ന മരുന്നുകൾ രോഗിയായ ഒരാളുടെ ശരീരത്തിൽ എത്ര അളവിൽ വേണമോ എന്നതു പോലെ ആഹാരവും നമ്മുടെ പ്രായം, പ്രവർത്തന മേഖല, കാലാവസ്ഥ, ശാരീരികാവസ്ഥ എന്നിവയ്ക്കനുയോജ്യമായി സമയ നിഷ്ഠയോടു കൂടി ചിട്ടപ്പെടുത്തേണ്ടതാണ്.

ഭഗവത് ഗീതയിൽ പറയുന്നു ''അന്നാദ് ഭവന്തി ഭൂതാനി'' ......അന്നത്തിൽ നിന്നാണ് ഭൂതങ്ങൾ/ജീവികൾ ഉണ്ടാകുന്നത്. നാം കഴിക്കുന്ന ആഹാരമാണ് രക്തമായും, ശുക്ലമായുമെല്ലാം പരിണമിക്കുന്നത്. നമ്മുടെ വ്യക്തിത്വത്തെയും, സ്വഭാവത്തെയും, വീര്യഗുണങ്ങളെയുമെല്ലാം ആഹാരം എത്രമാത്രം സ്വാധീനിക്കുന്നു എന്ന് ഭഗവത്ഗീതയിൽ വിസ്തരിക്കുന്നുണ്ട്.

പഴം, പച്ചക്കറികൾ, ധാന്യങ്ങൾ തുടങ്ങി പോഷക പൂരിതങ്ങളായ സാത്വികാഹാരം ഹൃദ്യവും ആയുസ്സ്, അന്തഃകരണ ശക്തി, അരോഗത, സന്തോഷം, എന്നിവയെ പ്രദാനം ചെയ്യുന്നതുമാകുന്നു. സാത്വികാഹാര ശ്രദ്ധയോടു കൂടിയവർ ഗുണങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവരും, ശാന്തരുമാകുന്നു. അധികമായ എരി, പുളി, ഉപ്പ്, ചൂട്, തീക്ഷ്ണത ഇവ ചേർന്നവയും, നെയ്യ്(എണ്ണ), തീരെ ഇല്ലാത്തതും പുളിച്ചു തേട്ടലുണ്ടാകുന്നതുമായ ആഹാരം രാജസശ്രദ്ധയുള്ളവർക്ക് പ്രിയംകരമാകുന്നു. ഇത്തരം ഭക്ഷണം രോഗങ്ങളും, ദുഃഖങ്ങളും ഉണ്ടാകുന്നവയാകുന്നു. സ്വഭാവത്തിലും ഇവർ തീക്ഷ്ണത പ്രകടിപ്പിക്കുന്നു. പാകം ചെയ്തതിനു ശേഷം യാമം (3 മണിക്കൂർ) കഴിഞ്ഞതും, നാറ്റമുള്ളതും, രാത്രി കഴിഞ്ഞതും, എച്ചിലായതുമായ ആഹാരം തമോനിഷ്ഠർക്ക് പ്രിയപ്പെട്ടവയാകുന്നു. ഇത്തരക്കാർ അലസരും, കർമ്മശേഷി കുറഞ്ഞവരും, മന്ദബുദ്ധികളുമാകുന്നു. ആഹാരത്തോടൊപ്പം തന്നെ അതു പാകം ചെയ്യുന്നയാളുടെ മാനസികാവസ്ഥ, ചുറ്റുമുള്ള അന്തരീക്ഷം, ഭക്ഷണം വിളമ്പുമ്പോഴും, കഴിക്കുമ്പോഴുമുള്ള മനസ്സിന്റെ വ്യാപാരം ഇവയെല്ലാം തന്നെ. ശ്രദ്ധയർഹിക്കുന്നവയാണ്. മുലയൂട്ടുന്ന അമ്മമാരുടെ കൈകളിലാണ് കുഞ്ഞിന്റെ മാനസിക, ശാരീരിക ആരോഗ്യമിരിക്കുന്നത്. നല്ല ചിന്തകളോടും, സന്തോഷത്തോടും, ശ്രദ്ധയോടും കൊടുക്കുന്ന മുലപ്പാലിൽ കവിഞ്ഞൊരു ഔഷധവുമില്ല തന്നെ.

**രോഗാവസ്ഥകളിലെ ആഹാര ക്രമീരണം:**

ഒരു ദിവസം വേണ്ട ഊർജ്ജത്തിന്റെ പകുതിയിലധികവും അന്നജത്തിൽ നിന്നും (55%), 15% ത്തോളം പ്രോട്ടീനിൽ നിന്നും, 30 ശതമാനത്തോളം കൊഴുപ്പിൽ നിന്നുമാകണം. 1gram അന്നജത്തിൽ നിന്നും 4 kilo കലോറി ഊർജ്ജവും 1gram കൊഴുപ്പിൽ നിന്നും 9 kilo കലോറി ഊർജ്ജവും ലഭിക്കുന്നു. ഇന്ന് പൂരിത കൊഴുപ്പിന്റെ അമിതോപയോഗം മൂലം ശരീരഭാരം കൂടുകയും, ഹൃദ്രോഗങ്ങളിലേക്കും, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങി ജീവിത ശൈലി രോഗങ്ങളി (Life Style Diseases) ലേക്കു വഴി തെളിക്കുകയും ചെയ്യുന്നു. പഞ്ചസാര, തേൻ, ആൽക്കഹോൾ, തുടങ്ങിയവ ശരീരത്തിനു പ്രദാനം ചെയ്യുന്നതു ശൂന്യകലോറികൾ ആണ്. അതായത് പോഷകമൂല്യം ഒട്ടുമില്ലാതെ ലഭിക്കുന്ന ഊർജ്ജം. അതിനാൽ ഇവയുടെ ഉപയോഗവും, ഉഴുന്നുവട, പപ്പടം, ക്രീം കേക്കുകൾ, വറുത്തു പൊരിച്ചെടുക്കുന്ന ലഘു ഭക്ഷണങ്ങൾ ഇവയുടെ ഉപയോഗങ്ങളും കുറയ്ക്കുന്നതാണ് നല്ലത്.

മെഡിറ്ററേനിയൻ ഡയറ്റ് പഴം, പച്ചക്കറികൾ, ധാന്യം, കൊഴുപ്പ് കുറഞ്ഞതും, ഒമേഗ 3 ഫാറ്റി ആസിഡും, ആന്റി ഓക്സിഡന്റ്സും കൂടിയ അളവിലും അടങ്ങിയ ഭക്ഷണക്രമം ശീലമാക്കുന്നവരിൽ 70% ഹൃദ്രോഗ സാധ്യത മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണ്.

കരൾരോഗികൾ, ഹൈപ്പർടെൻഷൻഉള്ളവർ കൊഴുപ്പ് പൂർണ്ണമായി ഒഴിവാക്കി കൊണ്ട്, കലോറി കുറഞ്ഞ ഡയറ്റ് ശീലമാക്കുക.

എല്ലു സംബന്ധിയായ റിക്കെറ്റ്സ്, ഓസ്റ്റിയോ മലേഷ്യ മുതലായ രോഗങ്ങൾക്ക് കാൽസ്യം കൂടുതലായി ഉപയോഗിക്കാം. കുവരക്, കോളിഫ്ളവർ, ഇലക്കറികൾ, മുട്ടയുടെ മഞ്ഞ, പാലുല്പന്നങ്ങൾ, ശർക്കര തുടങ്ങിയവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക.

ഹൈപ്പർ ടെൻഷൻ, ഹൃദയത്തകരാറുകൾ, കിഡ്നി സംബന്ധിയായ രോഗങ്ങൾ ഉള്ളവർ സോഡിയം ഒഴിവാക്കി കൊണ്ടുള്ള ഡയറ്റ് ഉപയോഗിക്കുക.

യുറീമിയ, ഹൈപ്പാറ്റിക് കോമ തുടങ്ങിയ രോഗമുള്ളവർ മാംസ്യത്തിന്റെ അളവ് കുറയ്ക്കണം. കടുപ്പമേറിയ കട്ടൻ ചായ, കാപ്പി, കോള, ബിയർ, മദ്യം തുടങ്ങിയവയൊന്നും വൃക്കയിൽ കല്ലുള്ള രോഗികൾ കുടിക്കാൻ പാടില്ല. യൂറിക് ആസിഡ് സ്റ്റോൺ ഉള്ളവർ മത്തി, അയല, മൂട്ട, കരൾ, സൂപ്പ് തുടങ്ങിയവ ഒഴിവാക്കുക.

ഭാരക്കുറവ്, പനി, ഹൈപ്പർ തൈറോഡിസം തുടങ്ങിയവയ്ക്ക് കലോറി കൂടിയ ഭക്ഷണം ഉൾപ്പെടുത്തുക.

ഗർഭധാരണം, മുലയൂട്ടൽ, പെപ്റ്റിക്ക് അൾസർ, ക്ഷയം തുടങ്ങിയ അവസ്ഥകൾക്ക് ഉയർന്ന നിലയിൽ മാംസ്യം ലഭ്യമാകുന്ന ഭക്ഷണം കഴിക്കുക.

ആസ്തമരോഗികളിൽ ഒരാൾക്ക് അലർജി യുണ്ടാക്കുന്ന ഭക്ഷണം മറ്റൊരാൾക്ക് പ്രശ്നമുണ്ടാക്കുന്നില്ല. ഭക്ഷണത്തിലെ ചില പ്രോട്ടീനുകൾ ശരീരത്തിൽ അതിന്റേതായ ആന്റിബോഡികൾ ഉണ്ടാക്കുന്നു. പാൽ, മുട്ട, ഗോതമ്പ്, കപ്പലണ്ടി, സോയാബീൻ, കണവ, പ്രിസർവേറ്റീവ്സ്, കൃത്രിമ നിറങ്ങൾ, പഴം, പച്ചക്കറികൾ തുടങ്ങിയവ കേടു കൂടാതെ സൂക്ഷിക്കുന്ന സൾഫൈറ്റ് എന്ന രാസവസ്തു തുടങ്ങിയവ അലർജിയുണ്ടാക്കുന്നവയിൽ ചിലതാണ്.

പ്രമേഹ രോഗികളിൽ അരിയാഹാരം, ഗോതമ്പ്, ധാന്യം, പയറു പരിപ്പു വർഗ്ഗങ്ങൾ കുറഞ്ഞ അളവിൽ ഉപയോഗിക്കുക. ഉലുവ, അമരയ്ക്കസൂപ്പ് (വെള്ളത്തിൽ ലയിക്കുന്ന നാരുകൾ ഉണ്ട്) ആപ്പിൾ, ഓറഞ്ച്, പേരയ്ക്ക, പാളയംതോടൻ പഴം, പപ്പായ (ഒരു കഷ്ണം) ഇവയിലേതെങ്കിലും ഉപയോഗിക്കാം.

എണ്ണയുടെ ഉപയോഗം പരമാവധി കുറയ്ക്കുക.

അൽഷിമേഴ്സ് രോഗികളിൽ തലച്ചോറിലുള്ള ചില തടസ്സങ്ങൾ ഉണ്ടാകുന്നു. ന്യൂറോണുകളെ കാര്യക്ഷമമാക്കുവാൻ Vit B12, Folic acid അടങ്ങിയ ഭക്ഷണം ഉൾപ്പെടുത്തണം. നല്ല കൊളസ്ട്രോളും, ഫാറ്റി ആസിഡ്സും കുറഞ്ഞും, ഇൻസുലിന്റെ അളവ് കൂടിയും ആണ് ഇത്തരം രോഗികളിൽ കാണുന്നത്.

പഴം, പച്ചക്കറികളിലടങ്ങിയിരിക്കുന്ന വിറ്റാമിനുകൾ, ധാതുക്കൾ, നാരുകൾ തുടങ്ങിയവ ഓക്സിജനില്ലാത്ത റാഡിക്കൂകൾ ഉണ്ടാകുന്നത് തടയുന്നു. ബാക്റ്റീരിയ, വൈറസ്, തുടങ്ങിയവയുടെ പ്രവർത്തനത്തെ തടഞ്ഞു നിർത്തി രോഗപ്രതിരോധശേഷി കൂട്ടുന്നു.

ഹോമിയോപ്പതി ഡോക്ടറെ സംബന്ധിച്ച് രോഗിയുടെ ശാരീരിക, മാനസിക തലങ്ങളെ അപഗ്രഥിച്ചാണ് ഔഷധ നിർണ്ണയം നടത്തുന്നത്. ആഹാരത്തോടുള്ള രോഗിയുടെ ആഭിമുഖ്യം ഏതു തരത്തിലുള്ളതാണെന്നും, ഉപ്പ്, മധുരം, പുളി, കയ്പ്, എരിവ് തുടങ്ങിയ രസങ്ങളോടുള്ള താല്പര്യം അല്ലെങ്കിൽ ഇഷ്ടക്കുറവ് ഇവയും ഔഷധനിർണ്ണയത്തിനായി പരിഗണിക്കുന്നു. ഇത്തരം രസങ്ങളുടെ അമിതോപയോഗം കൊണ്ടോ, കാൽസ്യം, മെഗ്നീഷ്യം, സിലിക്ക, ഫോസ്ഫറസ് തുടങ്ങിയ ധാതുക്കളുടെ കുറവു കൊണ്ടോ ഉണ്ടാകുന്ന രോഗാവസ്ഥകളെയും (അസിഡിറ്റി, കുടൽ സംബന്ധിയായ വിഷമതകൾ, പോഷകാഹാരക്കുറവുകൊണ്ടുള്ള പ്രശ്നങ്ങൾ, എല്ല്, പല്ല് സംബന്ധിയായ ദ്രവിക്കൽ, തേയ്മാനം, ഉപാപചയ പ്രവർത്തന തകരാറുകൾ,) ജനിതക സംബന്ധിയായ വൈകല്യങ്ങൾ, പാരമ്പര്യ രോഗങ്ങൾ ഇവയ്ക്കും ഹോമിയോപ്പതി ശുശ്രൂഷ അവശ്യം ആവശ്യമാണ്. ***

# വിദ്യാർത്ഥികൾ



## വിദ്യാർത്ഥികൾക്ക് ഉപരിപഠനം ഉപേക്ഷിക്കാം

നമ്മുടെ നാട്ടിൽ കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന ലക്ഷോപലക്ഷം ജനങ്ങളാണുള്ളത്. ദശലക്ഷങ്ങൾ ദാരിദ്ര്യത്തിൽ വെന്തുരുകുന്നു. ഈ സാഹചര്യത്തിൽ സ്വന്തം മക്കൾക്ക് ചെലവേറിയ വിദ്യാഭ്യാസം നല്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതു തന്നെ പൈശാചികമാണ്. മാനസിക വികാസം കോളേജിന്റേയോ സ്കൂളിന്റേയോ സംഭാവനയാകണമെന്നില്ല. ഇതിന് നമ്മെ സഹായിക്കുന്നത് അനുഭവങ്ങളാണ്. ഉന്നത വിദ്യാഭ്യാസമെന്ന പേരിൽ ഇന്നു നിലവിലുള്ളതിന്റെ തിരസ്കാരത്തിലൂടെ നാം എത്തിച്ചേരുക യഥാർത്ഥത്തിൽ ഉന്നതവിദ്യാഭ്യാസമായ അനുഭവജ്ഞാനത്തിന്റെ ആദാന പ്രദാനത്തിനുള്ള വഴിയിലാണ്. ഇങ്ങനെ അനുഭവങ്ങളിലൂടെ പഠിക്കുകയെന്ന ചെലവില്ലാത്ത വിദ്യാഭ്യാസത്തിനും ഇന്ന് വഴിയുണ്ടോ? ഉണ്ടായാലും ഇല്ലെങ്കിലും ഇന്ന് നിലവിലുള്ള സാഹചര്യങ്ങൾക്കനുകൂലമല്ലാത്ത ഒന്ന് തനിക്കും വേണ്ടെന്നു വയ്ക്കലാണ് ഉത്തമകൃത്യം. ഈ ത്യാഗ മനസ്സ് പൊടുന്നനെ ആകാശത്തു നിന്നു നമ്മുടെ തലയിലേയ്ക്ക് പൊട്ടിവീഴാൻ പോകുന്നില്ല. സാവകാശം നാമത് നമ്മിൽതന്നെ ഉണ്ടാക്കിയെടുക്കേണ്ടതാണ്. പിന്നെ വേണ്ടത് ഈ മനഃസ്ഥിതിക്കനുയോജ്യമായ ഒരു ജീവിതചര്യയുടെ രൂപീകരണമുകുന്നു.

യങ്ഇന്ത്യ 24.6.1926


### എറണാകുളം കരയോഗം മെഡിക്കൽ സെന്റർ



**ഡോ. കെ.എസ്. പാർവ്വതി**
ബി.എച്ച്.എം.എസ്.



**ഡോ. എസ്. രമാദേവി**
ബി.എച്ച്.എം.എസ്



ഡോ. കല്ല്യാണിമേനോൻ

എന്നീ ഡോക്ടർമാരുടെ സേവനം **എല്ലാ ദിവസവും രാവിലെ 8.30 മുതൽ 6.30 വരെ.** ലഭിക്കുന്നതാണ്.

ഡോ. കല്ല്യാണിമേനോൻ എം.ബി.ബി.എസ്. ആന്റ് ഡി.ജി.ഒ. (General Practice & Gynaecology) തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം 4 മുതൽ 6 വരെ സൗജന്യ സേവനം നൽകുന്നു. എല്ലാ അംഗങ്ങളും ഈ സേവനം പ്രയോജനപ്പെടു ത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**0484-2361160 Ex. 27**


### എറണാകുളം കരയോഗം വിമൺസ് ഫോറം

